KOTTAYAM PUBLIC LIBRARY
Call No M.070 Acc. No 33507
Author
Title

33507

# പ്രാദേശികപത്രലേഖകന്മാക്ക്
# ഒരു ഗൈഡ്

NATIONAL BOOK STALL
SPCS LTD.
SR. KOTTAYAM

(Malayalam)

Praadesika Pathralekhakanmaarkku
Oru Guide

Journalism

**By E. N. GODAVARMA, M. A.**
Keraladhwani, Kottayam

070

First Published January 1968

Copies 1000

Printed at
New India Press, Kottayam

Price Rs. 1.50

Copyright
E. N. Godavarma

Published by the Author

Distributors:

NATIONAL BOOK STALL
Kottayam Kerala State India

# പ്രാദേശികപത്രലേഖകന്മാർക്ക് ഒരു ഗൈഡ്

33507

ഈ. എൻ. ഗോദവർമ്മ, എം. എ.

THE KOTTAYAM PUBLIC LIBRARY
KOTTAYAM.

വിതരണം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 1.50

S855 D48/67-68 1-1000

# അവതാരിക

പാശ്ചാത്യരാജ്യങ്ങളിൽ മാത്രമല്ല, കിഴക്കൻരാജ്യങ്ങളിൽ ജപ്പാനിലും പത്രപ്രവത്തനം വളരെയധികം പുരോഗമിച്ചിട്ടുണ്ട്. പ്രസ്തുത രാജ്യങ്ങളിലെ വത്തമാനപ്പത്രങ്ങളുടെ നിർമ്മാണപരമായ സാങ്കേതികവശങ്ങളോട്ട് തുലനം ചെയ്യുമ്പോൾ ഇന്ത്യയിലെ പത്രങ്ങൾ ഇന്നും ശൈശവാവസ്ഥയിലാണ് സ്ഥിതിചെയ്യുന്നതെന്നു കാണാം. കേരളവും ഇക്കാര്യത്തിൽ പിച്ചവച്ചു തുടങ്ങിയിട്ടേയുള്ളു.

ഏതായാലും പത്രപ്രവത്തനത്തിൻെറ കാലാനസൃതമായ വികാസസംപ്രാപ്തിക്കവേണ്ടിയുള്ള ഒരു പ്രബുദ്ധത ഇന്ത്യൻജനതയിൽ വളൎന്നുകൊണ്ടിരിക്കുന്നുവെന്നുള്ളതു് ശുഭോദക്മാണ്. അതിനു നിദാനമായിത്തീൎന്നിട്ടുള്ള ഇൻറർനാഷനൽ പ്രസ്സ് ഇൻസ്റ്റിട്യൂട്ടിൻെറ പ്രവത്തനം നമ്മുടെ കൃതജ്ഞത അർഹിക്കുന്നു.

വാൎത്തകളും ലേഖനങ്ങളും പരിശോധിച്ചു പ്രസിദ്ധീകരിക്കുന്നതിനു തയ്യാറാക്കുക, വാൎത്തകൾ യഥാതഥയോഗ്യം റിപ്പോർട്ടുചെയ്യുക ഇവരണ്ടും പത്രപ്രവർത്തനത്തിന്റെ മർമ്മപ്രധാനങ്ങളായ കാര്യങ്ങളാണു്. ചിലർ സ്വഭാവേനയുള്ള താല്പര്യംകൊണ്ടും മററുചിലർ കേവലം സാഹചര്യങ്ങളുടെ പ്രേരണകൊണ്ടും ഈ തൊഴിലിൽ ഏർപ്പെടാറുണ്ടു്. എന്നാൽ അതിനു വേണ്ട പ്രാവൃത്തികമായ പരിശീലനം ലഭിക്കുന്നതിനുള്ള സൗകൎയ്യങ്ങൾ വിരളമാണു് കേരളത്തിൽ. പത്രപ്രവൎത്തനത്തിന്റെ പ്രായോഗിക വശങ്ങളെപ്പററി പ്രതിപാദിക്കുന്ന പുസ്തകങ്ങളും ഇല്ലതന്നെ. അതിനാൽ ഈ വിഷയത്തിൽ തങ്ങൾക്കു് ഉണ്ടായിരിക്കേണ്ട പരിജ്ഞാനവും വ്യാവഹാരികമായ കാര്യക്ഷമതയും അവർക്കു പ്രായേണ ഉണ്ടായിരിക്കുകയില്ല. എന്റെ അറിവിൽപ്പെട്ടിടത്തോളം ഈ വിഷയംസംബന്ധിച്ചു് മലയാളത്തിൽ ഒരു പുസ്തകം ഇതിനുമുമ്പു് ഉണ്ടായിട്ടില്ലെന്നു തോന്നുന്നു. നമുക്കു കിട്ടാവുന്ന ഇംഗ്ലീഷ് പുസ്തകങ്ങൾതന്നെ അധികവും പത്രപ്രവൎത്തനത്തിന്റെ സിദ്ധാന്തപരമായ കാര്യങ്ങളെപ്പററി പ്രതിപാദിക്കുന്നവയാണു്.

പത്രപ്രവർത്തനത്തിൽ ദീർഘകാലത്തെ അനുഭവപരിചയവും അറിവും സിദ്ധിച്ചിട്ടുള്ള

ശ്രീ രാജായ്ക്ക് ഇന്ത്യയിലെ പ്രസ്സ് ഇൻസ്റ്റി
ട്യൂട്ട് സംഘടിപ്പിച്ച ഒരു സെമിനാറിൽ പങ്കെ
ടുക്കാനുള്ള സന്ദർഭം ലഭിച്ചിട്ടുണ്ട്. അങ്ങനെ
തനിക്കു ലഭിച്ചിട്ടുള്ള അനുഭവജ്ഞാനത്തിന്റെ
വെളിച്ചത്തിലാണ് അദ്ദേഹം ഈ ഗ്രന്ഥം
രചിച്ചിരിക്കുന്നത്

ഈ കൃതി പത്രപ്രവർത്തനത്തിലേർപ്പെടാ
നുദ്ദേശിക്കുന്നവരുടെ ഒരു ബാലപാഠമായി മാത്ര
മേ ഗ്രന്ഥകാരൻ ഉദ്ദേശിക്കുന്നുള്ളൂ. ശ്രീ രാജാ
യുടെ ചില നിർദ്ദേശങ്ങൾ പത്രാധിപന്മാരും
റിപ്പോർട്ടർമാരും കൈക്കൊള്ളുമെങ്കിൽ നിശ്ച
യമായും പല പത്രങ്ങളുടെയും നിലവാരം മെച്ച
പ്പെടുമെന്നുള്ളതിന് എനിക്കു സംശയമൊന്നു
മില്ല.

മലയാളപത്രങ്ങൾ പ്രാദേശികവാർത്തകൾ
ക്കും നാട്ടുകാര്യങ്ങൾക്കും കൂടുതൽ പ്രാമാണ്യം
നൽകിക്കൊണ്ടിരിക്കുകയാണല്ലോ. പ്രാദേശിക
വാർത്തകളാണ് പത്രാധിപന്മാർക്ക് ഇക്കാല
ത്തു കൂടുതൽ കൈകാര്യം ചെയ്യുവാനുള്ളതും.
അതിനാൽ തദ്വിഷയകമായ സാങ്കേതികജ്ഞാ
നം പത്രാധിപന്മാർക്കും റിപ്പോർട്ടന്മാർക്കും കൂ
ടുതൽ അത്യാവശ്യവുമായിത്തീർന്നിരിക്കുന്നു.

പത്രപ്രവർത്തനത്തിലെ 'കന്നി'ക്കാർക്ക് ഈ
ഗ്രന്ഥം വളരെയധികം പ്രയോജനപ്പെടുമെന്ന്

ഞാൻ വിശ്വസിക്കുന്നു. ഈ വിഷയത്തെസം
ബന്ധിച്ച് ഇദംപ്രഥമമായി എഴുതുന്ന പുസ്തക
മെന്ന നിലയിൽ ഗ്രന്ഥകാരൻ നമ്മുടെ അകമ
ഴിഞ്ഞ അഭിനന്ദനവും കൃതജ്ഞതയും അർഹി
ക്കുന്നു.

കെ. എം. മാത്യു
മാനേജിംഗ് എഡിറ്റർ
മലയാളമനോരമ

കോട്ടയം,
5-4-1967

# ഈ ഗ്രന്ഥത്തിൽ

സ്വാതന്ത്ര്യലബ്ധിയോടെ, ഭാരതത്തിലെ വർത്തമാനപ്പത്രരംഗത്തിനും സാരമായ പുരോഗതിയും, അഭിവൃദ്ധിയും കൈവന്നിട്ടുണ്ടു്. ഭരണഘടനയിൽ ഉറപ്പുനൽകിയിട്ടുള്ള അഭിപ്രായപ്രകടനസ്വാതന്ത്ര്യം സഫലമായി പ്രയോഗിക്കുന്നതിനുള്ള ഒരു ഉത്തമോപാധി വർത്തമാനപ്പത്രമാണു്. വിപുലമായ സ്വാതന്ത്ര്യങ്ങൾ സംഭാവന ചെയ്യുന്ന ജനാധിപത്യവ്യവസ്ഥിതിയുടെ കാവൽനായ്ക്കളും ഇവയല്ലാതെ മറ്റൊന്നുമല്ല.

ഇന്ത്യയ്ക്കു് സ്വയംഭരണം ലഭിക്കുന്നതിനുമുമ്പും, പിമ്പുമുള്ള പത്രലോകങ്ങൾതമ്മിൽ വളരെ വ്യത്യാസമുണ്ടു്. കഴിഞ്ഞ പതിനഞ്ചുവർഷത്തിനുള്ളിൽ ഒട്ടുവളരെ വർത്തമാനപ്പത്രങ്ങളും, വാരികകളും, മാസികകളും, മററു് ആനുകാലികപ്രസിദ്ധീകരണങ്ങളും ജന്മമെടുത്തിട്ടുണ്ടു്. ഒട്ടെല്ലാ പ്രാദേശികഭാഷകളിലും ഈ നവോത്ഥാനം ദൃശ്യമാണു്. കേരളത്തിൽ വർത്തമാനപ്പത്രങ്ങളുടേയും, മററു് ആനുകാലികപ്രസിദ്ധീകരണ

ങ്ങളുടേയും എണ്ണം താരതമ്യേന മററു സംസ്ഥാനങ്ങളുടേതിൽനിന്നു കൂടുതലാണു്. വമ്പിച്ച ജനസംഖ്യയും, ഉയർന്ന സാക്ഷരതാശതമാനവും ഉള്ള കേരളത്തിൽ ഇതു് സ്വാഭാവികം മാത്രമാണു്.

മററു ഭാഷകളിലെന്നപോലെതന്നെ മലയാളത്തിലെ പത്രങ്ങളിലും കഴിഞ്ഞ ഏതാനും വർഷമായി ഒരു പുതിയ പ്രവണത വളർന്നുവന്നിട്ടുണ്ടു്. അന്തർദ്ദേശീയമോ, ദേശീയമോ ആയി പ്രാധാന്യമുള്ള വാർത്തകൾക്കാണു് മുമ്പെല്ലാം പത്രങ്ങൾ പ്രാമാണ്യം നൽകിപ്പോന്നതു്. ഇപ്പോഴാകട്ടെ, പ്രാദേശികവാർത്തകൾക്കു്, വാർത്താപ്രപഞ്ചത്തിലുള്ള സ്ഥാനം പത്രങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞു. ജനങ്ങൾക്കു് അവരുടെ ഇടയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സംഭവങ്ങൾ അറിയാനുള്ള ആഗ്രഹം ശമിപ്പിക്കുന്നതിനുമാത്രമല്ല; പത്രത്തിന്റെ പ്രചാരം വർദ്ധിക്കുന്നതിനും, പ്രാദേശികവാർത്തകൾ ധാരാളമായി പ്രസിദ്ധീകരിക്കേണ്ടതു് ഒരാവശ്യമായിത്തീർന്നു.

രാജ്യത്തിനു് സ്വാതന്ത്ര്യം ലഭിക്കുകയും നാട്ടു് ഉണർന്നെഴുന്നേൽക്കുകയും ചെയ്തതോടെ പ്രാദേശികവാർത്തകളുടെ എണ്ണവും, പ്രാധാന്യവും പലമടങ്ങു് വർദ്ധിച്ചു. അതുകൊണ്ടുതന്നെ പ്രാദേശികലേഖകരുടെ പ്രാധാന്യവും ജോലിയും കൂടുകയും ചെയ്തു. ഗ്രാമങ്ങളും ഗ്രാമീണരും നിറഞ്ഞ ഇന്ത്യയെപ്പോലൊരു രാജ്യത്തു് പത്രം വായനയ്ക്കു് അർഹമാക്കുന്നതിൽ നല്ലൊരു പങ്കു വഹിക്കുന്നതു് ഈ പ്രാദേശികലേഖകരാണു്. മറെറാരു തരത്തിൽ പറഞ്ഞാൽ ഇന്നത്തെ ഭാഷാപത്രങ്ങളുടെ

നിലനില്പിൻെറയും വളർച്ചയുടേയും പ്രധാന അടിസ്ഥാനം, പ്രാദേശികലേഖകന്മാർവഴി ലഭിക്കുന്ന പ്രാദേശികവാത്തകളാണു്.

പ്രാദേശികവാത്തകൾക്കും, പ്രാദേശികലേഖകന്മാർക്കും ഉള്ള ഈ പ്രാധാന്യം അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിലും പത്രങ്ങൾ ഈ രംഗത്തു് വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടുണ്ടെന്നു് സമ്മതിക്കുവാൻ നിവൃത്തിയില്ല. പ്രാദേശികവാത്തകളുടെ റിപ്പോർട്ടിങ്ങ് ശാസ്ത്രീയമായ രീതിയിൽ സംഘടിപ്പിക്കേണ്ടതായി ഇനിയും അവശേഷിക്കുന്നു. (പ്രാദേശികവാത്തകളുടെ പ്രാധാന്യത്തെപ്പററിയും, ശാസ്ത്രീയമായ റിപ്പോർട്ടിങ്ങിനെപ്പററിയും 'ആധുനിക പത്രപ്രവത്തനം' എന്ന ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്നതു നോക്കുക.)

പ്രാദേശികവാർത്തകളുടെ റിപ്പോർട്ടിങ്ങ് ശാസ്ത്രീയമായ അടിസ്ഥാനത്തിലാകാതിരിക്കുന്നതിനു് കാരണങ്ങൾ പലതുണ്ടു്. കേരളത്തെസംബന്ധിച്ചിടത്തോളം പത്രങ്ങളുടെ പ്രാദേശികലേഖകന്മാരെല്ലാം അതതു പത്രങ്ങളുടെ സ്ഥലത്തെ ഏജൻറന്മാർക്കൂടിയാണു്. റിപ്പോർട്ടിങ്ങിൽ എന്തെങ്കിലും വാസനയുള്ളതുകൊണ്ടോ, പ്രത്യേകപരിശീലനം സിദ്ധിച്ചിട്ടുള്ളതുകൊണ്ടോ അല്ല അവർ വാത്തകൾ റിപ്പോർട്ടുചെയ്യുന്നതു്. പത്രവിൽപ്പനയാണു് അവരുടെ തൊഴിൽ. അതിൽനിന്നുകിട്ടുന്ന ആദായമാണു് ജീവിതമാർഗ്ഗം. അപ്പോൾ വരിക്കാർ വർദ്ധിക്കാൻ സഹായകമെന്നു് അവർ വിശ്വസിക്കുന്ന വാർത്തകൾ എഴുതി അയ

ക്കാൻ അവർ നിർബ്ബന്ധിതരാകുന്നു. വാർത്താമൂല്യമല്ല ഇവരുടെ റിപ്പോർട്ടിങ്ങിന്റെ മാനദണ്ഡം എന്നർത്ഥം.

മററുപല ബിസ്സിനസ്സുകളുടേയുംകൂട്ടത്തിൽ പത്ര ഏജൻസിക്കുടി എടുത്തു പ്രവർത്തനം നടത്തുന്നവരും ഉണ്ട്. സമുദായമദ്ധ്യത്തിൽ പ്രമാണിത്തം നേടുക, തന്റെ മററു ബിസിനസ്സുകൾക്ക് താങ്ങ് ഉണ്ടാക്കുക, തുടങ്ങിയ ലക്ഷ്യത്തോടെ പത്രഏജൻസി എടുത്തിട്ടുള്ളവരും ഇല്ലാതില്ല. ഇക്കൂട്ടർ പത്രത്തിന്റെ പ്രചാരം വർദ്ധിപ്പിക്കാനോ വാർത്തകൾ റിപ്പോർട്ടു ചെയ്യാനോ ബുദ്ധിമുട്ടാറില്ല. പ്രത്യക്ഷമായോ പരോക്ഷമായോ സ്വന്തം താല്പര്യങ്ങൾക്ക സഹായകമായ വാർത്തകൾ ഇക്കൂട്ടർ എഴുതി അയയ്ക്കുകയും ചെയ്യും.

പത്രങ്ങളുടെ ഏജൻറാകുകമൂലം സാഹചര്യത്തിന്റെ സമ്മർദ്ദംകൊണ്ട്, പത്രറിപ്പോർട്ടറന്മാരായവരിൽനിന്നു ശാസ്ത്രീയാടിസ്ഥാനത്തിൽ വാർത്തകളുടെ റിപ്പോർട്ടിങ്ങ് പ്രതീക്ഷിക്കുന്നതു് യുക്തമല്ല. എല്ലാ പ്രദേശങ്ങളിലും മുഴുവൻസമയവും ജോലിചെയ്യുന്ന റിപ്പോർട്ടറന്മാരെ നിയമിക്കേണ്ട ആവശ്യവുമില്ല. മാത്രമല്ല കേരളത്തിലെ ചെറുകിട പത്രങ്ങൾക്ക് സാമ്പത്തികമായി അതു സാദ്ധ്യവുമല്ല.

ഈ വസ്തുതകളെല്ലാം കണക്കിലെടുക്കുമ്പോൾ, പ്രാദേശികവാർത്തകളുടെ റിപ്പോർട്ടിങ്ങ് മെച്ചപ്പെടുത്താനും പുഷ്ടിപ്പെടുത്താനും സ്വീകാര്യമായ ഒരു മാർഗ്ഗമേയുള്ളു. അതു് ഇപ്പോഴുള്ള പാർട്ട്ടൈം ലേഖകന്മാർക്ക് ആവശ്യമായ പരിശീലനം ലഭ്യമാക്കുക എന്നതാണു്.

വർത്തമാനപ്പത്രങ്ങളുടെ ലേഖകന്മാർക്ക് ശാസ്ത്രീയമായ റിപ്പോർട്ടിങ്ങിൽ പരിശീലനം നൽകുന്നതിന് ഇതുവരെയും യാതൊരുശ്രമവും കേരളത്തിൽ നടന്നിട്ടില്ല. റിപ്പോർട്ടറന്മാർ അയയ്ക്കുന്ന വാർത്തകൾ വെട്ടിത്തിരുത്തി ആവശ്യമായ ഭേദഗതി വരുത്തി പ്രസിദ്ധീകരിക്കുകയാണ് പത്രാധിപന്മാർ ചെയ്തു വരുന്നതു്. പത്രാധിപന്മാക്ക് ബുദ്ധിമുട്ടും സമയനഷ്ടവും ഉണ്ടാക്കുന്ന ഈ രീതിയാണ് എല്ലാ പത്രമാഫീസുകളിലും ഇപ്പോൾ നിലവിലുള്ളതു്.

പത്രങ്ങളും അവയുടെ പ്രചാരവും വർദ്ധിക്കുകയും തദനുസരണം റിപ്പോർട്ടറന്മാരുടെ എണ്ണം കൂടുകയും ചെയ്തപ്പോൾ ദിവസംതോറും അനേകം ഏജൻറന്മാർ അയയ്ക്കുന്ന വാർത്തകൾ വെട്ടിത്തിരുത്തുകയൊ വീണ്ടും എഴുതുകയൊ ചെയ്യുന്ന ജോലി സബ് എഡിററന്മാർക്ക് ശ്രമകരമായിത്തീർന്നിട്ടുണ്ടു്. (സബ് എഡിററന്മാരുടെ ജോലിയെപ്പററി ആധുനിക പത്രപ്രവർത്തനം എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്.)

റിപ്പോർട്ടിങ്ങിൽ ലേഖകന്മാർക്കുള്ള പരിജ്ഞാനക്കുറവുമൂലം ഉണ്ടാകുന്ന വിഷമതകളും, ആവശ്യമായ പരിശീലനം അവർക്കു നൽകുന്നപക്ഷം കിട്ടാവുന്ന ഗുണങ്ങളും പത്രപ്രവർത്തനരംഗത്തെ ദീർഘകാലാനുഭവങ്ങൾകൊണ്ടു് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. പത്രപ്രവർത്തന മണ്ഡലത്തിൽ പ്രവർത്തിക്കുന്നവർക്ക് പ്രത്യേകിച്ചും ആ രംഗത്തേയ്ക്കു കടന്നുവരുന്നവർക്ക് സഹായകമായ ഒരു ഗ്രന്ഥം ഉണ്ടാകുന്നതു് പ്രയോജ

നകരമായിരിക്കുമെന്നു തോന്നി. 'ഇൻറർ നാഷണൽ പ്രസ്സ് ഇൻസ്റ്റിട്യൂട്ട്' സംഘടിപ്പിച്ച സെമിനാറിൽ നിന്നു ലഭിച്ച മാർഗ്ഗനിർദ്ദേശവും കേരളത്തിലെ സീനിയർ പത്രപ്രവർത്തകരിൽനിന്നു് കാലാകാലങ്ങളിൽ കിട്ടിയിട്ടുള്ള ഉപദേശവും ഈ ഗ്രന്ഥരചനയ്ക്കു് എന്നെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഈ സാഹചര്യത്തിലാണു് ഞാൻ ഈ ഗ്രന്ഥം രചിച്ചതു്.

സബ്എഡിററുടെ ദുർവഹമായ ജോലി ലഘൂകരിക്കുന്നതിനും സ്വയം സമർത്ഥമായി വാർത്തകൾ റിപ്പോർട്ടുചെയ്യുവാൻ പ്രാദേശികലേഖകർക്ക് പരിചയം നൽകുന്നതിനും ആവശ്യമായ പ്രായോഗിക നിർദ്ദേശങ്ങളാണു് ഈ ലഘുഗ്രന്ഥത്തിലുള്ളതു്.

ഇ. എൻ. ഗോദവർമ്മ

കോട്ടയം

# വിവാഹ
# റിപ്പോർട്ടുകൾ

മലയാളപത്രങ്ങളിൽ ഒരു പ്രധാന വാർത്താപംക്തിയായിത്തീർന്നിട്ടുണ്ട് വിവാഹങ്ങൾ. സാമൂഹ്യ ജീവിതത്തിൽ വിവാഹത്തിനു് നാം കല്പിച്ചിട്ടുള്ള സ്ഥാനത്തെയാണു് അതു കാണിക്കുന്നതു്.

വിവാഹം എന്നുപറയുമ്പോൾ, ആരു തമ്മിലാണു് എന്ന ചിന്തയാണു് ആദ്യം ഉദിക്കുക. അതു കഴിഞ്ഞിട്ടാണു് എന്നു്, എവിടെവച്ചു നടന്നു എന്ന കാര്യം ഉത്ഭവിക്കുന്നതു്. ഒരു വിവാഹവാർത്തയെ സംബന്ധിച്ചിടത്തോളം ഇത്രയും അത്യാവശ്യം വേണ്ട വസ്തുതകളാണു്. ഇതിനുപുറമേ നാം ചേർക്കുന്ന വിവരങ്ങൾ വിശദാംശങ്ങളാണു്. വിവാഹിതരാകുന്നവരുടെ സ്ഥാനമനുസരിച്ചു് ആ വിശദാംശങ്ങൾ കൂട്ടുകയൊ കുറയ്ക്കുകയൊ ചെയ്യാം.

'വേളൂർ മേപ്പുറമ്പിൽ ശ്രീ മത്തായിയുടെ പുത്രൻ ശ്രീ എം. എം. തോമസ്സും, മണർകാട്ടു് കുളങ്ങര വീട്ടിൽ ശ്രീ കൊച്ചുവർക്കിയുടെ പുത്രി ശ്രീമതി ത്രേസ്യയും തമ്മിലുള്ള വിവാഹം ഈ മാസം 14-ാം തിയതി വടകരപള്ളിയിൽവച്ചു് സമംഗളം നടന്നിരിക്കുന്നു.,

സാധാരണഗതിയിൽ ഒരു വിവാഹവാർത്തയ്ക്കു് ഇത്രയും മതിയാകുന്നതാണു്. വേണമെങ്കിൽ ആരു

ടെ കാർമ്മികത്വത്തിലാണ് നടന്നതു് എന്നുകൂടി ചേർക്കാം.

'മുട്ടച്ചിറ മാങ്കുഴി വീട്ടിൽ ഗോപാലൻനായരുടെ മകളും, ശ്രീ മാധവൻ നായരുടെ സഹോദരിയുമായ ശ്രീമതി കൊച്ചുകുട്ടിഅമ്മയും. ചെറിയവിളാകം വീട്ടിൽ രാമകൃഷ്ണപിള്ളയുടെ പുത്രനും ശ്രീമതി ഭാഗ്യവിയമ്മയുടെ അനന്തിരവനും ആയ ശ്രീ കരുണാകരൻനായരുംതമ്മിലുള്ള വിവാഹം തുലാമാസം 22-ാം തിയതി 3 നാഴിക പുലർച്ചയ്ക്കുമേൽ 5 നാഴിക പുലർച്ചയ്ക്കകമുള്ള വൃശ്ചികംരാശി ശുഭമുഹൂർത്തത്തിൽ വധൂഗൃഹമായ മാങ്കുഴിവീട്ടിൽവച്ചു് ബന്ധുമിത്രാദികളുടേയും മററും സാന്നിദ്ധ്യത്തിൽ സമംഗളം നടന്നിരിക്കുന്നു.'

ഈ വിവാഹറിപ്പോർട്ടു് ആവശ്യമില്ലാത്ത വിവരങ്ങളും ഒരു പത്രവാർത്തയെ സംബന്ധിച്ചിടത്തോളം പ്രാധാന്യമില്ലാത്ത കാര്യങ്ങളും കുത്തിത്തിരുകി സ്ഥൂലമാക്കിയിരിക്കയാണു്.

പത്രസ്ഥലം പരിമിതമാണെന്ന ബോധത്തോടെ ആവശ്യമുള്ള എല്ലാ വിവരങ്ങളും ചുരുക്കി നൽകുന്നതിലാണ് റിപ്പോർട്ടറുടെ വിജയം മേലുദ്ധരിച്ച റിപ്പോർട്ടിൽ വരൻ ആരുടെ പുത്രനാണെന്നും, വധു ആരുടെ പുത്രിയാണെന്നും പറഞ്ഞാൽ മതിയാകുന്നതാണ്. ആരുടെ സഹോദരിയും, ആരുടെ അനന്തിരവനും ആണെന്നുള്ള വസ്തുത വലിയൊരാവശ്യമല്ല. അതുപോലെതന്നെ, ഒരു വിവാഹക്ഷണക്കത്തിൽ മുഹൂർത്തം എപ്പോഴാണെന്ന് സൂക്ഷ്മമായി പ്രസ്താവിക്കേ

ണ്ടതാണ്. പക്ഷെ പത്രങ്ങളിലെ വിവാഹവാർത്താറിപ്പോർട്ടിൽ അതു് അധികപ്പററാണ്; അനാവശ്യവുമാണ്. വിവാഹത്തിൽ ബന്ധുമിത്രാദികൾ സംബന്ധിച്ചു എന്നതുപോലും ഒരാവശ്യമല്ല. കാരണം വിവാഹങ്ങളിൽ ബന്ധുമിത്രാദികൾ സംബന്ധിക്കുക സ്വാഭാവികംമാത്രമാണ്.

'മാണിക്കുന്നത്തു മാധവൻനായരുടെപുത്രൻ മധുസൂദനനും നാലമ്പലത്തു് നാരായണപ്പണിക്കരുടെ പുത്രി നളിനാക്ഷിയും തമ്മിലുള്ള വിവാഹം ഇക്കഴിഞ്ഞ വെള്ളിയാഴ്ച വധൂഗൃഹത്തിൽവച്ചു സമംഗളം നടന്നിരിക്കുന്നു.

പ്രസ്തുതവിവാഹത്തിൽ റിട്ടയേർഡ് തഹസീൽദാർ പങ്കജാക്ഷൻപിള്ള, സ്ഥലം ബി.എസ് എസ്. കൺവീനർ ശ്രീ ഇട്ടൂപ്പ്, 614-ാംനമ്പർ കരയോഗം പ്രവർത്തകർ, സ്ഥലം പബ്ലിക്‌ലൈബ്രറി ഭാരവാഹികൾ, മററു സുഹൃത്തുക്കൾ എന്നിവരും സന്നിഹിതരായിരുന്നു'

ഈ വിവാഹവാർത്തയിൽ, വിവാഹത്തിൽ സംബന്ധിച്ചിരുന്നവരുടെ ലിസ്റ്റ് ആവശ്യമുള്ളതായി പത്രാധിപർക്കു തോന്നുകയില്ല. റിപ്പോർട്ടർക്കും വധൂവരന്മാരുടെ വീട്ടുകാർക്കും അവരോടു് എത്രതന്നെ ബഹുമാനാദരവുകളുണ്ടെങ്കിലും ഒരു വിവാഹാടിയന്തിരത്തിൽ ഇവർ സംബന്ധിക്കുക എന്നതു് പത്രത്തെയും പത്രവായനക്കാരെയും സംബന്ധിച്ചിടത്തോളം പ്രാധാന്യമുള്ള കാര്യമല്ല, നാട്ടിൽ പൊതുവെ പേരും പ്രശസ്തിയുമുള്ള വ്യക്തികൾ സംബന്ധിക്കുമ്പോൾ

മാത്രമെ അതിന് എന്തെങ്കിലും പ്രാധാന്യമുള്ളതായി കണക്കാക്കേണ്ടതായുള്ളു. ഒരു വിവാഹത്തിൽ ഒരു മന്ത്രി സംബന്ധിക്കുന്നതു് വാർത്തയാണെങ്കിലും ഒരു മന്ത്രിയുടെ സാന്നിദ്ധ്യം വലിയ വാർത്താപ്രാധാന്യമുള്ള സംഭവമല്ല.

'മത്തുമല, ചെറുവള്ളി ഇല്ലത്തു് നാരായണൻ നമ്പൂതിരിയും, തുരുത്തിക്കാട്ട മഠത്തിൽ ഗോപാലൻ നമ്പൂതിരിയുടെ പുത്രി ഉമാദേവിയും തമ്മിലുള്ള വിവാഹം ഗുരുവായൂർ ക്ഷേത്രസന്നിധിയിൽവച്ചു് തുലാം 6-ാംതീയതി രാവിലെ 9.15-നും 10.30-നും ഇടയ്ക്കുള്ള ശുഭമുഹൂർത്തത്തിൽ ബന്ധുമിത്രാദികളുടെ സാന്നിദ്ധ്യത്തിൽ നടന്നിരിക്കുന്നു.,

ഈ വിവാഹവാർത്തയിൽ മുഹൂർത്തം ആവശ്യമില്ല. ക്ഷേത്രങ്ങളിൽവച്ചു നടക്കുന്ന വിവാഹങ്ങൾ മുഹൂർത്തം നോക്കിയല്ല നടത്തുന്നതു്. ഇവിടേയും ബന്ധുമിത്രാദികളെ സംബന്ധിച്ച പരാമർശം കൂടിയേ കഴിയൂ എന്നില്ല.

പ്രമാണികളായവരെ സംബന്ധിച്ച വിവാഹവാർത്തയിൽ, ചില വിവരങ്ങൾ കൂടുതലായി നൽകേണ്ടിവരും. "വിവാഹത്തിലും വിവാഹാനന്തരം വധൂഗൃഹത്തിൽവച്ചു നടത്തപ്പെട്ട ചായസൽക്കാരത്തിലും നിരവധി പ്രശസ്തവ്യക്തികൾ സംബന്ധിക്കയുണ്ടായി." എന്നു് ഒരു വാചകം ആവശ്യമായിവന്നേക്കാം. അല്ലെങ്കിൽ, വധൂവരന്മാർക്കു് ഒട്ടുവളരെ പാരിതോഷികങ്ങൾ ലഭിച്ചു എന്നു് പ്രസ്താവിക്കേണ്ടിവരും. ചിലപ്പോൾ ചടങ്ങുകളിൽസംബന്ധിച്ച, പാരിതോ

ഷികം നൽകിയ ചില പ്രമുഖരുടെ പേരുകളും റിപ്പോർട്ട ചെയ്യേണ്ടതായിവരും.

വിവാഹങ്ങളുടെ റിപ്പോർട്ടിങ്ങിലും വാത്താ പ്രാധാന്യം നോക്കേണ്ടതുണ്ട്. ഏതെങ്കിലും ഒരു നാട്ടിൽ ഒരു യുവതിയും യുവാവും തമ്മിൽ വിവാഹിതരാകുന്നതു് അവരേയും കുടുംബങ്ങളേയും കുറെയൊക്കെ ബന്ധുജനങ്ങളേയും സംബന്ധിച്ച താല്പര്യമുള്ള ഒരു സംഭവമാണ്. പക്ഷേ പത്രത്തിൻെറ ബഹുഭൂരിപക്ഷം വായനക്കാർക്കും അതിൽ പ്രത്യേകിച്ചൊരു താല്പര്യം ഉണ്ടായിരിക്കയില്ല.

എന്നാൽ സമൂഹത്തിൻെറ മേൽത്തട്ടിൽ നിൽക്കുന്നവരെ സംബന്ധിക്കുന്ന വിവരങ്ങൾ പലപ്പോഴും വാത്തകളാണ്. കാരണം അവരെ കേന്ദ്രമാക്കി കുറെ ആളുകളും സംഭവങ്ങളും ഉണ്ടായിരിക്കും. അവരുടെ പ്രവത്തനങ്ങൾ സമൂഹത്തിലെ കുറെയേറെ ആളുകളെ പ്രത്യക്ഷമായൊ പരോക്ഷമായൊ ബാധിക്കുകയുംചെയ്യും. അതുകൊണ്ടാണ് ഇത്തരമാളുകളെക്കുറിച്ചുള്ള വിവരങ്ങൾ വാത്തകളായിത്തീരുന്നതു്. ഒരു മന്ത്രിയുടെ വിവാഹം, മഹാരാജാവിൻെറ സഹോദരിയുടെ വിവാഹം, ഒരു വ്യവസായ പ്രമുഖൻെറയൊ അയാളുടെ പുത്രൻെറയൊ വിവാഹം, ഒരു സിനിമാനടിയുടെ വിവാഹം തുടങ്ങിയവ സാധാരണവിവാഹങ്ങളെക്കാൾ കൂടുതലായി പൊതുജനങ്ങൾക്കു താല്പര്യമുള്ളവയാണ് ആ വാർത്തകളോടു വായനക്കാർക്ക് പ്രത്യേകത കൂടിയിരിക്കും. ഇതുപോലുള്ള പ്രശസ്തവിവാഹങ്ങൾ ഒറ്റവാചകത്തിൽ കൊടുത്താൽ മതിയാകയില്ല.

വായനക്കാരുടെ ശ്രദ്ധയെ ഹഠാദാകർഷിക്കുന്ന ചില വിവാഹങ്ങളുണ്ട്. അവയ്ക്കു പ്രത്യേകം പ്രാധാന്യം നൽകേണ്ടതുണ്ട്. ഒരുകുലീനബ്രാഹ്മണഗൃഹത്തിലെ ഒരു യുവതി ഒരു പുലയയുവാവിനെ വിവാഹം കഴിക്കുന്നു. ഈ മിശ്രവിവാഹം വായനക്കാർക്കു് താല്പര്യജനകമത്രെ. ഇത്തരമൊരു വിവാഹം നടക്കാനിടയായ സാഹചര്യം അറിയാൻ വായനക്കാർക്കു് സ്വാഭാവികമായും ഉത്കണ്ഠകാണും. ഏതു മുഹൂർത്തത്തിൽ എവിടെവച്ചുനടത്തി എന്നതു് ഇവിടെ ഒരു പ്രശ്നമേ ആയിരിക്കയില്ല. അവർ ഒന്നിച്ചുപഠിച്ചു് പരസ്പരം സ്നേഹിച്ചു വിവാഹിതരായതയിരിക്കാം. അതുമല്ലെങ്കിൽ ആദർശത്തിൻെറപേരിൽ, ജാതിയിൽ അർത്ഥമില്ലെന്നു കാണിക്കാൻവേണ്ടി ഈ 'സാഹസം' കാട്ടിയതായിരിക്കാം. യുവാവിൻെറ പ്രേമാഭ്യർത്ഥന കേട്ടു കേട്ടുമടുത്തു് ഒരു ദുർബലനിമിഷത്തിൽ വിവാഹത്തിനു സമ്മതിച്ചതായിരിക്കാം. ഇങ്ങനെ ആ മിശ്രവിവാഹത്തിനു് എന്തെങ്കിലും ഒരു പശ്ചാത്തലം ഉണ്ടാവുക സ്വാഭാവികമാണു്.

ഈ പശ്ചാത്തലമറിയുന്നതിനായിരിക്കും വായനക്കാർക്കു് ആഗ്രഹമേറുക. വാർത്തയെസംബന്ധിച്ചു കഴിവുള്ളിടത്തോളം പൂർണ്ണവിവരങ്ങൾ വായനക്കാർക്കു നൽകേണ്ടതു് പത്രത്തിൻെറകടമയാണു്. മററാരുതരത്തിൽ പറഞ്ഞാൽ വാർത്തയുടെ വിശദവിവരങ്ങൾ നൽകേണ്ട ചുമതല റിപ്പോർട്ടർക്കുണ്ടു്.

പക്ഷെ ഇത്തരം വാർത്തകൾ റിപ്പോർട്ടു ചെയ്യുമ്പോൾ റിപ്പോർട്ടന്മാർ ചില കാര്യങ്ങൾ ഓർത്തിരി

ക്കേണ്ടതുണ്ട്. ആ റിപ്പോർട്ടിൻെറ ഫലമായി, ആ പുതിയ കുടുംബത്തിൽ അഭിപ്രായഭിന്നതയോ അസ്വാരസ്യമോ ഉണ്ടാകാനിടയാകരുത്. അവരുടെ അഭിമാനത്തെ തകർക്കുന്നതോ വായനക്കാരുടെ ദൃഷ്ടിയിൽ അവരെ തരംതാഴ്ത്തുന്നതോ ആയിരിക്കരുത് റിപ്പോർട്ട്. അവർക്ക് അവമാനകരമായ റിപ്പോർട്ട് നിയമപരമായി മാനനഷ്ടത്തിന് വ്യവഹാരപ്പെടാവുന്നതാണ്. അവർക്കു മാനസികമായി വിമ്മിഷ്ടമുണ്ടാക്കാതെ കഴിയുന്നത്ര വിവരങ്ങൾ വായനക്കാർക്ക് നൽകുകയാണ് ഇത്തരം സന്ദർഭങ്ങളിൽ റിപ്പോർട്ടർക്ക് ചെയ്യാവുന്നത്.

വിവാഹങ്ങൾപോലെതന്നെ വിവാഹമോചനങ്ങളും വായനക്കാർക്ക് താല്പര്യമുളവാക്കുന്നതാണ്. വിവാഹമോചനങ്ങൾക്ക് കാരണങ്ങൾ പലതുണ്ടാവാം. ഭർത്താവ് പരസ്ത്രീഗമനം നടത്തുന്നു; അല്ലെങ്കിൽ ഭാര്യ മറെറാരു പുരുഷനുമായി വേഴ്ചയിലാണ്. അതിൻെറ ഫലമായി കുടുംബബന്ധംതകരുന്നു. ഇത്തരം കാരണങ്ങളെ അടിസ്ഥാനമാക്കി വിവാഹമോചനത്തിന് കോടതിയെ അഭയംതേടുന്നു. മാറാരോഗങ്ങൾ, ക്രൂരത, സന്താനമില്ലായ്മ തുടങ്ങിയവയും വിവാഹമോചനത്തിന് കാരണമായി ഉന്നയിക്കാറുണ്ട്—കോടതിവിധികൊണ്ടു മാത്രമേ വിവാഹമോചനം സാദ്ധ്യമാകയുള്ളു. വിവാഹമോചനം അനുവദിക്കുന്നതിന് കോടതി ചൂണ്ടിക്കാണിക്കുന്ന കാര്യങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്താവുന്നതാണ്.

വിവാഹവാർത്തകൾ റിപ്പോർട്ടു ചെയ്യുന്നതിൽ

ശ്രദ്ധിക്കപ്പെടേണ്ട ചില കാര്യങ്ങളുണ്ട്. പല റിപ്പോർട്ടർമാരും കല്യാണക്കുറിയെ അടിസ്ഥാനമാക്കി വിവാഹറിപ്പോർട്ട് അയയ്ക്കാറുണ്ട്. ഇതു ശരിയായ ഒരു നടപടിയല്ല. ഒന്നുകിൽ വിവാഹത്തിൽ സംബന്ധിച്ചതിനുശേഷം അല്ലെങ്കിൽ വിവാഹത്തിൽ പങ്കുകൊണ്ട വിശ്വസിക്കാവുന്ന ആരെങ്കിലും പറഞ്ഞറിഞ്ഞതിനു ശേഷംമാത്രമേ വിവാഹവാർത്തകൾ റിപ്പോർട്ടുചെയ്യാവൂ.

"മാണിക്കുന്നത്ത്, പരേതനായ റിട്ടയേർഡ് തഹസീൽദാർ ശ്രീ പങ്കജാക്ഷൻപിള്ളയുടെ പുത്രി ശ്രീമതി ആനന്ദവല്ലിയും, കൊല്ലം കരമനവീട്ടിൽ ശ്രീ ഗോവിന്ദപ്പിള്ളയുടെ പൗത്രനും ഇന്ത്യാഗവണ്മെൻറിലെ ഒരു ഉന്നതഉദ്യോഗസ്ഥനുമായ ശ്രീ മുരളീധരനും തമ്മിലുള്ള വിവാഹം വധൂഗൃഹത്തിൽവച്ച് ഇന്നുരാത്രി 10-30 നും, 11-30 നും ഇടയ്ക്കുള്ള ശുഭമുഹൂർത്തത്തിൽ സമംഗളം നടന്നിരിക്കുന്നു. വിവാഹത്തിൽ വ്യവസായികളും, ഉദ്യോഗസ്ഥന്മാരും, പൗരപ്രമാണികളുമായി നിരവധിയാളുകൾ സംബന്ധിച്ചു. വധൂവരന്മാർക്കു് ഒട്ടുവളരെ സമ്മാനങ്ങളും ലഭിക്കയുണ്ടായി."

രാത്രിയിൽ നടക്കാൻപോകുന്ന ഒരു വിവാഹത്തെപ്പററി ഇത്തരത്തിൽ ഒരു റിപ്പോർട്ടെഴുതി രാവിലെതന്നെ ഒരു റിപ്പോർട്ടർ ന്യൂസ്കവർ അയയ്ക്കുന്നു. അല്ലെങ്കിൽ വൈകുന്നേരം ആറുമണിക്കു് ഫോണിലൂടെ ഈ വിവാഹവാർത്ത പത്രമാഫീസിൽ എത്തിക്കുന്നു. വിവാഹം രാത്രിയിൽ സമംഗളം നടക്കുമെന്ന ദൃഢവിശ്വാസത്തോടെയാണു് ലേഖകൻ ഇതു

33507

റിപ്പോർട്ട് ചെയ്യുന്നതു്. കല്യാണവീട്ടിൽ വിവാഹത്തിനുള്ള എല്ലാ കാര്യങ്ങളും അടുപ്പിച്ചിട്ടുണ്ടു്; വധൂഗൃഹത്തിലെ സ്ഥിതിവച്ചുനോക്കുമ്പോൾ വിവാഹം ആഘോഷമായി നടക്കും. ഒട്ടുവളരെയാളുകൾ സംബന്ധിക്കും, വിവാഹസമ്മാനങ്ങൾ ഏറെ ലഭിക്കുകയും ചെയ്യും. ഈ കണക്കുകൂട്ടലുകളോടെയാണു് ലേഖകൻ വിവാഹവാർത്ത റിപ്പോർട്ടു ചെയ്യുന്നതു്.

KOTTAYAM PUBLIC LIBRARY, KOTTAYAM.

പക്ഷെ കണക്കുകൂട്ടലുകൾ തെററാൻ പാടില്ലെന്നില്ല. പ്രതീക്ഷിക്കാത്തതു് സംഭവിച്ചുകൂടായ്കയുമില്ല. വരൻ സൈന്യത്തിലെ ഒരുന്നത ഉദ്യോഗസ്ഥനാണു്. അടിയന്തിരമായി അതിർത്തിയിലേയ്ക്കു പോകാൻ ഗവർമ്മെൻറു് അയാളോടു് ആവശ്യപ്പെടുന്നു. അയാൾക്കു പോകാതിരിക്കാൻ നിവൃത്തിയില്ല. ഫലം കല്യാണം മുടങ്ങുകയാണു്. വധുവിൻെറ അമ്മ കല്യാണദിവസം രാവിലെ ഹൃദയസ്തംഭനംമൂലം മരിക്കുന്നു. കല്യാണം മുടങ്ങുകയാണു് അതിൻെറയും ഫലം. അല്ലെങ്കിൽ വധു പുറത്തുമാകുന്നു. കല്യണം അന്നു നടക്കാതിരിക്കാൻ അതുമതി കാരണം. പത്രലേഖകൻെറ റിപ്പോർട്ടു് പൂർണ്ണമായും തെററി എന്നു പറയേണ്ടതില്ലല്ലോ. കല്യാണം മുടങ്ങുകമാത്രമല്ല, ആ കല്യാണം ചിലപ്പോൾ നടന്നില്ലെന്നും വരാം. വരൻ സഞ്ചരിച്ചിരുന്ന കാറുമറിഞ്ഞു് അദ്ദേഹം മരിച്ചു എന്നു വിചാരിക്കുക. തലേദിവസംരാത്രി വധു അവളുടെ കാമുകൻെറകൂടെ ഒളിച്ചോടിപ്പോയി എന്നു കരുതുക. ഈ രണ്ടു വ്യക്തികൾതമ്മിലുള്ള വിവാഹം ഒരിക്കലും നടക്കുകയില്ല എന്നു തീർച്ചയാണല്ലോ.

കല്യാണമുഹൂർത്തത്തിന് ഏതാനും മണിക്കൂർ മുമ്പ് വധുവിന്റേയും വരന്റേയും പക്ഷക്കാർതമ്മിൽ എന്തെങ്കിലും കാര്യത്തെച്ചൊല്ലി അലോഹ്യമുണ്ടാകുകയും വരന്റെ പാർട്ടിക്കാർ പിണങ്ങിപ്പോകുന്ന സന്ദർഭങ്ങളും അപൂർവ്വമായിട്ടെങ്കിലും ഉണ്ടാകാറുണ്ട്, വാശിമുഴുത്ത വധുവീട്ടുകാർ ആരെയെങ്കിലും തപ്പിപ്പിടിച്ചു മുഹൂർത്തത്തിനു വിവാഹംനടത്തി സംതൃപ്തിനേടുന്ന അവസരങ്ങളും വിരളമല്ല.

വിവാഹം നടക്കുന്നതിനുമുമ്പ് നടന്നതായി റിപ്പോർട്ടുചെയ്യുകയാണെങ്കിൽ, അപ്രതീക്ഷിതമായ ഇത്തരം സംഭവ വികാസങ്ങൾ ഉണ്ടാകുകയാണെങ്കിൽ, പത്രവും. റിപ്പോർട്ടറും വല്ലാത്തൊരു ദുർഘടത്തിലായിരിക്കും ചെന്നുനിൽക്കുക എന്നു പറയേണ്ടതില്ലല്ലോ. ഇത്തരം സാഹചര്യം ഒഴിവാക്കേണ്ടതാണ്. അതിനു മാർഗ്ഗം ഒന്നേയുള്ളു. നേരത്തെ ചൂണ്ടിക്കാട്ടിയതുപോലെ, വിവാഹം നടന്നുകഴിഞ്ഞിട്ടുമാത്രമെ, ആ വാത്ത റിപ്പോർട്ടുചെയ്യാവൂ.

# ചരമ റിപ്പോർട്ടുകൾ

"കുരുവിള ആൻഡ് സൺസിൽ സെയിൽസ്മാനായ മത്തായിയുടെ മകൻ അവറാച്ചൻ 6-4-64ൽ ഇഹലോകംവിട്ട് പരലോകത്തെ പ്രാപിച്ചിരിക്കുന്ന വിവരം വ്യസനസമേതം അറിയിച്ചുകൊള്ളുന്നു. രാത്രി പത്തുമണിക്ക് പെട്ടെന്നാണു മരിച്ചതു്."

ഇതു് ഒരു സ്വന്തം ലേഖകന്റെ റിപ്പോർട്ടാണു്. ലേഖകനെ സംബന്ധിച്ചിടത്തോളം പൂർണ്ണവും ന്യൂനതയില്ലാത്തതുമായ ഒരു റിപ്പോർട്ടുമാണു്,

പക്ഷെ, ഒരു പത്രാധിപർ നോക്കുമ്പോൾ ഇതിൽ ഒട്ടുവളരെ കുറവുകൾ കാണും. ഒന്നാമതു് കുരുവിള ആൻഡ് സൺസ് എന്തു വിൽക്കുന്ന കടയാണു്? ആ പേരിൽ ഒരു നഗരത്തിൽ തുണിക്കടയും, സ്വർണ്ണക്കടയും, മലഞ്ചരക്കുകടയും ഉണ്ടാകാൻ സാദ്ധ്യതയുണ്ടു്. കടയിൽത്തന്നെ മത്തായി എന്നപേരിൽ ഒന്നിലധികം ജോലിക്കാർ ഉണ്ടായിയെന്നും വരാം. അവറാച്ചൻ എന്നതന്നെയോ മരിച്ചയാളുടെ പേരു്. അതു് അയാളെ വീട്ടിൽ വിളിക്കുന്ന പേരായിക്കൂടേ. 'ഇഹലോകംവിട്ട് പരലോകം പ്രാപിച്ചു' എന്നു് നോവലുകളിൽ പറയുമെങ്കിലും പത്രങ്ങളിൽ മരണത്തെ സംബന്ധിച്ചു് അങ്ങനെ പറയാറില്ല. മരണശേഷം ആത്മാവു് പരലോകത്തിൽ പോകുന്നുവെന്ന വിശ്വാസം എല്ലാ മതവിശ്വാസികൾക്കും ഇല്ല

എന്ന കാര്യം ഓർക്കണം ഒരു വ്യക്തിയുടെ മരണത്തിൽ അയാളുടെ കുടുംബത്തിനോ, ബന്ധുക്കൾക്കോ, സുഹൃത്തുക്കൾക്കോ വ്യസനമുണ്ടാകാം. പക്ഷെ ഒരു പത്രാധിപർക്ക് അതിൽ വ്യസനമില്ല, മരണം അദ്ദേഹത്തെസംബന്ധിച്ച് ഒരു വാർത്ത മാത്രമാണ്. മരിച്ചയാളിന്റെ പ്രായവും രോഗവും റിപ്പോർട്ടിൽ ഇല്ല. അതുപോലെതന്നെ വ്യക്തികളെ ബഹുമാനസൂചകമായ ശ്രീ, ശ്രീമാൻ തുടങ്ങിയ പദങ്ങൾകൊണ്ട് അഭിസംബോധന ചെയ്യുന്നതും നന്നായിരിക്കും. ഇങ്ങനെ ഒരു പത്രാധിപരുടെ ദൃഷ്ടിയിൽ ഈ ചരമവാർത്തയ്ക്ക് നിരവധി പാകപ്പിഴകൾ ഉണ്ട്.

ലേഖകന്റെ റിപ്പോർട്ട് പത്രാധിപർ ഇങ്ങനെ തിരുത്തുന്നു:

"കുരുവിള ആൻഡ് സൺസിലെ ഒരുസെയിൽസ്മാനായ ശ്രീ മത്തായിയുടെ മകൻ ശ്രീ അവറാച്ചൻ ഇന്നലെ രാത്രി പത്തുമണിക്ക് പെട്ടെന്നുണ്ടായ രോഗംമൂലം നിര്യാതനായിരിക്കുന്നു."

കിട്ടിയ റിപ്പോർട്ടുവച്ചുകൊണ്ട് പത്രാധിപക്ക് ചെയ്യുവാൻ കഴിയുന്നതു് ഇത്രമാത്രമാണ്. ഇതേ റിപ്പോർട്ടുതന്നെ ആവശ്യമായ എല്ലാവിവരങ്ങളുമുണ്ടെങ്കിൽ ഇങ്ങനെയായിരിക്കും പ്രത്യക്ഷപ്പെടുക:

"സ്ഥലത്തെ ഒരു പ്രമുഖ ജൗളിവ്യാപാരശാലയായ മെസ്സേഴ്സ് കുരുവിള ആൻഡ് സൺസിലെ ഒരു സെയിൽസ്മാനായ ശ്രീ കെ. പി. മത്തായിയുടെ പുത്രൻ ശ്രീ കെ. എം. ഏബ്രഹാം ഇന്നലെ

രാത്രി 10 മണിക്കു് 22-ാമത്തെ വയസ്സിൽ ഹൃദയസ്തംഭനംമൂലം നിര്യാതനായിരിക്കുന്നു."

*　　　*　　　*

"പാറമ്പുഴ മുട്ടത്തിപ്പാറ വീട്ടിൽ യോഹന്നാൻ 87-ാമത്തെ വയസ്സിൽ അന്ത്യകൂദാശകളെല്ലാം സ്വീകരിച്ചു് ഇന്നലെ രാത്രി നിര്യാതനായിരിക്കുന്നു."

"മാടപ്പള്ളി പുത്തൻപറമ്പിൽ മറിയാമ്മ 73-ാമത്തെ വയസ്സിൽ അന്ത്യകൂദാശകളെല്ലാം സ്വബോധത്തോടെ കൈക്കൊണ്ടു് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു."

ഇങ്ങനെ അന്ത്യകൂദാശകൾ സ്വീകരിച്ചും, അന്ത്യകൂദാശകൾ സ്വബോധത്തോടെ കൈക്കൊണ്ടും മരിക്കുന്നവരുണ്ടു്. ഒരു മതവിഭാഗക്കാരെ സംബന്ധിച്ചിടത്തോളം അതു ഭാഗ്യമരണവുമാണു്.

പക്ഷെ ഒരു വർത്തമാനപ്പത്രത്തിൽ, ഈ മരണവാർത്തകൾ പ്രസിദ്ധപ്പെടുത്തുമ്പോൾ മതവിശ്വാസങ്ങളുടെ അതിപ്രസരം അധികം പ്രകടമാകാനുള്ള സന്ദർഭം ഒഴിവാക്കും. അതിനുള്ള പ്രധാനകാരണം പത്രങ്ങൾ ഏതെങ്കിലും ഒരു മതവിഭാഗത്തെമാത്രം ഉദ്ദേശിച്ചുകൊണ്ടുള്ളതല്ല എന്നതാണു്. പത്രങ്ങൾ എല്ലാ മതവിശ്വാസികൾക്കും ഒരുപോലെ സ്വീകാര്യമായിരിക്കണം. (പ്രത്യേക മതവിഭാഗങ്ങൾക്കു മാത്രമായിട്ടുള്ള പത്രങ്ങളുണ്ടു്. അവയെയല്ല ഇവിടെ പരാമർശിക്കുന്നതു്. അത്തരത്തിലുള്ള പ്രത്യേകപത്രങ്ങൾ അതു വരുത്തുന്ന വിഭാഗങ്ങളുടെ വിശ്വാസങ്ങൾക്കു്

അനുസൃതമായി വേണം വാർത്തകൾക്കു രൂപം നൽകാനെന്ന കാര്യത്തിൽ പക്ഷാന്തരമില്ല)

അങ്ങനെയാവുമ്പോൾ മേലുദ്ധരിച്ച വാർത്തകൾക്കു രൂപമാററം സംഭവിക്കുന്നു. അപ്പോൾ അവ ഇങ്ങനെയിരിക്കും:

"പാറമ്പുഴ മുട്ടത്തിപ്പാറവീട്ടിൽ യോഹന്നാൻ 87-ാമത്തെ വയസ്സിൽ വാർദ്ധക്യസഹജമായ രോഗം മൂലം നിര്യാതനായിരിക്കുന്നു"

"മാടപ്പള്ളി പുത്തൻപറമ്പിൽ മറിയാമ്മ 73-ാമത്തെ വയസ്സിൽ വാർദ്ധക്യസഹജമായ സുഖക്കേടുമൂലം ചരമം പ്രാപിച്ചിരിക്കുന്നു"

* * *

"പാറമ്പുഴ ഒററത്തൈക്കൽ ശ്രീ ഔസേപ്പുവക്കി (81) വാർദ്ധക്യസഹജമായ അസുഖംമൂലം നിര്യാതനായിരിക്കുന്നു"

"ശ്രീ ഒ. വി. ലൂക്കോസിൻെറ പിതാവു് ശ്രീ ഔസേപ്പ്‌വർക്കി 81-ാമത്തെ വയസ്സിൽ വാർദ്ധക്യസഹജമായ രോഗംമൂലം നിര്യാതനായിരിക്കുന്നു."

ഇതുരണ്ടും ഒരാളുടെ ചരമവാർത്തയാണു്. പക്ഷെ ഇതുരണ്ടും പൂർണ്ണമല്ല. ഈ നിര്യാണവാർത്തയിൽ കുറേക്കൂടി വിവരങ്ങൾ ചേർക്കേണ്ടതുണ്ടു്. കാരണം മരിച്ച വ്യക്തി ഒരുവിധത്തിൽ അല്ലെങ്കിൽ മററൊരു വിധത്തിൽ പലർക്കും താല്പര്യമുള്ളയാളാണു്. അതുകൊണ്ടു് അതേവാർത്ത കുറഞ്ഞപക്ഷം താഴെക്കൊടുക്കുന്ന വിധത്തിലെങ്കിലും റിപ്പോർട്ടു ചെയ്യേണ്ടിയിരുന്നു.

കേരളാകോൺഗ്രസിൻെറ ഓർഗനൈസിംഗ് സെക്രട്ടറി ശ്രീ ഒ. വി. ലൂക്കോസിൻെറ പിതാവ് പാറമ്പുഴ മററത്തെയ്യിൽ ശ്രീ ഔസേപ്പുവർക്കി 81-ാമത്തെ വയസ്സിൽ വാർദ്ധക്യസഹജമായ അസുഖംമൂലം നിര്യാതനായിരിക്കുന്നു. പരേതന് ശ്രീ ലൂക്കോസിനെ കൂടാതെ മൂന്നു പുത്രന്മാർകൂടിയുണ്ടു്"

ആ പുത്രന്മാരുടെ ഉദ്യോഗങ്ങളും മററും കൊടുക്കുന്നതിൽ തെററില്ല മരിച്ചയാളുടെ സഹോദരീസഹോദരന്മാർ ഉന്നതസ്ഥാനങ്ങളിലുണ്ടെങ്കിൽ അവരേയും പരാമർശിക്കാവുന്നതാണു്.

പ്രശസ്തനായ ഒരു വ്യക്തിയുടെ അച്ഛനോ, അമ്മയോ ഏററവും അടുത്ത കുടുംബാംഗങ്ങളോ മരിക്കുമ്പോൾ പരേതൻെറ കുടുംബനിലയെ സൂചിപ്പിക്കുന്ന ചിലവിവരങ്ങൾകൂടി നൽകാവുന്നതാണു്. വായനക്കാർക്കു് അതറിയുവാൻ താല്പര്യമുണ്ടു്. വായനക്കാർക്കു് ആ വിവരങ്ങൾ നൽകേണ്ട ചുമതല റിപ്പോർട്ടറന്മാർക്കും ഉണ്ടു്.

*　　*　　*

ഒരു സ്വന്തംലേഖകൻ ഒരു ചരമവാർത്ത ഇങ്ങനെ റിപ്പോർട്ടു ചെയ്യുന്നു:

## ഒരു പൗരമുഖ്യൻെറ ചരമം

(സ്വന്തംലേഖകൻ) ചാവക്കാട്ടു്, നവ: 11

തൂത്തുക്കുടി, നാഗർകോവിൽ എന്നിവിടങ്ങളിലുള്ള കേരള അകപ്പാററിക്കിൻെറ ഉടമയും ഇന്ത്യയിൽ നിന്നുള്ള മത്സ്യവ്യവസായത്തിൻെറ കയററുമതിക്കാ

രുടെ സിലോണിലെ പ്രതിനിധിയായും, സിലോൺ പെററാബോയ്സ്ക്ളബ്ബിന്റെ രക്ഷാധികാരിയായുംമററുമായി 16 കൊല്ലത്തോളം സിലോണിലുണ്ടായിരുന്നയാളും, അഖിലേന്ത്യാ മറൈൻ എക്സ്പോർട്ട് പ്രമോഷൻകൗൺസിൽ എക്സിക്യൂട്ട്വംഗവും,ഒരു പൊതുകാര്യപ്രസക്തനും പരോപകാരിയും, ധർമ്മിഷ്ഠനും പൌരമുഖ്യനും ഇന്നാട്ടുകാരനുമായ ജ: ടി,പി. പരീക്കുട്ടിസാഹിബ് (65) ഒക്ടോബർ 30 പുലർച്ചെ തൃശ്ശൂർ ജനറലാശുപത്രിയിൽവച്ച് നിര്യാതനാവുകയും, മൃതദേഹം ഇവിടെക്കൊണ്ടുവന്ന് മണത്തല ജുമുഅത്ത്പള്ളിപ്പറമ്പിൽ വിവിധജാതിമതസ്ഥരുടെ സാന്നിദ്ധ്യത്തിൽ മറവുചെയ്യുകയും, നവ: 6ന് മതാചാരപ്രകാരമുള്ള ശവസംസ്ക്കാരാനന്തര ചടങ്ങുകൾ നടത്തുകയും, അഗതികൾക്ക് അന്നദാനവും, ബന്ധുജനങ്ങൾക്കും മതകാർമ്മികന്മാർക്കും സദ്യയും ഉണ്ടായിരുന്നു പരേതന്റെ ഏകപുത്രി നസീംഭാനുവിനെ വിവാഹം ചെയ്തിട്ടുള്ളതു് മദ്രാസ്സംസ്ഥാനത്ത് റവന്യൂ ഇൻസ്പെക്ടറായിട്ടുള്ള മി. പി. എം. മുഹമ്മതാലിയാണ്.

ഒരു ചരമറിപ്പോർട്ടിനാവശ്യമായ എല്ലാ വിവരങ്ങളും ഈ റിപ്പോർട്ടിലുണ്ട്, ആവശ്യത്തിൽ അല്പം കൂടുതലും ഉണ്ടെന്നു വേണമെങ്കിൽ പറയാം. പക്ഷെ, ശാസ്ത്രീയമായ രീതിയിലല്ല ആ റിപ്പോർട്ട് എഴുതിയിരിക്കുന്നതു്. 'ചരമം' എന്നു പറയുമ്പോൾ ആരാണ് മരിച്ചതു് എന്ന ചോദ്യമാണ് ആദ്യം ഉദിക്കുന്നതു്. അതുകഴിഞ്ഞിട്ടുമാത്രമേ എത്രാമത്തെ വയസ്സി

ലാണു മരിച്ചതു്, സുഖക്കേടെന്തായിരുന്നു; ഭാര്യയെയും മക്കളേയും സംബന്ധിച്ച വിവരങ്ങൾ എന്തെല്ലാമാണു്, സമൂഹത്തിൽ പരേതന്റെ സ്ഥാനം എന്തായിരുന്നു എന്നാമററുമുള്ള വിശദാംശങ്ങൾ ആരായുകയുള്ളൂ. ഈ റിപ്പോർട്ടു് ആ തരത്തിലല്ലല്ലോ. അതുപോലെതന്നെ വാർത്തയ്ക്കു് ഹെഡ്ഡിങ്ങു് ഇടേണ്ട ചുമതല പത്രാധിപർക്കു് വിട്ടുകൊടുക്കുകയായിരിക്കും ഉചിതം

സമൂഹത്തിൽ നിലയും വിലയുമുള്ള പ്രശസ്തവ്യക്തികൾ മരിക്കുമ്പോൾ ആ ചരമവാർത്തയ്ക്കു് പ്രാധാന്യംകൂടുന്നു. ആ വ്യക്തിയുമായി വിവിധരംഗങ്ങളിൽ ബന്ധപ്പെട്ടിട്ടുള്ളവർക്കെല്ലാം സ്വജനങ്ങളെപ്പോലെ താല്പര്യമുള്ളതാണു്, ആ മരണവും. ഈ വസ്തുത കണക്കിലെടുത്തുകൊണ്ടുവേണം ഇത്തരം ചരമവാർത്തകൾ റിപ്പോർട്ടുചെയ്യുവാൻ.

മരിക്കുന്നയാൾ ഒരു പ്രശസ്തരാഷ്ട്രീയനേതാവോ, പ്രമുഖവ്യവസായിയോ ഉദ്യോഗസ്ഥമേധാവിയോ, ആണെന്നിരിക്കട്ടെ, അദ്ദേഹത്തെ നാം ഇപ്പോൾ പറഞ്ഞ പ്രശസ്തവ്യക്തികളുടെ ഗണത്തിൽപ്പെടുത്താം.

ഉദാഹരണത്തിനു് ശ്രീ പി. ടി. ചാക്കോയുടെ നിര്യാണം. അദ്ദേഹത്തിന്റെ ചരമം റിപ്പോർട്ടു ചെയ്യുമ്പോൾ, "മുൻമന്ത്രി ശ്രീ പി, ടി. ചാക്കോ ...ാം വയസ്സിൽ കോഴിക്കോട്ടുവച്ചു നിര്യാതനായി" എന്നു മാത്രം റിപ്പോർട്ടുചെയ്താൽ മതിയോ? പോരാ എന്നതു് തീർച്ച.

എവിടെവച്ച് എത്രാമത്തെ വയസ്സിൽ നിര്യാതനായി എന്നതുവേണം. അതിനുപുറമെ മരണം സംഭവിച്ച സ്ഥലകാല സാഹചര്യങ്ങളെ സൂചിപ്പിക്കണം. അദ്ദേഹത്തിൻെറ അച്ഛനും അമ്മയും ആരാണ്, എത്രാമത്തെ പുത്രനാണ് അദ്ദേഹം, അദ്ദേഹത്തിന് എത്ര സഹോദരീസഹോദരന്മാരുണ്ട്, ശ്രീ ചാക്കോയുടെ പത്നിയാര്, അവർക്ക് എത്ര പുത്രന്മാരും പുത്രികളുമുണ്ട് ഇത്രയും കാര്യങ്ങൾ തീർച്ചയായുംകൊടുക്കണം. അതിനുപുറമേ ഒരു അദ്ധ്യാപകനെന്ന്, രാഷ്ട്രീയപ്രവർത്തകൻ, മന്ത്രി എന്നീ നിലകളിലും മററു പ്രവർത്തനരംഗങ്ങളിലും അദ്ദേഹത്തിനുള്ള സ്ഥാനം സൂചിപ്പിക്കുകയും ചെയ്യണം. ചുരുക്കത്തിൽ ശ്രീ ചാക്കോയുടെ ഹ്രസ്വമായ ഒരു ജീവചരിത്രംകൂടി ചരമറിപ്പോർട്ടിൻെറകൂടെ ആവശ്യമാണ്. എങ്കിൽമാത്രമേ ആ റിപ്പോർട്ട് പൂർണ്ണമായി എന്നുപറയാൻ സാധിക്കയുള്ളൂ.

ഇതിനെല്ലാംപുറമേ എന്ന് എവിടെവച്ചാണ് മൃതദേഹസംസ്കാരം നടത്തുന്നത് എന്നുകൂടി അറിഞ്ഞു് റിപ്പോർട്ടു ചെയ്യേണ്ടതാണ്. ശവസംസ്കാരത്തിൽ സംബന്ധിക്കേണ്ട ബന്ധുജനങ്ങളും സുഹൃത്തുക്കളും നിരവധിപേർ കാണും. സംസ്കാരത്തെക്കുറിച്ചുള്ള വിവരം അവർക്കു വളരെ പ്രയോജനകരമായിരിക്കും. സംസ്കാരത്തിനുശേഷം സംസ്കാരച്ചടങ്ങുകളും റിപ്പോർട്ടു ചെയ്യാവുന്നതാണ്.

ഒരു പ്രശസ്തവ്യക്തിയുടെചരമവാർത്തയും അതിനോടനുബന്ധിച്ച് അദ്ദേഹത്തിൻെറ ജീവചരിത്രവും കൊടുത്തിരിക്കുന്നതു നോക്കുക:

ആലുവാ, ജൂലൈ 26-ഇന്ത്യയിലെ ഏററവുംമികച്ച ധനതതചശാസ്ത്രജ്ഞന്മാരിലൊരാളും, മുൻ പാർലമെൻറംഗവുമായ ഡോ. പി. ജെ. തോമസ് (72) ഇന്നുവൈകുന്നേരം മൂന്നുമണിക്ക് നിര്യാതനായിരിക്കുന്നു.

ഇവിടെയടുത്തു മാറമ്പള്ളിലുള്ള സചവസതിയിൽ വച്ചാണദ്ദേഹം നിര്യാതനായതു്. ശവസംസ്കാരം നാളെ (ചൊവ്വാ) വൈകിട്ട നാലുമണിക്ക മാമ്പള്ളി പള്ളി സെമിത്തേരിയിൽ നടത്തപ്പെടുന്നതാണു്.

കുറെ വർഷങ്ങളായി ഡോ. തോമസ് ശരീരാസചാസ്ഥ്യംമൂലം വിശ്രമത്തിലായിരുന്നു. രണ്ടാഴ്ചമുമ്പു് വീട്ടിൽവച്ചു് അദ്ദേഹം ഒന്നു വീണതിനെത്തുടന്നു് ശരീരാസചാസ്ഥ്യം വർദ്ധിക്കുകയാണുണ്ടായതു്.

ജീവചരിത്രം

1893 ഫെബ്രുവരി 25-ാംതീയതി കുറവിലങ്ങാട്ടുള്ള ഒരു പുരാതനക്രിസ്ത്യൻകുടുംബമായ പകലോമററത്തിൽ ശ്രീ ജോസഫിൻെറ പുത്രനായി ജനിച്ചു. ഹൈസ്കൂൾവിദ്യാഭ്യാസത്തിനുശേഷം 1910-ൽ തൃശ്ശിനാപ്പള്ളിയിലെ സെൻറുജോസഫ്സ് കോളേജിൽ ചേർന്നു വിദ്യാഭ്യാസം തുടരുവാൻ തോമസിനു സൗകര്യം ലഭിച്ചു. തൃശ്ശിനാപ്പള്ളി കോളേജിൽനിന്നു് ബി. എ. ഓണേഴ്സ് ബിരുദം നേടിയപ്പോൾ മദ്രാസ് പ്രസിഡൻസിയിൽ അദ്ദേഹം ഒന്നാംക്ലാസ്സിൽ ഒന്നാമനായിരുന്നു. എക്കണോമിക്സ് ആയിരുന്നു തോമസിൻെറ ഐച്ഛികവിഷയം. 1916-ൽ ഓണേ

ഴ്സ്ബിരുദം നേടിയതിനോടൊപ്പംതന്നെ എക്ക ണോമിക്സിൽ ഒന്നാംസ്ഥാനം നേടുന്ന വിദ്യാർത്ഥി ക്കുള്ള നോർട്ടൻമെമ്മോറിയൽസമ്മാനവും രാജാ സർ രാമസ്വാമി മെഡലും അദ്ദേഹം കരസ്ഥമാക്കി. 1919-ൽ ഗോഖലേ സമ്മാനം നേടിയ അദ്ദേഹം സാമ്പത്തികശാസ്ത്രത്തിൽ ഗവേഷണം നടത്തി.

ഉപരി പഠനം

1920-ൽ അദ്ദേഹം ഉപരിപഠനാർത്ഥം ഇംഗ്ലണ്ടിലേയ്ക്കു പോയി. ഓക്ക്സ്ഫോർഡിലെ ബാല്ലിയോൾകോളേജിൽചേന്നു് ഇംഗ്ലീഷ്സാഹിത്യത്തിൽ ബി. ലിററ് ബിരുദം ശ്രീ തോമസ് കരസ്ഥമാക്കി. 1922-ൽ അദ്ദേഹം ലണ്ടൻ സർവ്വകലാശാലയിൽചേന്നു പഠനം തുടർന്നു 1924-ൽ ഡോക്ടർ ഓഫ് ഫിലോസഫി എന്ന അപൂർവ്വബിരുദം നേടിയെടുത്തു

ഉപരിപഠനത്തിനായി പാശ്ചാത്യ രാജ്യങ്ങളിലേയ്ക്കു പോകുന്നതിനുമുമ്പു് രണ്ടുവർഷക്കാലത്തോളം ഡോ. തോമസ് തിരുവനന്തപുരത്തെ മഹാരാജാസ് കോളേജിൽ (1919-20) ഒരു ലക്ചററായി ജോലി നോക്കുകയുണ്ടായി. എന്നാൽ വിദേശപഠനംകഴിഞ്ഞു 1924-ൽ നാട്ടിൽ മടങ്ങിയെത്തിയ ഡോ. തോമസിനെ അതേവർഷംതന്നെ സിലോൺ സർവകലാശാല ഒരു പ്രൊഫസ്സറായി ക്ഷണിച്ചു. 1927 വരെ കൊളംബിലെ സിലോൺ സർവകലാശാലയിൽ എക്കണോമിക്സ്പ്രൊഫസറായി അദ്ദേഹം ജോലിനോക്കി. 1927-ൽ മദ്രാസ്സർവകലാശാല അദ്ദേഹത്തിനു് ഒരു പ്രൊഫസർസ്ഥാനം നൽകി ജോലി കൊടുത്ത

പ്പോൾ സിലോണിലെ ജോലി ഉപേക്ഷിച്ചു മദ്രാസിലേയ്ക്കുപോന്നു 1937-ൽ മദ്രാസിൽ കോൺഗ്രസ് മന്ത്രിസഭ ശ്രീ രാജാജി രൂപവൽക്കരിച്ചപ്പോൾ ലെജിസ്ലേററീവ് കൗൺസിലിലേയ്ക്കു ശ്രീ തോമസിനെ നോമിനേററു ചെയ്തു.

ഒരു വെറും പ്രൊഫസറായി തന്റെ ലോകം കോളേജുകളിലെ ലക്ചർഹാളുകളിൽ ഒതുക്കിനിറുത്താൻ ഡോ. തോമസ് തയ്യാറില്ലായിരുന്നു. 1922, 1928, 1935 എന്നീ വർഷങ്ങളിൽ അദ്ദേഹം വിദേശപര്യടനം നടത്തി. 1935-ൽ ലണ്ടൻസർവകലാശാലയിലും യൂറോപ്പിലെ വിവിധസർവകലാശാലകളിലും അദ്ദേഹം പ്രസംഗപര്യടനങ്ങൾ നടത്തുകയുണ്ടായി. ഇക്കാലത്തു് സാമ്പത്തികകാര്യങ്ങളെപ്പററി ചർച്ചനടത്താൻവേണ്ടി വിളിച്ചുകൂട്ടപ്പെട്ട വിവിധ അന്താരാഷ്ട്രീയസമ്മേളനത്തിൽ അദ്ദേഹം സംബന്ധിക്കുകയും ചെയ്തു. പീയൂസ് മാർപ്പാപ്പാതിരുമേനിയെ സന്ദർശിക്കുവാനുള്ള ഭാഗ്യവും ഇക്കാലത്തു് അദ്ദേഹത്തിനുണ്ടായി.

ഒരു സാമ്പത്തിക വിദഗ്ദ്ധൻ എന്ന നിലയിൽ അനേകം ആധികാരികഗ്രന്ഥങ്ങളുടെ കർത്താവാണു് ഡോ. തോമസ്. എലിമെൻറ് ഓഫ് എക്കണോമിക്സ് (1919), മെർക്കൻറിലിസം ആൻറ് ഈസ്റ്റ് ഇന്ത്യാ ട്രേഡ് (1926), ദി പ്രോബ്ളം ഓഫ് റൂറൽ ഇൻഡബ്റ്റഡ്നസ് (1935), ഇന്ത്യൻ ഫിനാൻഷ്യൽസിസ്റ്റം (1936) എന്നീ ഇംഗ്ലീഷ് ഗ്രന്ഥങ്ങളും, കേരളത്തിലെ ആദിമക്രിസ്ത്യൻസാഹിത്യം

കൃഷിക്കാരനും ഋണബാദ്ധ്യതകളും എന്നീ രണ്ടു മലയാളഗ്രന്ഥങ്ങളും ഇക്കൂട്ടത്തിൽ പ്രാധാന്യമർഹിക്കുന്നു.

ഗ്രന്ഥരചനകൂടാതെ ആനുകാലികപ്രസിദ്ധീകരണങ്ങളിൽ ലേഖനമെഴുതുക എന്നതു് അദ്ദേഹത്തിൻെറ ഒരു ഹോബിയായിരുന്നു ലണ്ടനിലെ എക്കണോമിക്സ് ജേർണൽ, ഇന്ത്യൻ ജെർണൽ ഓഫ് എക്കണോമിക്സ്, ദി ന്യൂ റിവ്യൂ, ഇന്ത്യൻ റിവ്യൂ, ഭാഷാപോഷിണി തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ ഇക്കാലത്തു് അദ്ദേഹം തുടരെ ലേഖനങ്ങളെഴുതിയിരുന്നു. 1950-60 കാലത്തു് മലയാളഭാഷയിലുള്ള ഒട്ടുമുക്കാൽ പ്രസിദ്ധീകരണങ്ങളിലും അദ്ദേഹത്തിൻെറലേഖനങ്ങൾ പ്രത്യക്ഷപ്പെടുക പതിവായിരുന്നു.

ഇന്ത്യാഗവർമ്മെൻറിൻെറ വിവിധകമ്മിററികളിൽ ഡോ. തോമസ് വിജയകരമായി സേവനമനുഷ്ഠിച്ചിട്ടുണ്ടു്. 1929-ൽ നിയമിക്കപ്പെട്ട പ്രൊവിൻഷ്യൻ ബാങ്കിംങ്ങ് എൻക്വയറി കമ്മററിയിൽ അദ്ദേഹം ഒരംഗമായിരുന്നു. 1945-ൽ ഇന്ത്യാഗവർമ്മെൻറിൻെറ സാമ്പത്തികോപദേഷ്ടാവായി അദ്ദേഹം സേവനമനുഷ്ഠിച്ചു.

1950-നുശേഷം ആലുവായ്ക്കടുത്തുള്ള സ്വഭവനത്തിൽ വിശ്രമിക്കുകയായിരുന്നു. 1957-ൽ കേരളത്തിൽനിന്നു രാജ്യസഭയിലേയ്ക്കു് അദ്ദേഹംതെരഞ്ഞെടുക്കപ്പെട്ടു.

പാലാ സെൻറുതോമസ് കോളേജിലെ പ്രഥമ പ്രിൻസിപ്പലായും അദ്ദേഹം സേവനമനുഷ്ഠിച്ചു. ശമ്പളംകൂടാതെയാണു് ഡോ. തോമസ് ഈ ജോലി

ചെയ്തുവന്നിരുന്നതു്. ഇക്കാലത്താണു് അദ്ദേഹത്തിന് ഷെവലിയർസ്ഥാനം മാർപ്പാപ്പാതിരുമേനി കല്പിച്ചു നൽകിയതു്.

വിവാഹിതനായ ഡോ. തോമസിനു് രണ്ടു പുത്രിമാരും ഒരു പുത്രനുമുണ്ടു്.

*　　　*　　　*

സമൂഹത്തിലും രാജ്യത്തും, വിവിധരംഗങ്ങളിൽ പ്രവർത്തിച്ചു് ഉന്നതനിലയിലെത്തിയ ആളുകൾ മരിക്കുമ്പോൾ അവരുടെ മരണത്തേയും ജീവിതത്തേയും സംബന്ധിച്ച എല്ലാ വിവരങ്ങളും വായനക്കാർക്കു് നൽകേണ്ട ചുമതല റിപ്പോർട്ടർക്കുണ്ടു്. ഗാന്ധിജിയേയും നെഹ്റുവിനെയുംപോലുള്ളവർ മരിച്ചാൽ ഈ സമീപനം വേണമെന്നു് എല്ലാവർക്കുമറിയാം. അത്ര ഉന്നതരായവരുടെ കാര്യത്തിൽ മാത്രമല്ല പ്രാദേശികമായി ഉന്നതതലത്തിൽ ജീവിക്കുകയും, നാടിന്റെ ജീവിതവുമായി ഉററബന്ധം പുലർത്തിപ്പോരുകയും ചെയ്തിട്ടുള്ള വ്യക്തികളുടെ ചരമവും നാട്ടുകാർക്കു് അതീവതാൽപര്യമുള്ള കാര്യമാണു്. അതുകൊണ്ടു് ആ ചരമത്തെ സംബന്ധിച്ച വിശദവിവരങ്ങൾ റിപ്പോർട്ടു ചെയ്യേണ്ടതു് ആവശ്യമാണു്. പരേതനായ വ്യക്തിയുടെ ജീവിതകാലത്തെ പ്രവർത്തനങ്ങളുടേയും ജീവിതത്തിന്റേയും ഒരു സൂചികയായി ഒരു ലഘുജീവചരിത്രവും അനുപേക്ഷണീയമത്രേ.

*　　　*　　　*

ചരമത്തെ കുറിക്കുന്നതിനു് പല പദങ്ങളും ഉപയോഗിക്കാറുണ്ടു്. വ്യക്തികളുടെ സ്ഥാനവും പദ

വിയും അനുസരിച്ച് ഈ വാക്കുകൾക്കും സ്വാഭാവികമായി മാററംവരും. നാട്ടിലെ ആചാരങ്ങളും സമ്പ്രദായങ്ങളും കീഴ്വഴക്കങ്ങളും ഇതിൽ സ്വാധീനംചെലുത്തുന്നുണ്ട്. ചരമം പ്രാപിച്ചു, നിര്യാതനായി, ദിവംഗതനായി, അന്തരിച്ചു, തീപ്പെട്ടു, നാടുനീങ്ങി, കാലംചെയ്തു തുടങ്ങിയ പല പദങ്ങളും മരണത്തെ കാണിക്കുന്നതിന് മലയാളികൾ ഉപയോഗിപ്പോരുന്നു. കൊച്ചിമഹാരാജാവ് തീപ്പെട്ടു എന്നുപറയും. പക്ഷെ പി. ടി. ചാക്കോ തീപ്പെട്ടുഎന്നു പറയുകയില്ല. അദ്ദേഹം ദിവംഗതനായി എന്നോ അന്തരിച്ചു എന്നോ വേണം പറയുവാൻ. ബിഷപ്പുതിരുമേനി കാലംചെയ്തു എന്നേ പറയുകയുള്ളു. സാധാരണക്കാരെപ്പററി പറയുമ്പോൾ ചരമംപ്രാപിച്ചു എന്നോ നിര്യാതനായി എന്നോ ആണ് ഉപയോഗിക്കേണ്ടതു്.

സമുദായമദ്ധ്യത്തിൽ നിലയും വിലയും ഉള്ള പൗരമുഖ്യന്മാർ മരിക്കുമ്പോൾ ചരമറിപ്പോർട്ടിനോടൊപ്പം അവരുടെ ഒരു ഫോട്ടോക്രൂടി അയച്ചുകൊടുക്കുന്നതു നന്നായിരിക്കും പക്ഷെ, ഇതിലും ഒരു വിവേചനബുദ്ധി പ്രകടിപ്പിക്കേണ്ടതുണ്ട്. മരിക്കുന്ന എല്ലാവരുടേയും ഫോട്ടോ പ്രസിദ്ധീകരിക്കുവാൻ പല കാരണങ്ങൾകൊണ്ടും പത്രങ്ങൾക്കു സാധിക്കയില്ല, അതുകൊണ്ട് ഉന്നതനിലയിലുള്ള. ഏതെങ്കിലും തരത്തിൽ വളരെപ്പേർക്കു താല്പര്യമുള്ള, വ്യക്തികളുടെ ഫോട്ടോകൾമാത്രമേ അയയ്ക്കേണ്ടതുള്ളു.

# സമ്മേളന
# റിപ്പോർട്ടുകൾ

KOTTAYAM

കേരളത്തെ സംബന്ധിച്ചിടത്തോളം സമ്മേളനങ്ങളും, പ്രസംഗങ്ങളും ഒരു നിത്യസംഭവമാണ്. വായനശാലകളുടേയും കലാസംഘടനകളുടേയും വാർഷികങ്ങൾ, സ്കൂളുകളുടേയും കോളേജുകളുടേയും വാർഷികങ്ങൾ, വിവിധരാഷ്ട്രീയപാർട്ടികളുടെ സമ്മേളനങ്ങൾ ദേശീയപ്രാധാന്യമുള്ള ദിനങ്ങളുടെ ആചരണം, മതസംഘടനകളുടെ നേതൃത്വത്തിലുള്ള യോഗങ്ങൾ, ഇങ്ങനെ ഒരു നൂറുകൂട്ടം കാര്യങ്ങൾ സംബന്ധിച്ച് പൊതുയോഗങ്ങൾ എല്ലാ സ്ഥലങ്ങളിലും നിത്യമെന്നോണം നടക്കുന്നുണ്ട്.

സമ്മേളനങ്ങളിൽ സംബന്ധിച്ച ആളുകൾക്ക് സമ്മേളനനടപടികൾ എങ്ങനെ റിപ്പോർട്ടുചെയ്തിരിക്കുന്നു എന്നറിയാൻ താല്പര്യമുണ്ട്. അതിൽ പങ്കുകൊള്ളാതിരുന്നവർക്ക് അവിടെ എന്തെല്ലാം സംഭവിച്ചു, ആര് എന്തെല്ലാം പ്രസംഗിച്ചു എന്നറിയാൻ താല്പര്യമുണ്ട്. ഇങ്ങനെ രണ്ടുതരത്തിലും വായനക്കാരെ ആകർഷിക്കുന്നവയാണ് സമ്മേളനറിപ്പോർട്ടുകൾ.

സമ്മേളനങ്ങളിൽ പലരും പ്രസംഗിക്കും. ചിലരുടെ പ്രസംഗം ദീർഘമായിരിക്കയും ചെയ്യും. പക്ഷെ ഒരു റിപ്പോർട്ടറുടെ അളവുകോൽ മറെറാന്നാണ്. ആ സമ്മേളനം എത്രമാത്രം പ്രധാനമാണ്.

അതിലെ പ്രസംഗങ്ങൾക്കുള്ള പ്രാധാന്യം എത്രയുണ്ടു്. എന്നീ കാര്യങ്ങളാണു് റിപ്പോർട്ടർ നോക്കേണ്ടതു്, ആരാണു പ്രസംഗിച്ചതു്, എന്തിനെപ്പററി എന്താണു പ്രസംഗിച്ചതു് എന്നതിലാണു് സമ്മേളനത്തിൻെറ പ്രാധാന്യം സ്ഥിതിചെയ്യുന്നതു്. ഈ സാഹചര്യത്തിൽ റിപ്പോർട്ടർ ലോകപരിചയവും സംഭവവികാസങ്ങളുമായുള്ള ബന്ധവും വിവേചനാസാമർത്ഥ്യവും പ്രകടിപ്പിക്കണം.

വിവേകപൂർവ്വമായ വിവേചനംകൊണ്ടു് സമ്മേളനത്തിൻെറ പ്രാധാന്യം നിർണ്ണയിച്ചിട്ടുവേണം ആ സമ്മേളനം റിപ്പോർട്ടുചെയ്യാൻ. ചില സമ്മേളനവാർത്തകൾ ഒററവാചകത്തിൽ നിൽക്കാം.

"ഇടതുപക്ഷ കമ്യൂണിസ്റ്റ്പാർട്ടിയുടെ ആഭിമുഖ്യത്തിൽ ഇന്നുവൈകുന്നേരം തിരുനക്കര മൈതാനത്തു് ഒരു സമ്മേളനം നടന്നിരിക്കുന്നു"

"ഇടതുപക്ഷ കമ്യൂണിസ്റ്റ്പാർട്ടിയുടെ ആഭിമുഖ്യത്തിൽ തിരുനക്കരമൈതാനത്തുകൂടിയ സമ്മേളനത്തിൽ ശ്രീ കെ. ശങ്കരൻ അദ്ധ്യക്ഷത വഹിക്കയും പി കെ. രാമനും വി. മുഹമ്മദും കെ. എം. ജേക്കബും പ്രസംഗിക്കുകയും ചെയ്തു."

"ഇടതുപക്ഷ കമ്യൂണിസ്റ്റ്പാർട്ടിയുടെ ആഭിമുഖ്യത്തിൽ തിരുനക്കരമൈതാനത്തുകൂടിയ സമ്മേളനത്തിൽ, ശ്രീ കെ. ശങ്കരൻ അദ്ധ്യക്ഷത വഹിച്ചു സർവശ്രീ പി. കെ. രാമൻ, വി മുഹമ്മദ്, കെ. എം. ജേക്കബ് എന്നിവർ പ്രസംഗിച്ചു. കുമാരൻ സ്വാഗതം പറഞ്ഞു. ഇസ്മായൽ കൃതജ്ഞത പ്രകടിപ്പിച്ചു".

സാധാരണഗതിയിൽ പ്രാധാന്യംകുറഞ്ഞ സമ്മേളനങ്ങൾക്ക് ഇത്രയും റിപ്പോർട്ടുചെയ്താൽ മതിയാകും പ്രാധാന്യം കൂടുതലുണ്ടെങ്കിൽ അദ്ധ്യക്ഷൻ അദ്ദേഹത്തിൻെറ പ്രസംഗത്തിൽ ഇങ്ങനെ പ്രസ്താവിച്ചു എന്നു പറഞ്ഞുകൊണ്ടു് അദ്ദേഹത്തിൻെറ പ്രസംഗത്തിൻെറ ഏതാനുംഭാഗം റിപ്പോർട്ടുചെയ്യാം. അതുപോലെതന്നെ വാത്താപ്രാധാന്യമുള്ള കാര്യങ്ങളാണു് പറഞ്ഞിട്ടുള്ളതെങ്കിൽ മററുള്ളവരുടേയും പ്രസംഗഭാഗങ്ങൾ റിപ്പോർട്ടുചെയ്യേണ്ടതാവശ്യമാണു്.

പ്രസംഗം റിപ്പോർട്ടുചെയ്യുമ്പോൾ റിപ്പോർട്ടർ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ടു്. ചില ലേഖകന്മാർ അദ്ധ്യക്ഷൻെറയും പ്രാസംഗികരുടേയും പ്രസംഗം വിട്ടിട്ടു് സ്വാഗതപ്രാസംഗികൻെറ പ്രസംഗംമാത്രം അതും വിസ്തരിച്ചു് എഴുതി അയയ്ക്കും. റിപ്പോർട്ടർക്കു് അയാളോടൽപ്പം താല്പര്യമുണ്ടെന്നേ ഇതിനർത്ഥമുള്ളു. അതു ശരിയല്ല—പ്രസംഗത്തിൻെറ പ്രാധാന്യം ആയിരിക്കണം അളവുകോൽ—പ്രധാന പ്രസംഗകരുടെ പ്രധാനപ്രസംഗഭാഗങ്ങൾ വേണം റിപ്പോർട്ടുചെയ്യാൻ. ചില സ്വാഗതപ്രസംഗങ്ങളും പ്രാധാന്യം ഉൾക്കൊള്ളുന്നവയായിരിക്കും. അത്തരംപ്രസംഗങ്ങൾ ഉപേക്ഷിക്കരുതു് എന്നു വ്യക്തമാണു്.

വാത്തകൾ തെററായി റിപ്പോർട്ടുചെയ്യുക, വാചകങ്ങൾ മുറിച്ചെടുത്തു് ദുർവ്യാഖ്യാനം ചെയ്യുക തുടങ്ങിയവയും സ്വീകാര്യമായ സമ്പ്രദായമല്ല. വാത്തകൾ വസ്തുനിഷ്ഠമായും സത്യസന്ധമായും വേണം എഴുതാൻ.

പ്രസംഗത്തിലെ ഏററവും പ്രധാനപ്പെട്ട ഒരുവാചകംവേണം റിപ്പോർട്ടിൻെറ ആദ്യം കൊടുക്കുവാൻ. അതു് ഇന്നാരു് ഇന്ന സ്ഥലത്തുവെച്ചു് പ്രസ്താവിച്ചു എന്നുപറയുക. പിന്നീട് അദ്ദേഹത്തിൻെറ പ്രസംഗം പ്രാധാന്യമനുസരിച്ചു് റിപ്പോർട്ടുചെയ്യുക. പ്രധാന പ്രാസംഗികരുണ്ടെങ്കിൽ അവരുടെ പ്രസംഗത്തിലെ ഏതാനുംവരികളെങ്കിലും റിപ്പോർട്ടു ചെയ്യാവുന്നതാണു്. അല്ലെങ്കിൽ ഇന്നയിന്ന ആളുകൾ പ്രസംഗിച്ചു ഇന്നയാൾ സ്വാഗതം പറഞ്ഞു, കൃതജ്ഞത പ്രകടിപ്പിച്ചതു് ഇന്നാരാണു് എന്നുള്ള വിവരങ്ങൾകൂടി നൽകുക. അപ്പോൾ സമ്മേളനറിപ്പോർട്ടു ഭാഗിയായി.

സമ്മേളനത്തിനുമുമ്പു ജാഥയുണ്ടായിരുന്നെങ്കിൽ ആ വിവരം, ജാഥയുടെ പ്രത്യേകതകൾ, സമ്മേളനത്തോടനുബന്ധിച്ചു കലാപരിപാടികളുണ്ടായിരുന്നെങ്കിൽ ആ വിവരം, തുടങ്ങിയ കാര്യങ്ങൾകൂടിയായാൽ ആ റിപ്പോർട്ടു പൂർണ്ണമായി.

ദേശീയപ്രാധാന്യമുള്ള ഒരു സമ്മേളനത്തിൻെറ റിപ്പോർട്ടു മാതൃകയായി ഉദ്ധരിക്കുന്നു:

(സ്വന്തം ലേഖകൻ) കൊല്ലം, നവം. 10

"പ്രതിരോധയത്നങ്ങളിൽ കേരളത്തിലെ ജനങ്ങൾ ഒററക്കെട്ടായി ദൃഢനിശ്ചയത്തോടും ത്യാഗസന്നദ്ധതയോടും പ്രധാനമന്ത്രിയുടെ പിന്നിൽ അണിനിരന്നിട്ടുണ്ടെന്നു് ഞാൻ പ്രധാനമന്ത്രിയെ അറിയിക്കുന്നതാണെ"ന്നു് കേരളഗവർണ്ണർ ഏ. പി. ജയിൻ

ഇന്നു കൊല്ലത്ത് പ്രതിരോധറാലിയോടനുബന്ധിച്ചു ചേർന്ന വമ്പിച്ച സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ടു പ്രസ്താവിച്ചിരിക്കുന്നു.

ഗവർണ്ണറുടെ ഈ പ്രസ്താവനയിൽ ആവേശഭരിതരായ ജനാവലി ഒന്നടങ്കം ഹർഷാരവം മുഴക്കുകയുണ്ടായി.

വിയർപ്പും രക്തവുംകൊണ്ടു നാം നേടിയെടുത്ത സ്വാതന്ത്ര്യം അപകടത്തിലാക്കുവാൻ ആരെയും അനുവദിക്കുന്നതല്ല. ചീനയും പാക്കിസ്ഥാനും നമ്മുടെ സ്വാതന്ത്ര്യത്തെ വെല്ലുവിളിച്ചിരിക്കുകയാണു്. ഇന്ത്യയുടെ മുപ്പതിനായിരം ചതുരശ്രമൈൽ ചീനയുടെ അധീനത്തിലാണു്. കാശ്മീരിൻെറ മൂന്നിലൊരു ഭാഗം പാക്കിസ്ഥാൻെറ കൈവശവുമത്രെ നാം സമാധാനകാംക്ഷികളാണു്. എന്നാൽ നമ്മുടെക്ഷമ ഒരു ദൌർബ്ബല്യമായി ശത്രുക്കൾ കരുതി. 1962-ൽ ചീന നടത്തിയ ആക്രമണവും, ഇപ്പോൾ പാക്കിസ്ഥാൻ നടത്തിയ സൈനികാക്രമണവും അതിനുദാഹരണമാണു്. ഇന്ത്യ ആത്മരക്ഷയ്ക്കുവേണ്ടി പ്രതിരോധപ്രവർത്തനങ്ങൾക്കു നിർബ്ബന്ധിതമായിത്തീർന്നു. അങ്ങനെ നാം ധീരമായി പൊരുതി പാക്കിസ്ഥാനെ തുരത്തുകതന്നെ ചെയ്തു. നമ്മുടെ സൈന്യങ്ങളുടെ ചരിത്രത്തിൽ സുവർണ്ണലിപികളാൽ രേഖപ്പെടുത്തപ്പെട്ട ഒരദ്ധ്യായംതന്നെയായിരുന്നു അതു്. ചീനയ്ക്കെതിരായി മാത്രം ഉപയോഗിക്കാൻ അമേരിക്ക നൽകിയ ആയുധങ്ങൾ പാക്കിസ്ഥാൻ നമുക്കെതിരായിപ്രയോഗിച്ചു് ദയനീയമായി പരാജയപ്പെട്ടിരിക്കുകയാണു".

മനുഷ്യശക്തി യഥാർത്ഥ പിൻബലം

"യുദ്ധോപകരണങ്ങൾ മാത്രമല്ല, സൈന്യങ്ങളുടെ പിന്നിൽനിൽക്കുന്ന മനുഷ്യരുടെ ശക്തിയുംകൂടിയാണ് യുദ്ധത്തിന്റെ വിജയത്തിനു കാരണം. താരതമ്യേന ആയുധങ്ങൾ കുറവായിരുന്നുവെങ്കിലും നമ്മുടെ ജവാന്മാരുടെ ശിക്ഷണവും ധീരതയുമാണ് നമുക്കു വിജയം കൈവരുത്തിയത്, അതിർത്തിപ്രദേശത്തു നടന്ന ഈ യുദ്ധത്തിൽ നാം സ്തുത്യർഹമായ ഒരു സ്ഥാനം നേടിക്കഴിഞ്ഞിരിക്കുന്നു" എന്ന് ഗവർണ്ണർ തുടർന്നു പറഞ്ഞു.

പാക്കിസ്ഥാനുനേരിട്ട ആഘാതം അവരുടെ ബന്ധുവായ ചീനയ്ക്ക് അസുഖകരമായി തോന്നിയതിന്റെ ഫലമായിട്ടാണ് ഏററവും ജുഗുപ്സാവഹമായ വാദമുഖങ്ങൾ ഉന്നയിച്ചുകൊണ്ട് ഒരു രണ്ടാംസമരമുഖം തുറക്കാൻ ചീന ഒരുമ്പെട്ടത്. പാക്കിസ്ഥാനായാലും ശരി, ചീനയായാലും ശരി സ്വാതന്ത്ര്യം അപകടപ്പെടുത്തുന്ന ഏതൊരു ശക്തിയോടും പടപൊരുതുമെന്ന് ഇന്ത്യൻജനത ദൃഢനിശ്ചയം ചെയ്തുകഴിഞ്ഞിരിക്കുകയാണ്. അങ്ങനെ ചീനയേയും പാക്കിസ്ഥാനേയും ഒരുമിച്ചുതന്നെ നേരിടണമെന്നു നാം തീരുമാനിച്ചു. 1962-നുശേഷം 3 കൊല്ലത്തിനകം നാമും കുറെയൊക്കെ തയ്യാറെടുത്തിട്ടുണ്ട്. അതു യുദ്ധത്തിനല്ല, യുദ്ധത്തെ നേരിടാൻവേണ്ടിയാണ്. കൂടിയാലോചനകളിൽക്കൂടിയുള്ള സമാധാനത്തിന് നാംസന്നദ്ധമാണ്. റഷ്യയിൽവെച്ചു കൂടിയാലോചന നടത്തുവാൻ നാം സന്നദ്ധമായപ്പോൾ അയൂബ്ഖാൻ ഒഴിഞ്ഞുമാറുക

യായിരുന്നു ചെയ്തതു്. കൊളമ്പു് നിർദ്ദേശങ്ങളും നാം സ്വീകരിച്ചു. സമാധാനത്തിൻെറ വാതായനങ്ങൾ നാം ഒരുകാലത്തും അടച്ചിട്ടില്ല. സമാധാനത്തിനുവേണ്ടിയുള്ള നമ്മുടെ സന്നദ്ധത ദൗർബ്ബല്യമായി കരുതരുതെന്നു മാത്രം.

കേരളത്തിലെ ആവേശം

"ഈ സാഹചര്യത്തിൽ നമുക്കും ഉത്തരവാദിത്വമേറിയ ചുമതലകൾ നിർവ്വഹിക്കാനുണ്ടെന്നകാര്യം ജനങ്ങൾ വിസ്മരിക്കരുതെന്നു് ഗവർണ്ണർ പറഞ്ഞു. കേരളീയജനതയിലുടനീളം തനിക്കു കാണാൻകഴിഞ്ഞ ആവേശവും ധീരോദാത്തതയും കേരളം ഒട്ടാകെ ഒരൊററ മനുഷ്യനെപ്പോലെ ശത്രുവിനെതിരായി ഉണർന്നുകഴിഞ്ഞുവെന്നു് ആർക്കും ബോദ്ധ്യമാകത്തക്കവിധമാണു്. മലബാറിൽ തനിക്കു കാണാൻകഴിഞ്ഞ ജനമുന്നേററം കൊല്ലത്തും തനിക്കു കാണാൻകഴിഞ്ഞു മലബാറിലെ മുസ്ലീംകൾ പ്രതിരോധനിധിയിലേയ്ക്കുള്ള സംഭാവന നൽകുന്നതിൽ മററാരുടേയും പിന്നിലല്ലെന്നു കാണാൻകഴിഞ്ഞു.

മതേതരരാഷ്ട്രമായ ഇന്ത്യയിലെ ഹിന്ദുവായാലും മുസൽമാനായാലും സിക്കുകാരനായാലും ക്രിസ്ത്യാനിയായാലും അവരെല്ലാംതന്നെ സ്വതന്ത്രഭാരതത്തിലെ പൗരന്മാരാണു്. ഇന്ത്യയുടെ ഐക്യവും സ്വാതന്ത്ര്യവുംകാത്തുസൂക്ഷിക്കുന്നതിൽ ഇന്നു് ഇന്ത്യൻജനത ഒററക്കെട്ടായി മുന്നോട്ടു വന്നിട്ടുണ്ടു്.

ദേശീയൈക്യത്തിലും സമുദായ സൗഹാർദ്ദത്തിലും നാം ഇന്നു് അഭിമാനാർഹമായ ഒരു സ്ഥാനംനേ

ടിയിട്ടുണ്ട്. പ്രതിരോധയത്നങ്ങളിൽ മുസ്ലീംലീഗും അവരുടെ പങ്കും കടപ്പാടും പ്രകടമാക്കിയിട്ടുണ്ട്,

## ജനങ്ങളെ തയ്യാറാക്കണം

പട്ടാളക്കാരെ മാത്രമല്ല, ജനങ്ങളെ ആകമാനം യുദ്ധത്തിനു തയ്യാറാക്കേണ്ടതുണ്ട്. ജവാന്മാർക്കും മററുള്ളവർക്ക് കരുത്തു നൽകുവാനുള്ള ഭക്ഷണം, ഒരു കമ്മി പ്രദേശമായ ഇന്ത്യയിൽ ഉല്പാദിപ്പിക്കുവാൻ ജനങ്ങൾ ഒററക്കെട്ടായി ത്യാഗപൂർവ്വം പാടങ്ങളിൽ പണിയെടുക്കേണ്ടിയിരിക്കുന്നു. അരി കൂടുതൽ ഉല്പാദിപ്പിക്കുന്ന ആന്ധ്റയിലെയും മദിരാശിയിലെയും ജനങ്ങളോടൊപ്പംതന്നെ മററുള്ളവർക്കും ഭക്ഷണംലഭിക്കേണ്ടതുണ്ട്. അതിലേയ്ക്ക് റേഷനിങ്ങ് തുടരുവാൻ ശ്രമിക്കുകയാണ്. സൈന്യത്തിനാവശ്യമായ പലതും നമുക്കിവിടെയുള്ള ഫാക്ടറികളിൽ ഉല്പാദിപ്പിക്കാൻ കഴിയണം. അതിന് വ്യവസായസമാധാനം അനുപേക്ഷണീയമത്രേ. യുദ്ധപരിതഃസ്ഥിതിയുടെ പേരിൽ തൊഴിലാളികളുടെ അവകാശങ്ങൾ തീറെഴുതുക സാദ്ധ്യമല്ല. പണിമുടക്ക് ഒഴിവാക്കിക്കൊണ്ട് കൺസിലിയേഷനിലൂടെയും ആർബിട്രേഷൻമുഖേനയും വേണ്ടിവന്നാൽ അഡ്ജൂഡിക്കേഷനു വിട്ടും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയെന്നതാണ് ലക്ഷ്യം. ഇവിടെ യുദ്ധാവശ്യത്തിന് എന്തെല്ലാം ഉല്പാദിപ്പിക്കേണ്ടതുണ്ട് എന്നറിയിക്കുവാൻ ഞാൻ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വക കാര്യങ്ങൾ ചർച്ചചെയ്യുന്നതിന് ഒരു ത്രികക്ഷിസമ്മേളനം വിളിച്ചു കൂട്ടുവാനും ഞാൻ തീരുമാനിച്ചിട്ടുണ്ട്.

ഇതു ജനങ്ങളുടെ യുദ്ധമാണ്. ജനങ്ങളെല്ലാം അതിൽ പങ്കാളികളാണ്. പാവപ്പെട്ടവൻ നൽകുന്ന ഒരു ചെമ്പുതുട്ട്, സമ്പന്നൻെറ ആയിരം രൂപയെക്കാൾ വിലപ്പെട്ടതാണ്. പടയാളികളുടെ പിന്നിൽ അണിനിരക്കുന്ന ജനങ്ങളുടെ സൗഹാർദ്ദസന്ദേശങ്ങളാണതു്.

<u>പ്രതിരോധപ്രസ്ഥാനം</u>

പ്രതിരോധനിധിയിലേയ്ക്കുള്ള ധനശേഖരം ജനങ്ങളുടെ ഒരു പ്രസ്ഥാനമാക്കി മാററുവാൻ ശ്രമിക്കുന്നതാണ്. ഇതിനുപുറമേ ദേശീയ പ്രതിരോധത്തിലും നാം കാര്യമായി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

നിരുത്തരവാദപരമായി ജനങ്ങളെ തെററിദ്ധരിപ്പിക്കുവാൻ കരുതിക്കൂട്ടി കിംവദന്തികൾ പ്രചരിപ്പിക്കുന്നവരെ തടയേണ്ടതാണ്. രാജ്യദ്രോഹപരമായി സംസാരിക്കുന്ന ഇത്തരക്കാരെ കൈകാര്യം ചെയ്യേണ്ടതായി വരുമെന്നും ഗവർണ്ണർ മുന്നറിയിപ്പു നൽകി. "എൻെറ ഹൃദയം ജനങ്ങളിലാണ്. അവരുടെ ഹൃദയവിശ്വാസവും എനിക്കു ലഭിക്കണം, എന്നാണു് ഞാനാഗ്രഹിക്കുന്നതു്. പ്രതിരോധയത്നങ്ങളിൽ എല്ലാവരും ഏവംവിധേനയും സഹകരിക്കണം" എന്നഭ്യർത്ഥിച്ചുകൊണ്ടാണ് ഗവർണ്ണർ അദ്ദേഹത്തിൻെറ പ്രസംഗം ഉപസംഹരിച്ചതു്.

സമ്മേളനത്തിൽ ജില്ലാകലക്ടർ ശ്രീ എം.എസ്. കെ രാമസ്വാമി അദ്ധ്യക്ഷത വഹിച്ചു. സർവ്വശ്രീ സി. അച്ചുതമേനോൻ, ആർ. ബാലകൃഷ്ണപിള്ള,

ടി. കെ. ദിവാകരൻ എന്നിവരാണു പ്രസംഗിച്ചതു്. ശ്രീ സി എം സ്റ്റീഫൻ സ്വാഗതവും, ടി. കെ. എം. കോളേജ് പ്രിൻസിപ്പൽ ശ്രീ എം. കെ. എം. ഹമീദ് കൃതജ്ഞതയും പറഞ്ഞു.

കൊല്ലംജില്ലയിൽനിന്നു പ്രതിരോധനിധിയിലേയ്ക്കു് ഇന്നലെവരെ 310000 ക ലഭിച്ചുവെന്നു് കളക്ടർ പ്രസ്താവിച്ചു. ഇതിനുപുറമെ അറുപതിനായിരത്തോളം ക. യോഗത്തിൽവച്ചു് വിവിധ സ്ഥാപനങ്ങളും തൊഴിലാളികളും ഗവർണ്ണറെ ഏല്പിക്കുകയുണ്ടായി.

മുകളിൽ കൊടുത്തിട്ടുള്ള റിപ്പോർട്ടു് രാഷ്ട്രീയ സ്വഭാവമുള്ള ഒരു വമ്പിച്ച സമ്മേളനത്തിന്റേതാണു്. സാഹിത്യവും സംസ്കാരവുമായി ബന്ധപ്പെട്ട മറെറാരു സമ്മേളനത്തിന്റെ ഹ്രസ്വമായ റിപ്പോർട്ടു് താഴെച്ചേർക്കുന്നു.

(സ്വന്തം ലേഖകൻ) തൃശ്ശൂർ, മേയ് 5

ഉന്നതിയിലേയ്ക്കു നയിക്കാൻ പ്രാപ്തമായ പൗരുഷംനിറഞ്ഞ സാഹിത്യമാണു് ഇന്നത്തെ തലമുറയ്ക്കു് ആവശ്യമെന്നും നമ്മുടെ പത്രങ്ങളും മാസികകളും അവരുടെ സമീപനത്തിൽ അതനുസരിച്ചു മാററം വരുത്തണമെന്നും ശ്രീ എം. കെ. കെ. നായർ പ്രസ്താവിച്ചിരിക്കുന്നു,

വിലങ്ങൽ ശ്രീരാമകൃഷ്ണാശ്രമം പ്രസിദ്ധീകരിക്കുന്ന പ്രബുദ്ധകേരളം എന്ന ആദ്ധ്യാത്മികമാസികയുടെ സുവർണ്ണജൂബിലിപ്പതിപ്പ് പൂങ്കുന്നത്തുള്ള

KOTTAYAM PUBL

ആശ്രമം ഹാളിൽകൂടിയ യോഗത്തിൽവച്ചു് ഉൽഘാടനം ചെയ്യുകയായിരുന്നു ശ്രീ നായർ. കേരള സാഹിത്യ അക്കാദമി പ്രസിഡണ്ടു് പുത്തേഴത്തു രാമൻമേനോൻ അദ്ധ്യക്ഷത വഹിച്ചു

ഒരു ആദ്ധ്യാത്മിക പ്രസിദ്ധീകരണം അനവധി വിഷമഘട്ടങ്ങൾ തരണംചെയ്തു് 50 കൊല്ലം പൂർത്തിയാക്കി വിജയപൂർവ്വം ഇറക്കുന്ന സുവർണ്ണജൂബിലിപ്പതിപ്പു് വിജയദശമിദിവസം തന്നെ ഉൽഘാടനം ചെയ്യുന്നതു് സർവ്വഥാ ഉചിതമാണെന്നു് അദ്ദേഹം പറഞ്ഞു സ്വാമി ശുദ്ധാനന്ദജി. സ്വാഗതം പറഞ്ഞു.

50 കൊല്ലംമുമ്പു് ഈ മാസിക ആരംഭിച്ച കാലത്തെ പ്രബുദ്ധതപോലും ഇന്നുണ്ടോ എന്നു് സംശയമാണെന്നു് ശ്രീ എം. കെ. കെ. നായർപറഞ്ഞു. കേരളം 50 കൊല്ലം പിറകിലേയ്ക്കു പോകണമെന്നല്ല, ഈ 50 കൊല്ലത്തിനിടയ്ക്കു് താഴേയ്ക്കല്ലാതെ മേല്പോട്ടു നാം പോയിട്ടുണ്ടോ എന്നാലോചിച്ചു പോകുകയാണു് എന്നാണദ്ദേഹം പറഞ്ഞതു്. പ്രബുദ്ധതയുടെ കുറവാണു് നാടിനു സംഭവിച്ച അധഃപതനത്തിനു കാരണം

ശ്രീ എസ്. ഗുപ്തൻനായർ, സ്വാമിവിദ്യാധരാനന്ദജി എന്നിവർ പ്രസംഗിച്ചു. സ്വാമി ഗണാനന്ദജി കൃതജ്ഞത പറഞ്ഞു.

ഇതാ മറെറാരു സമ്മേളന റിപ്പോർട്ടു്:

ഭക്ഷ്യനയത്തിൽ അമ്പേ പരാജയപ്പെട്ട ശാസ്ത്രീ സർക്കാർ ജനജീവിതംകൊണ്ടു് പന്താടുന്നതിൽ പ്ര

തിഷേധിക്കാനും, സ്വന്തം കക്ഷിയിൽനിന്നുപോലുമുണ്ടായ അഴിമതിയാരോപണങ്ങൾക്കു വിധേയമായി ശങ്കറിൻെറ കോൺഗ്രസ്സ് മന്ത്രിസഭ ദയനീയമായി നിലംപതിച്ചതിനുശേഷം കേരളത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയസംഭവവികാസങ്ങളെ വിശദീകരിക്കാനും സംയുക്തസോഷ്യലിസ്റ്റ് പാർട്ടിയുടെ നയപരിപാടികൾ, അടുത്തുവരുന്ന പൊതുതെരഞ്ഞെടുപ്പിൻെറ പ്രാധാന്യം എന്നിവ വിവരിക്കാനുമായി കഴിഞ്ഞ ഞായറാഴ്ച ഗുരുവായൂർ കിഴക്കെനടയിൽ പടിഞ്ഞാറെ ആൽത്തറയിൽവച്ച് എസ്. എസ്. പി. ഗുരുവായൂർ ടൗൺഷിപ്പ് കമ്മററിയുടെ ആഭിമുഖ്യത്തിൽ ഒരു പൊതുയോഗം ചേരുകയുണ്ടായി. ശ്രീ കുട്ടൻപിള്ള അദ്ധ്യക്ഷത വഹിച്ചു.

കേരളത്തിൽ മുൻമുഖ്യമന്ത്രി ശങ്കർ ഭരണാധികാരത്തിലുള്ളപ്പോൾ ഭക്ഷ്യനില രൂക്ഷമായിപ്പോകുന്നതിനെ ഫലപ്രദമായി നേരിടാൻ ആവശ്യമായ നടപടികൾ കാലേക്കൂട്ടിത്തന്നെ സ്വീകരിക്കണമെന്നു പറഞ്ഞ ബഹുജനസംഘടനകളേയും പൊതുജനജിഹ്വകളായ പത്രങ്ങളേയും പുച്ഛിക്കാനും അവഗണിക്കാനും ബോധപൂർവ്വം പരിശ്രമിച്ച കോൺഗ്രസ്സിൻെറ ശങ്കർമന്ത്രിസഭയാണ് ഇന്നത്തെ ഭക്ഷ്യക്ഷാമത്തിനും സകല കുഴപ്പങ്ങൾക്കും കാരണമെന്നും ദീർഘവീക്ഷണമില്ലാത്ത തെററായ കണക്കുകൂട്ടലുകളും നിരുത്തരവാദപരമായ പൂർവ്വാപരവിരുദ്ധപ്രഖ്യാപനങ്ങളും വാചകമടിക്കലും ജനങ്ങളെ കൂടുതൽ കുഴപ്പത്തിലേയ്ക്കും അസംതൃപ്തിയിലേയ്ക്കും എത്തിച്ചിരിക്കയാണെന്നും

ഭക്ഷ്യനയം പുറേറ പരാജയപ്പെട്ടതിൻെറ വെളിച്ച ത്തിൽ കേന്ദ്ര ഭക്ഷ്യമന്ത്രിയും പ്രധാനമന്ത്രിയും രാജി വയ്ക്കേണ്ടതാണെന്നും, അരിയല്ലൂർ റയിലപകടത്തിൽ അന്നത്തെ റയിൽവേമന്ത്രിയായിരുന്ന ശ്രീ ശാസ്ത്രി രാജിവയ്ക്കാൻ പ്രേരകമായ ധാർമ്മികരോഷം ഇന്നെ വിടെപ്പോയി എന്നും, അഴിമതിയും, കരിഞ്ചന്തയും, പൂഴ്ത്തിവയ്പും നടത്തി കൊള്ളയടിക്കുന്നവരെ സം രക്ഷിക്കുന്ന കോൺഗ്രസ്സ് സംഘടനയ്ക്കും, കോൺഗ്ര സ്സ് സർക്കാരിനും ബഹുജനങ്ങളുടെപേരിൽ സംസാ രിക്കാനും സോഷ്യലിസ്റ്റ് സാമൂഹ്യക്രമത്തെക്കുറിച്ച് വാതോരാതെ പ്രചാരകമടിക്കാനും എന്തവകാശമാണു ള്ളതെന്നും ഈ കമ്പനിയുടെ ആപ്പീസുപൂട്ടിക്കാൻ എല്ലാ ജനവിഭാഗങ്ങളും കരുതിയിരിക്കണമെന്നും എസ്. എസ്. പി, തൃശ്ശൂർജില്ലാസെക്രട്ടറി സ: വി. അഖിലേശചരൻമാസ്റ്റർ തൻെറ നീണ്ടുനിന്ന പ്രസം ഗത്തിൽ ജനങ്ങളോടഭ്യർത്ഥിച്ചു.

ഒരു സമ്മേളനറിപ്പോർട്ടിനാവശ്യമായ പ്രധാന പ്പെട്ട എല്ലാ ഘടകങ്ങളും ഈ റിപ്പോർട്ടിലുണ്ട്. പ ക്ഷെ ശരിയായ ഒരു സമ്മേളനറിപ്പോർട്ടല്ല ഇതു്. ഈ റിപ്പോർട്ടിൻെറ ആദ്യഭാഗത്തുള്ള സമ്മേളനോ ദ്ദേശം സമ്മേളനം നടത്തുന്നവരുടെ ഒരു ബിററ്നോ ട്ടീസ്സാണു്. ഒരു റിപ്പോർട്ടറുടെ കുറിപ്പല്ല.

തുടർന്നുവരുന്ന പ്രസംഗത്തിൽ പല പ്രധാനകാ ര്യങ്ങളും പ്രാസംഗികൻ പറയുന്നുണ്ട്. പക്ഷെ ഏതിനാണു് കൂടുതൽ പ്രാധാന്യം നൽകേണ്ടതു്. പ്രാസംഗികൻെറ രണ്ടു മൂന്നിക്കൂർ ദീർഘിച്ച പ്രസ

ഗം ഒററവാചകത്തിൽ പകർത്തിയിരിക്കുകയാണ്. ഈ പ്രസംഗം ശരിയായ വിധത്തിൽ പ്രസിദ്ധപ്പെടുത്തണമെങ്കിൽ പത്രാധിപർ ഇതുമുഴുവൻ വീണ്ടും എഴുതേണ്ടിയിരിക്കുന്നു.

സമ്മേളനത്തിൽ പങ്കുകൊണ്ട മററു പ്രാസംഗികരെപ്പററി ഈ റിപ്പോർട്ടിൽ യാതൊന്നും പറയുന്നില്ല.

ഇതേസമ്മേളനം പത്രാധിപർ തിരുത്തിഎഴുതുകയാണെങ്കിൽ ആ റിപ്പോർട്ട് ഏറെക്കുറെ ഇങ്ങനെയിരിക്കും:

കേരളത്തിലെ ഭക്ഷ്യക്ഷാമത്തിനും, സകല കുഴപ്പങ്ങൾക്കും കാരണം കോൺഗ്രസ്സിൻെറ ശങ്കർമന്ത്രിസഭയാണെന്നു് എസ്. എസ്. പി. തൃശ്ശൂർ ജില്ലാ സെക്രട്ടറി ശ്രീ അഖിലേശ്വരൻ പ്രസ്താവിച്ചിരിക്കുന്നു.

ഗുരുവായൂർകിഴക്കേനടയിൽ കൂടിയ ഒരു എസ്. എസ്. പി. യോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ശ്രീ അഖിലേശ്വരൻ ഇങ്ങനെ തുടർന്നു:

..................പ്രസംഗത്തിൻെറ ബാക്കിഭാഗങ്ങൾ ചേർക്കുക.

സമ്മേളനത്തിൽ ശ്രീ കുട്ടൻപിള്ള അദ്ധ്യക്ഷത വഹിച്ചു. സർവ്വശ്രീ അച്ചുതൻ, ഉമ്മർ എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തിനുമുമ്പ് ജാഥയും പ്രകടനവും ഉണ്ടായിരുന്നു.

സമ്മേളനറിപ്പോർട്ടിൻെറ രീതി വ്യക്തമാക്കാനാണു് ഇത്രയും ഇവിടെ ചൂണ്ടിക്കാണിച്ചതു്.

പ്രസംഗറിപ്പോർട്ടുകളിൽ ഏററവും പ്രധാനപ്പെട്ട വാചകംവേണം ആദ്യം തുടങ്ങുവാൻ. സമ്മേളനനടപടികഠം അവസാനമോ ഇടയ്ക്കോ ചേർക്കാവുന്നതാണു്. പ്രധാന പോയിൻററിനെത്തുടർന്നു് പ്രാധാന്യം അനുസരിച്ചു മററുകാര്യങ്ങളും വരണം. പ്രസംഗത്തിനു് ഹെഡിംഗ് എഴുതുന്നതിനും ആവശ്യത്തിലധികം ദീർഘമെന്നുതോന്നിയാൽ പത്രാധിപർക്കു് സൗകര്യപൂർവ്വം വെട്ടിച്ചുരുക്കുന്നതിനും ഈ രീതി ആവശ്യമാണു്.

(ആധുനിക പത്രപ്രവർത്തനം എന്ന ഗ്രന്ഥത്തിൽ സബ് എഡിററന്മാരുടെ ജോലിയെപ്പററി പറയുമ്പോഠം ഈ കാര്യം വിശദീകരിക്കുന്നുണ്ടു്.)

ഇവിടെ കൊടുത്തിട്ടുള്ള ഉദാഹരണങ്ങളിൽ നിന്നും സമ്മേളനറിപ്പോർട്ടുകളുടെ ഒരേകദേശരൂപം വായനക്കാർക്കു ലഭ്യമാകുന്നതാണു്.

THE KOTTAYAM PUBLIC LIBRARY
KOTTAYAM.

# പ്രാദേശികാവശ്യങ്ങളും പരാതികളും

Jeevan
Pictures
Kottayam.

മലയാളപത്രങ്ങളിൽ പ്രാധാന്യം അർഹിക്കുന്ന ഒരു പംക്തിയായിത്തീർന്നിട്ടുണ്ട് പ്രാദേശികാവശ്യങ്ങളെ സംബന്ധിച്ച വാർത്തകൾ 'പത്രാധിപർക്കുള്ള കത്തുകളും' പരാതികളും ആവശ്യങ്ങളും' 'അധികൃതരുടെ ശ്രദ്ധയ്ക്ക്' 'ആക്ഷേപങ്ങളും അഭിപ്രായങ്ങളും' എല്ലാംതന്നെ ഇക്കൂട്ടത്തിൽ പെടുത്താവുന്നവയാണ്

ഇവയിൽ നാട്ടുകാർക്കെല്ലാം പ്രയോജനമുള്ളവയും നിരുപദ്രവവുമായ വാർത്തകളും വ്യക്തികളെമാത്രം ബാധിക്കുന്നതും പലപ്പോഴും മററുചിലർക്കു ദോഷം ചെയ്യേക്കാവുന്നതും ആയ വാർത്തകൾ ഉൾപ്പെടുന്നു.

"വാഴപ്പള്ളി പഞ്ചായത്തിലെ കണ്ണമ്മൂലയിലുള്ള ലൈററ് കത്താതെയായിട്ട് ദിവസങ്ങൾ പലതായി. അധികാരികൾ ശ്രദ്ധിക്കണം."

"പെരുമ്പളം സൗത്ത് എൽ. പി. ജി. സ്കൂളിൽ വേണ്ടത്ര അദ്ധ്യാപകരില്ല. അഞ്ഞൂറിൽപ്പരം വിദ്യാർത്ഥികൾക്ക് മൂന്ന് അദ്ധ്യാപകർ മാത്രമാണുള്ളത്. ഈ സ്കൂളിൽ കൂടുതൽ അദ്ധ്യാപകരെ നിയമിക്കുന്നതിന്ന് അധികൃതർ സത്വരനടപടികൾ സ്വീകരിക്കണം."

"മന്ദമരുതി-വെച്ചൂച്ചിറ റോഡിൻെറ ശോചനീയാവസ്ഥ ഇതുവരെ പരിഹരിക്കപ്പെട്ടിട്ടില്ല. ടെൻഡർ കൊടുത്തിട്ട് മൂന്നു വർഷങ്ങളോളമായിരിക്കുന്ന

ഈ റോഡ്, തുലാവർഷം കഴിഞ്ഞപ്പോൾ ഒരു തോടായി മാറിയിരിക്കുകയാണ്. ഇടവപ്പാതിക്കു മുമ്പെങ്കിലും ഇതു് ഒരു റോഡായി കാണുവാൻ ആഗ്രഹിക്കുന്നു."

കോട്ടയത്തെയും പടിഞ്ഞാറൻ പ്രദേശങ്ങളേയും തമ്മിൽ യോജിപ്പിക്കുന്ന ഇല്ലിക്കൽ പാലം തകർന്നു വീഴാറായിരിക്കുന്നു. പ്രസ്തുത പാലം എത്രയുംവേഗം പൊളിച്ചുപണിയേണ്ടതാണ്. അല്ലാത്തപക്ഷം അപകടങ്ങളുണ്ടാകാൻ സാദ്ധ്യതയുണ്ട്.

ഇതെല്ലാം പ്രസിദ്ധീകരണാർഹങ്ങളായ പ്രാദേശികാവശ്യങ്ങളാണ്. ഏതെങ്കിലും ഒരു വ്യക്തിക്കു മാത്രമല്ല; പ്രാദേശികമായി പ്രയോജനവും പ്രാധാന്യവുമുള്ള ഇത്തരം വാർത്തകൾ, അധികൃതരുടെ ശ്രദ്ധ നാട്ടാവശ്യങ്ങളിലേയ്ക്കു തിരിക്കുന്നതിനു സഹായകമായിരിക്കും.

പരാതികൾ

പ്രാദേശികലേഖകന്മാരിൽനിന്നും പത്രമാഫീസിൽ കുന്നുകൂടുന്ന വാർത്തകളിൽ നല്ലൊരു പങ്ക് പരാതികളാണ്.

"സ്ഥലം ഗവൺമെൻറ് ഹൈസ്കൂളിലെ ഇംഗ്ലീഷ് അദ്ധ്യാപകൻവിദ്യാർത്ഥിനികളോട് അപമര്യാദയായി പെരുമാറുന്നുവെന്നു് പരാതിയുണ്ടായിരിക്കുന്നു"

"വയലത്തല പഞ്ചായത്തിലെ കുടില്പുമുക്ക്-പുതമൺ റോഡിലെ ലൈററുകൾ കത്താതെയായിട്ട് മാ

സങ്ങൾ പലതായി. ഈ ലൈൻ സൂക്ഷിക്കുന്നതിനുള്ള ഉദ്യോഗസ്ഥനോട് ഇക്കാര്യം പലപ്രാവശ്യം പറഞ്ഞിട്ടും പ്രയോജനമില്ല. കാപ്പിക്ക് എന്തെങ്കിലുംകിട്ടിയാലേ കാര്യം നടക്കയുള്ളൂ എന്നു വന്നിരിക്കുകയാണു്."

"സ്ഥലം താലൂക്കാഫീസിൽ വളം വാങ്ങുന്നതിനുള്ള അപേക്ഷകൾ സർട്ടിഫൈ ചെയ്തുകിട്ടുന്നതിനുള്ള വിഷമം, സെക്രട്ടറിയേററിൽനിന്നു കാര്യംകാണുന്നതിലും വിഷമകരമായിരിക്കയാണു്. വില്ലേജാഫീസർ ഓരോ ഒഴികഴിവു പറഞ്ഞു കർഷകരെ ബുദ്ധിമുട്ടിക്കുന്നു."

ഇത്തരം പരാതികളാണു പ്രാദേശികലേഖകന്മാർ അയയ്ക്കുന്നവയിൽ ഏറിയകൂറും—ലേഖകന്മാരുടെ ദൃഷ്ടിയിൽ ഈ വാർത്തകൾക്കു് യാതൊരു പാകപ്പിഴയുമില്ല.

പക്ഷെ, പത്രാധിപർ ഈ വാർത്തകൾ കൊടുക്കുന്നതിനുമുമ്പു് ഒന്നാലോചിക്കാതിരിക്കയില്ല. പ്രത്യക്ഷത്തിൽ ആരുടേയും പേരു പറഞ്ഞിട്ടില്ലെങ്കിലും വ്യക്തമായിത്തന്നെ ചില വ്യക്തികളെ പരാമർശിക്കുന്നവയാണു് ആ വാർത്തകൾ. അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ സത്യമോ അസത്യമോ ആകാം. ലേഖകനു് നേരിട്ടു് ബോദ്ധ്യമുള്ളതുമാകാം. മററാരെങ്കിലും പ്രേരണ ചെലുത്തിയതനുസരിച്ചു് എഴുതിയതുമാവാം,

പത്രാധിപരെ സംബന്ധിച്ചിടത്തോളം ഇത്തരം അവ്യക്തമായ വസ്തുതകളടങ്ങിയ വാർത്തകൾ പ്രസി

ല്പെട്ടതാണ്. ആരോപണങ്ങൾക്ക് വിധേയരായവർ അതിനെപ്പററി ചോദിച്ചാൽ മറുപടി പറയേണ്ടതു് പ്രധാനമായും പത്രാധിപരാണു്. ചിലപ്പോൾ അടിസ്ഥാനരഹിതമായ വാർത്ത പ്രസിദ്ധീകരിച്ചതിനു് പത്രാധിപർ കോടതിയിൽ പോകേണ്ടതായും മൊഴി നൽകേണ്ടതായും വരും. അതുകൊണ്ടു പരോക്ഷമായിപ്പോലും മററുള്ളവർക്കെതിരായ വാർത്തകൾ അയയ്ക്കാതിരിക്കാൻ ലേഖകർ ശ്രദ്ധിക്കേണ്ടതാണു്. ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനെപ്പററി പരാതിയുണ്ടെങ്കിൽ തെളിവുസഹിതം മേലധികാരികളോടു പരാതിപ്പെടുകയാണു വേണ്ടതു്.

പേരുപറഞ്ഞു് വിമർശനം നടത്തുന്ന പരാതികളും കുറവല്ല.

"സ്ഥലം പാർത്ഥസാരഥി ക്ഷേത്രത്തിലെ മാധവരാമൻ എന്നയാൾ കഴിഞ്ഞദിവസം മദ്യപിച്ചു മൈതാനത്തിനായിസമീപത്തു് അന്തസ്സോടും അഭിമാനത്തോടുംകൂടെ താമസിക്കുന്നവരെ അസഭ്യങ്ങൾ പറയുകയും ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്ത ഒരു സംഭവം ഉണ്ടായിരിക്കുന്നു. പോലീസ് അധികൃതർ ശ്രദ്ധിക്കണം."

"സ്ഥലത്തെ ഗവർമ്മെൻറാശുപത്രിയിലെ രോഗികൾക്കു് അരക്ഷിതാവസ്ഥ നേരിട്ടിരിക്കുന്നു. കഴിഞ്ഞ ഏതാനും ദിവസങ്ങളായി ഇവർക്കു് കഞ്ഞി ഇല്ലാതായിട്ടു്. അതോടൊപ്പംതന്നെ, രോഗികൾക്കു് പാലിൽ പഞ്ചസാര ചേർത്തു കൊടുക്കണമെന്ന വ്യവസ്ഥയും പാലിക്കപ്പെടുന്നില്ല. കൺട്രാക്റ്റർ 2 കിലോ

പഞ്ചസാരവീതം പാലിനോടൊപ്പം ആശുപത്രിയിൽ എത്തിക്കുന്നുണ്ട്. എന്നാൽ ഒരുഗ്രാം പഞ്ചസാരപോലും പാലിൽ വീഴാറില്ല. കുശിനിക്കാരൻ തോമ്മാ ദൈവംപോലും അറിയാതെ പഞ്ചസാരവിററ് പണമാക്കുകയാണ്."

"മാണിക്യക്കന്നു പഞ്ചായത്തിലെ രണ്ടും മൂന്നും പഞ്ചായത്തുവാർഡുകളിൽ എന്യൂമറേഷൻ നടത്തിയ വാദ്ധ്യാർ പലരുടേയും വീടുകൾ വിട്ടുപോയിട്ടുണ്ട്, ചില വീടുകളിൽ, രണ്ടിടങ്ങഴി വിത്തുവിതയ്ക്കാനുള്ള വർ കൃഷിക്കാരാണെന്നു് എഴുതിപ്പോയതുകൊണ്ട് റേഷൻകാർഡില്ലാതെ ആയിരിക്കയാണ്. സ്ഥലംപ്രൈമറിസ്കൂളിലെ സുകുമാരൻ എന്ന അദ്ധ്യാപകനാണ് ഈ വാർഡുകളിൽ എന്യൂമറേഷൻ നടത്തിയത്."

"കിഴിക്കുംമുറിയിൽ താഴത്തെവീട്ടിൽ ഔസേപ്പ് 10 രൂപാപ്രകാരം കരിഞ്ചന്തയിൽ വിററ നെല്ല് നാട്ടുകാർ പിടികൂടി ന്യായവിലയ്ക്കു വിററിരിക്കുന്നു. സ്ഥലത്തെ മാന്യന്മാരെ കേസ്സിൽ കുടുക്കാൻ ഇയാൾ ഇപ്പോൾ വക്കീലാഫീസുകൾ കയറിയിറങ്ങുകയാണ്."

മേൽ ഉദ്ധരിച്ചിരിക്കുന്ന ഉദാഹരണങ്ങൾ ശ്രദ്ധിക്കുക. ചില വ്യക്തികളെ കുററപ്പെടുത്തുന്ന വാർത്തകളാണവയെല്ലാം. അതിൽ പറയുന്ന കാര്യങ്ങളിൽ സത്യം ഉണ്ടെങ്കിൽപോലും പത്രങ്ങൾ അത്തരം വാർത്തകൾ പ്രസിദ്ധീകരിക്കയില്ല. ഈ വാർത്തകളുടെ സ്ഥാനം ചവററുകുട്ടയിലായിരിക്കും. വ്യക്തിപരമായ എന്തെങ്കിലും താല്പര്യമൊ ആരോപണത്തിനാവി

ധേയനായിരിക്കുന്ന ആളോട്ട് എന്തെങ്കിലും വിദ്വേഷമോ വച്ചുകൊണ്ടായിരിക്കും ആ വാത്ത എഴുതുന്നതു്. പരാതിക്കു വിധേയനായിരിക്കുന്ന ആറം കോടതിയെ സമീപിച്ചാൽ പത്രാധിപർക്കും പുറകെ പോകേണ്ടിവരും. ഇങ്ങനെ പല വസ്തുതകളും കണക്കിലെടുത്തുകൊണ്ടു്, വ്യക്തികളെ പരാമർശിക്കുന്ന വാത്തകറം പത്രാധിപർ മാററിവയ്ക്കുകയാണു് ഏററിയക്രമം ചെയ്യാറു്.

റിപ്പോർട്ടറന്മാർ ഏതു വാത്ത അയയ്ക്കുമ്പോഴും ശ്രദ്ധിക്കേണ്ട ഒരു കാര്യമാണു് വ്യക്തിപരമായ പരാമർശങ്ങറം ഒഴിവാക്കണമെന്നതു്. ആരെയെങ്കിലും പററിയുള്ള ഹിതകരമല്ലാത്ത എന്തെങ്കിലും വാത്ത അച്ചടിച്ചു വിട്ടുകഴിഞ്ഞാൽ അതയാറംക്കു് ദ്രോഷ്യം ചെയ്യുന്നതുപോലെ പത്രത്തിനും വിഷമങ്ങറം ഉണ്ടാക്കും. അത്തരം സാഹചര്യം ഒഴിവാക്കുകയാണല്ലോ നല്ലതു്. വാത്തകറം സത്യങ്ങളാണെങ്കിൽപ്പോലും പത്രത്തിൽ പ്രസിദ്ധപ്പെടുത്താൻ കഴിയാതെവരുന്നതു് ഇത്തരം സന്ദർഭങ്ങളിലാണു്,

കശുവണ്ടി ഫാക്ടറിയിൽ ജോലികഴിഞ്ഞു മടങ്ങിവന്ന തെക്കേപ്പുറത്തുവീട്ടിൽ ഫാത്തിമ എന്ന മസ്ലീംയുവതിയെ പുളിമൂട്ടകവലയിൽവച്ചു് കരുണാകരൻ എന്ന ഒരു റൗഡി കയ്യിൽ കടന്നുപിടിച്ചു് ബലാൽക്കാരമായി മാനഭംഗം ചെയ്യാൻ ശ്രമിച്ചിരിക്കുന്നു. ഈ ആഭാസൻ ഇതിനുമുമ്പും ഇത്തരം നീചകർമ്മങ്ങറം ചെയ്തിട്ടുള്ളയാളാണു്, ഈ സംഭവം തേച്ചുമായ്ക്കാൻ ചില തല്പരകക്ഷികറം ശ്രമം നടത്തുന്ന

തായും അറിയുന്നു. പോലീസ് നിഷ്പക്ഷമായി ഇട പെടാത്തതിൽ നാട്ടുകാർക്കു ക്ഷോഭമുണ്ട്. 'മാനഭംഗ പ്പെടുത്തി' എന്ന തലക്കെട്ടുകൂടി ഇട്ടായിരിക്കും സ്വ. ലേ. ഈ വാർത്ത അയയ്ക്കുക.

വിവേകശാലിയായ പത്രാധിപർ ഈ വാർത്ത യ്ക്കു ചില ശസ്ത്രക്രിയകൾ നടത്താതെ പ്രസിദ്ധപ്പെ ടുത്തുകയില്ല. ഈ വാർത്ത പത്രാധിപർ ഇങ്ങനെയാക്കു ന്നു: "പുളിമൂട്ട കവലയിൽവച്ച് ഒരു യുവാവ്, കശു വണ്ടി ഫാക്ടറയിൽനിന്നും ജോലികഴിഞ്ഞു വീട്ടി ലേയ്ക്കു മടങ്ങുന്ന ഒരു യുവതിയെ ബലാൽക്കാരം ചെ യ്യാൻ ശ്രമിച്ചതായി ഒരു പരാതിയുണ്ടായിരിക്കുന്നു." യുവതിയുടേയൊ യുവാവിൻെറയൊ പേരോ വീട്ടുപേ രോ കൊടുക്കുകയില്ല. സംഭവം നൽകുക എന്നല്ലാതെ വ്യക്തികളെസംബന്ധിച്ച വിശദവിവരങ്ങൾ ഇത്ത രം വാർത്തകൾക്കു നൽകുന്നതു് ഉചിതമായിരിക്കു യില്ല.

ഈ സംഭവത്തെ അടിസ്ഥാനമാക്കി പോലീസ് ഒരു കേസ് ചാർജ്ജ്ചെയ്യുകയും കുററവാളിയെ ശി ക്ഷിക്കുകയും ചെയ്യുന്നപക്ഷം കുററക്കാരൻെറ പേർ നൽകാവുന്നതാണു്. ആ സന്ദർഭത്തിലും ആക്രമണ ത്തിനു വിധേയയായ യുവതിയുടെ പേരുംമററും പര സ്യപ്പെടുത്താതിരിക്കുകയാണു നല്ലതു്.

## കേരള സർവ്വകലാശാലയുടെ ഭാഷാവിദ്വേഷം

കേരളത്തിൻെറ ഭാഷ, സാഹിത്യം, സംസ്കാരം എന്നിവയെ പ്രോത്സാഹിപ്പിക്കുക എന്ന വ്യക്തവും പ്രഖ്യാപിതവുമായഉദ്ദേശത്തോടുകൂടിനിലകൊള്ളുന്ന

കേരളസർവ്വകലാശാല ഏതാനും വർഷങ്ങളായി അനുവർത്തിച്ചുപോരുന്ന ഭാഷാവിദ്വേഷനയം ചോദ്യം ചെയ്യപ്പെടാതെ തുടർന്നുപോകാനനുവദിക്കുന്നതു് നാട്ടിനൊട്ടാകെ ആപൽക്കരവും ലജ്ജാവഹവുമാണു്. കഴിഞ്ഞകൊല്ലം പ്രീ-യൂണിവേഴ്സിററി കോഴ്സിന്റെ പുനഃസംവിധാനത്തിലൂടെ സാധിച്ച പ്രധാന കാര്യം മലയാളത്തിനും മററു ഭാരതീയഭാഷകൾക്കും പാഠ്യപദ്ധതിയിലുണ്ടായിരുന്ന സ്ഥാനം ഗണ്യമായി താഴ്ത്തി; പുതുതായി ഏർപ്പെടുത്തിയ പ്രീ-ഡിഗ്രി കോഴ്സിൽ പൗരസ്ത്യഭാഷകൾക്കു് ആകെ അനുവദിച്ചിട്ടുള്ള സമയം ആദ്യത്തെ കൊല്ലം ആഴ്ചയിൽ 4 മണിക്കൂറും രണ്ടാമത്തെ കൊല്ലം 3 മണിക്കൂറുമാണു്. ഭാഷാപഠനത്തിനു് 4 മണിക്കൂർ മതിയെന്നായിരുന്നു സർവ്വകലാശാലാധികൃതർ ആദ്യം തയ്യാറാക്കിയിരുന്നതു്. അപ്പോഴും പ്രീ-ഡിഗ്രിക്കു തുല്യമായിരുന്ന ഇൻടർമീഡിയററിൽ ഭാഷയ്ക്കു് അനുവദിച്ചിരുന്ന 8 മണിക്കൂർ അനുവദിക്കുകയുണ്ടായില്ല, മാർക്കിന്റെ കാര്യത്തിലും ഈ വെട്ടിച്ചുരുക്കൽനയം നടപ്പാക്കപ്പെട്ടു. 3 മണിക്കൂർവീതമുള്ള രണ്ടു ചോദ്യക്കടലാസ്, രണ്ടിനുംകൂടെ 200 മാർക്കു് എന്ന വ്യവസ്ഥ മാററി ആകെ മാർക്കു് 150 ആക്കി ചുരുക്കി, ഇതിനെതിരായി ഓറിയൻറൽഫാക്കൽട്ടിയും ബോർഡ്സ് ഓഫ് സ്റ്റഡീസും ഉയർത്തിയ പ്രതിഷേധശബ്ദം അവഗണിക്കപ്പെട്ടു.

ഇപ്പോഴിതാ ത്രിവത്സര ഡിഗ്രിക്കോഴ്സിന്റെ പുനഃസംവിധാനം എന്ന രൂപത്തിൽ സർവ്വകലാശാല

യുടെ പൗരസ്ത്യഭാഷാവിദ്വേഷം വീണ്ടും പ്രകടമാകുന്നു ഇനിയത്തെ കൊല്ലംമുതൽ ബി. എസ്സ്സി. വിഭാഗത്തിൽ സ്പെഷൽ ബി. എസ്സ്സി. എന്ന രണ്ടുജാതി ഏർപ്പെടുത്താനാണു് സർവ്വകലാശാല ഉദ്ദേശിക്കുന്നതു്, അതിൽ ബി. എസ്സ്സി. സ്പെഷൽ എടുക്കുന്നവർക്കാണു് എം. എസ്സ്സി.ക്കു് പ്രവേശംലഭിക്കാൻ ഉത്തമാവകാശം. ഈ സ്പെഷൽ ബി. എസ്സ്സി. യിലെ മൂന്നാംക്ലാസ്സുകാർക്കുപോലും എം. എസ്സ്സി. ക്കു് പ്രവേശം നൽകാം. ബി. എസ്സ്സി. ജനറൽപരീക്ഷ പാസ്സാവുന്നവരിൽ ഒന്നാംക്ലാസ്സുകാരുടെ കാര്യം മാത്രം എം. എസ്സ്സി പ്രവേശനത്തിനു പരിഗണിക്കപ്പെടുകയുള്ളു. ചുരുക്കത്തിൽ ബി. എസ്സ്സി സ്പെഷലിലെ എല്ലാവർക്കും വേണ്ടിവരികയുള്ളു. ഈ സ്പെഷലിൽ മലയാളമോ ഹിന്ദിയോ മററു പൗരസ്ത്യഭാഷകളോ തൊട്ടുതെറിപ്പിച്ചിട്ടില്ല. ആകെ മൂന്നുകൊല്ലവും കൂടി ആഴ്ചയിൽ 75 മണിക്കൂറാണു് അദ്ധ്യയനത്തിനു ലഭിക്കുക. അതിൽ ഒന്നാമത്തെ വർഷം മാത്രം 8 മണിക്കൂർ ഇംഗ്ലീഷിനു നീക്കിവച്ചിരിക്കുന്നു. ബാക്കിവരുന്ന 67 മണിക്കൂറിൽ 64 മണിക്കൂറും സയൻസ് പഠിക്കാനാണു്. 3 മണിക്കൂർ ബാക്കിയുണ്ടല്ലോ; അതു് പൗരസ്ത്യഭാഷകൾക്കുള്ളതാവും എന്നു വിചാരിക്കേണ്ട. യഥേഷ്ടം ചുററിത്തിരിയാൻ നീക്കിവച്ചിരിക്കയാണീ സമയം.

ബി. എസ്സ്സി ജനറൽ ബി. എ. എന്നീ കോഴ്സുകൾക്കു് മൂന്നു കൊല്ലത്തേക്കുംകൂടി ആകെ 9 മണിക്കൂർ അനുവദിക്കപ്പെട്ടിട്ടുണ്ടു്. ആദ്യത്തെ കൊല്ലം

5 മണിക്കൂർ, രണ്ടാമത്തെ കൊല്ലം നാലും. മൂന്നാംകൊല്ലം ഇംഗ്ലീഷിന്റേയൊ പൗരസ്ത്യഭാഷകളുടേയോ ശല്യം ഉണ്ടാകരുതെന്നു് പണ്ടേ തീരുമാനിച്ചിട്ടുള്ളതാണു്. നിലവിലുള്ള ത്രിവത്സര ഡിഗ്രികോഴ്സിൽ ബി. എ. യ്ക്കും, ബി. എസ്‌സി. ക്കും 10 മണിക്കൂറാണു് കേരളസർവകലാശാല നീക്കിവച്ചിട്ടുള്ളതു്. മദിരാശി സർവകലാശാല ഈ സ്ഥാനത്തു് 12 മണിക്കൂർ നീക്കിവച്ചിട്ടുണ്ടു്. അവിടെമൂന്നാംകൊല്ലത്തിൽ സാഹിത്യചരിത്രമാണു പഠിപ്പിക്കുന്നതു്. തമിഴ്നാട്ടിലെ ഒരു സർവകലാശാലയിൽ മലയാളത്തോടു കാണിക്കുന്ന നീതിപോലും കേരള സർവകലാശാലയിൽ കാണിക്കുന്നില്ല എന്നർത്ഥം.

ഇന്ത്യയുടെ രാഷ്ട്രഭാഷയാകുമാറു് ഹിന്ദിയെ വളർത്തിക്കൊണ്ടുവരികയും പ്രചരിപ്പിക്കുകയുംആണു് നമ്മുടെ പരമലക്ഷ്യമെന്നു് കേന്ദ്രഗവർമ്മെന്റു് പ്രഖ്യാപിക്കുകയും ത്രിഭാഷാപദ്ധതി ഹൈസ്കൂളിലും സർവ്വകലാശാലാതലത്തിലും നടപ്പാക്കണമെന്നു് കോൺഗ്രസ്സ് പ്രവർത്തകസമിതി തീരുമാനിക്കുകയും ചെയ്തിരിക്കുന്ന സന്ദർഭത്തിലാണു് കേരളസർവകലാശാല ഇതിന്നെല്ലാം എതിരായി ക്ലോക്കു് പിന്നിലേയ്ക്കു തിരിച്ചുവെയ്ക്കുന്നതു്. ബി. എ. ആയാലും ശരി ബി. എസ്‌സി. ആയാലും ശരി ത്രിവത്സരഡിഗ്രികോഴ്സിൽ ഇംഗ്ലീഷ്, ഹിന്ദി, പ്രാദേശികഭാഷ ഇവ മൂന്നും തുല്യപ്രാധാന്യത്തോടെ പഠിപ്പിച്ചേ മതിയാകൂ. അങ്ങനെ ചെയ്യാതിരിക്കുന്നതു് ഭാവി പൗരന്മാരോടു പ്രവർത്തിക്കുന്ന അനീതിയും വഞ്ചനയുമായിരിക്കും.

33507

ഒരു മുഖ്യകാര്യംകൂടി പറഞ്ഞുകൊള്ളട്ടെ കോഴ്സുകളുടെ പുനസ്സംവിധാനംപോലെയുള്ള പ്രധാന കാര്യങ്ങൾ നടപ്പിലാക്കുമ്പോൾ ബോർഡ് ഓഫ് സ്റ്റഡീസ്, ഫാക്കൽട്ടികൾ, സർവ്വോപരി സെനററ് എന്നീ നിയമസാധുത്വമുള്ള ചില സമിതികൾ ഉണ്ടെന്നു കാര്യം വൈസ്ചാൻസലറും സിൻഡിക്കേററും തീരെ മറന്നുപോയപ്പോലെ തോന്നുന്നു. സെനററിനോടാലോചിക്കാതെ 'സാധുവാദി'കളുടെ ഒരു കമ്മററി ഏർപ്പെടുത്തി സിൻഡിക്കേററ് അവരുടെ ശുപാർശകളെ അപ്പടി അംഗീകരിച്ച് ബോർഡ്സ് ഓഫ് സ്റ്റഡീസ്സിനോട് സിലബസ്സുകൾ തയ്യാറാക്കാനും പാഠപ്പുസ്തകങ്ങൾ നിശ്ചയിക്കാനും പറയുന്നതു് ഏകാധിപത്യമല്ലെങ്കിൽ മറെറന്താണ്?

സെനററ് അംഗങ്ങളുടേയും ഭാഷാഭിമാനികളുടേയും വിദ്യാഭ്യാസതല്പരരുടേയും അടിയന്തിരശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതാണ്. ഏതാനും വ്യക്തികളുടെ—അവർ എത്രതന്നെ ഉന്നതരാവട്ടെ—താന്തോന്നിത്തരങ്ങൾക്ക് വിദ്യാഭ്യാസപരിഷ്കരണം വിട്ടുകൊടുത്തുകൂടാ.

എന്നു്,

കരിമ്പുഴ രാമകൃഷ്ണൻ (സെനററ് മെമ്പർ)
ഏ. പി. പി. നമ്പൂതിരി (സെനററ് മെമ്പർ)
പി. സി. ഏട്ടനുണ്ണിരാജ (ലക്ച്ചറർ, ഗുരുവായൂരപ്പൻ കോളേജ്)

മുകളിൽ ചേർത്തിരിക്കുന്നതു് മൂന്നു പ്രശസ്തവ്യക്തികൾചേർന്നു് പത്രാധിപർക്കു് അയച്ച ഒരു കത്താണു്. ഒരു വിഭാഗമാളുകളുടെ അഭിപ്രായത്തെ അതു പ്രതിനിധീകരിക്കുന്നു. പ്രധാനപ്പെട്ട ഒരു വിഷയത്തെപ്പററി മററുള്ളവർക്കു ചിന്തിക്കുന്നതിനും അഭിപ്രായം രൂപീകരിക്കുന്നതിനും ഈ കത്തു വഴിതുറക്കുന്നു അതുകൊണ്ടുതന്നെ അതു വളരെ പ്രയോജനകരമായിത്തീരുന്നു.

ഇങ്ങനെ നോക്കുമ്പോൾ നാടിന്റെ എല്ലാ ചലനങ്ങളേയും പ്രതിനിധീകരിക്കുന്ന ഒരു പംക്തി നമ്മുടെ വത്തമാനപ്പത്രങ്ങളിൽ സ്ഥാനംപിടിച്ചുകഴിഞ്ഞിരിക്കുന്നു. പാലം വേണം, സ്കൂൾ അനുവദിക്കണം, ബസ്സ്റൂട്ടു് അനുവദിക്കണം എന്നു തുടങ്ങിയ നാട്ടുകാരുടെ ആവശ്യങ്ങൾ ഒരുഭാഗത്തു്, സ്കോളർഷിപ്പുകൾ കിട്ടാൻ കാലതാമസം വരുന്നു, സെൻസസ് എടുക്കാൻപോയ അദ്ധ്യാപകരുടെ അലവൻസു കിട്ടിയിട്ടില്ല, മലേറിയാ ഇറാഡിക്കേഷൻസ്കീമിൽനിന്നും പിരിച്ചുവിട്ടവർക്കു് മറേറതെങ്കിലും ജോലികൊടുക്കണം എന്നുതുടങ്ങിയ നിവേദനങ്ങളും പരാതികളും മറെറാരുവക. ചീട്ടുകളിശല്യം, മോഷണം പെരുകുന്നു, ചട്ടമ്പികൾ അഴിഞ്ഞാടുന്നു എന്നിത്യാദി അധികൃതശ്രദ്ധയ്ക്കുള്ള നിവേദനങ്ങളാണു് മറെറാരിനം. ഇതിനൊക്കെ പുറമെ വായനക്കാരുടേയും അധികൃതരുടേയും ശ്രദ്ധയിൽപ്പെടേണ്ട ചില കാര്യങ്ങൾ പത്രാധിപർക്കുള്ള കത്തുകളുടെ രൂപംകൊള്ളുന്നു.

# പൊതുതാൽപര്യമുള്ള മററുവാൎത്തകൾ

പൊതുജനങ്ങൾക്ക് താല്പര്യമുള്ള എല്ലാ വിവരങ്ങളും വർത്തമാനപ്പത്രങ്ങളെസംബന്ധിച്ച് പ്രാധാന്യമുള്ളവയാണ്. അക്കാരണംകൊണ്ടുതന്നെ റിപ്പോർട്ടറന്മാർ വാർത്തകൾ സംഭരിക്കുമ്പോൾ പൊതുജനങ്ങളേ സ്പർശിക്കുന്ന വാർത്തകൾക്കു പ്രത്യേക പരിഗണന കൊടുക്കേണ്ടതാണ്.

പഞ്ചവത്സരപദ്ധതികൾ നടപ്പായതോടെ അതുമായി ബന്ധപ്പെട്ട ഒട്ടുവളരെ പ്രവർത്തനങ്ങൾ ഗ്രാമങ്ങളിലേയ്ക്കുകൂടി വ്യാപിച്ചിട്ടുണ്ട്. ഉദാഹരണത്തിനു കോഴികൾക്ക് വസന്തരോഗം വരാതിരിക്കുന്നതിനും പട്ടികൾക്കു പേ വരാതിരിക്കുന്നതിനും സൗജന്യമായ കുത്തിവയ്പ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. വെററിനറി ഡാക്ടറന്മാർ ഇതുസംബന്ധിച്ച് ഒരു അറിയിപ്പു തരികയാണെങ്കിൽ അതു് പത്രത്തിനെത്തിച്ചുകൊടുക്കുന്ന കാര്യത്തിൽ റിപ്പോർട്ടർ അലസത വിചാരിക്കരുതു്. കാർഷികവായ്പകൾ, വിത്തു് വളം മുതലായവ സൗജന്യനിരക്കിൽ വിതരണം ചെയ്യുക, ചെറുകിടവ്യവസായങ്ങൾക്കുള്ള സഹായം തുടങ്ങിയ കാര്യങ്ങൾ ജനങ്ങൾക്കു അറിയാൻ താല്പര്യമുള്ളവയാണ്. അവരുടെ തൊഴിലും അതോടൊപ്പം ജീവിതവും മെച്ചപ്പെടുത്താൻ സഹായകമായ വിവരങ്ങളാണ്, ഇത്തരം കാര്യങ്ങളെസംബന്ധിച്ച് ഉദ്യോഗസ്ഥന്മാർ എന്തെങ്കിലും വിവരംതന്നാൽ അതു് തീർ

ച്ചയായും പ്രസിദ്ധപ്പെടുത്തേണ്ടവയാണു്, ഉദ്യോഗസ്ഥന്മാർ തരുന്നതു് കാത്തിരിക്കണമെന്നില്ല. കൂടെക്കൂടെ അവരെക്കണ്ടു് വിവരങ്ങൾ ശേഖരിച്ചും റിപ്പോർട്ടു ചെയ്യാവുന്നതാണു്.

ഗ്രാമങ്ങളിലായാലും നഗരങ്ങളിലായാലും സ്ഥാപനങ്ങൾ സംബന്ധിച്ച വാർത്തകൾക്കും പ്രാധാന്യം നൽകണം. ഒരു വായനശാല വാർഷികം ആഘോഷിക്കുന്നു, അല്ലെങ്കിൽ വൈ എം. സി. എ. യുടെ ആഭിമുഖ്യത്തിൽ ഒരു സ്പോർട്ട്സ് സംഘടിപ്പിക്കുന്നു; ഇതെല്ലാംതന്നെ അതിൻെറ പ്രവർത്തകർക്കും പൊതുജനങ്ങൾക്കും താല്പര്യമുള്ള കാര്യങ്ങളത്രെ.

ഉദ്യോഗക്കയററം കിട്ടി സ്ഥലംമാറിപ്പോകുന്ന ഒരാളെ അനുമോദിക്കുക, സ്ഥലത്തെ സ്കൂളിലെ ഹെഡ്മാസ്റ്റർ പെൻഷൻപററുമ്പോൾ ഒരു യാത്രയയപ്പും പണക്കിഴിയും നൽകുക, അസാധാരണമായ വിപദിധൈര്യംകാണിച്ച ഒരു ബാലനു് അവാർഡു ലഭിച്ചതിൽ ആ ബാലനെ അനുമോദിക്കുക, വിദേശപര്യടനംകഴിഞ്ഞു് തിരിച്ചെത്തുന്ന നാട്ടിലെ ഒരു പൗരമുഖ്യനു സ്വീകരണം നൽകുക തുടങ്ങിയ സംഭവങ്ങളും പരിഗണനീയമായ വാർത്തകളത്രേ. ഭക്ഷ്യക്ഷാമം തുടങ്ങിയവയെ പ്രതിഷേധിക്കുന്ന യോഗങ്ങളും ഗവണ്മെൻറിൻെറ ജനക്ഷേമകരമായ നടപടികളിൽ അനുമോദിക്കുന്ന യോഗവും പത്രക്കാരൻെറ വീക്ഷണത്തിലൊരുപോലെ പ്രാധാന്യമുള്ളവയാണു്.

* * *

ഒരു കാറപകടം സംബന്ധിച്ച് ഒരു റിപ്പോർട്ടർ പത്രമാഫീസിലേയ്ക്ക് അയച്ച റിപ്പോർട്ടാണ് താഴെ കൊടുക്കുന്നത്:

"വൈയ്ക്കം-എറണാകുളം ലൈനിൽ, എറണാകുളത്തുനിന്നുംപോന്ന ഒരു കാർ 1013-ാംനമ്പർ കെ. എൽ. ഇ. ചെമ്പ് അങ്ങാടിക്കു തെക്കുവശംവച്ച് പത്തുവയസ്സു പ്രായംവരുന്ന ഒരു കൊച്ചന്റെ ദേഹത്തു മുട്ടി തെറിച്ചതിന്റെ ഫലമായി ഈ കുട്ടിയുടെ നില ഗുരുതരമായി കിടക്കുന്നു."

ഈ റിപ്പോർട്ട് ഇത്തപടി പത്രത്തിൽ പ്രസിദ്ധപ്പെടുത്തുക സാദ്ധ്യമല്ല. ഒട്ടുവളരെ തെററുകളും അവ്യക്തതകളും ഈ റിപ്പോർട്ടിലുണ്ട്.

പത്രാധിപർ ഈ വാർത്ത അദ്ദേഹത്തിന്റെ തൂലികാശസ്ത്രക്രിയയ്ക്കു വിധേയനാക്കുന്നു. അപ്പോൾ വാർത്തയുടെ രൂപം ഇതായിരിക്കും:

"എറണാകുളത്തുനിന്നുംഓടിച്ചുവന്ന കെ എൽ. ഇ. 1013-ാംനമ്പർ കാർ ചെമ്പ് അങ്ങാടിക്കു സമീപംവച്ച് പത്തുവയസ്സു പ്രായമുള്ള ഒരു ബാലന്റെ ദേഹത്തുമുട്ടിയതിന്റെ ഫലമായി ബാലന് ഗുരുതരമായ പരിക്കുകൾ പററിയിരിക്കുന്നു."

ഈ അപകടവാർത്തയിൽ മററുചിലവിവരങ്ങൾ കൂടി ആവശ്യമുണ്ട്—പരിക്കേററ ബാലൻ വഴിയിൽ തന്നെ കിടക്കയാണോ, അതോ ബാലനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചുവോ? ഏതാശുപത്രിയിലാ

ണു് പ്രവേശിപ്പിച്ചതു്? പയ്യന്റെ കാലോ കൈയോ ഒടിഞ്ഞുപോയിട്ടുണ്ടോ? പല്ലു തെറിച്ചുപോയിട്ടുണ്ടോ തുടങ്ങിയ വിവരങ്ങൾ റിപ്പോർട്ടു ചെയ്യണം.

കഴിവുള്ള ഒരു റിപ്പോർട്ടറാണെങ്കിൽ ആ ബാലനെക്കുറിച്ചുള്ള ചില വിവരങ്ങൾകൂടി അന്വേഷിച്ചറിയും. അവൻ ഏതു വീട്ടിലെ ആരുടെ പുത്രനാണെന്നുള്ള കാര്യമെങ്കിലും. ചിലപ്പോൾ ആ ബാലൻ ഒരച്ഛന്റെ ഏകപുത്രനായിരിക്കാം, രോഗിയായ അമ്മയ്ക്കു മരുന്നുവാങ്ങാൻ പോകുമ്പോഴായിരിക്കാം അപകടം സംഭവിച്ചതു്. ഈ വിവരങ്ങളെല്ലാം വായനക്കാർക്കറിയാൻ താല്പര്യമുള്ള കാര്യങ്ങളാണു്. ഏതൊരു അപകടങ്ങൾ റിപ്പോർട്ടു ചെയ്യുമ്പോഴും ഇതു തന്നെയായിരിക്കണം സമീപനസമ്പ്രദായം.

## പ്രസ്താവനകൾ

രാഷ്ട്രീയ പാർട്ടികൾ, സാമുദായിക-സാമൂഹ്യ സംഘടനകൾ തുടങ്ങിയവയുടെ ഉന്നതനേതാക്കളും, ഉദ്യോഗസ്ഥപ്രമുഖരും പുറപ്പെടുവിക്കുന്ന പ്രസ്താവനകൾക്കു് അതിന്റേതായ പ്രാധാന്യമുണ്ടു്. പത്രസമ്മേളനം വിളിച്ചുകൂട്ടുകയാണെങ്കിൽ അതും പ്രധാനമായിരിക്കും. അത്തരം കാര്യങ്ങൾ റിപ്പോർട്ടു ചെയ്യേണ്ടതാവശ്യമാണു്.

എന്നാൽ പാർട്ടികളുടെ പ്രാദേശികഘടകത്തിന്റെ വക്താക്കളോ, സാമൂഹ്യ-സാമുദായികസംഘടനകളുടെ പ്രാദേശികനേതാക്കളോ, ചെറുകിട ഉദ്യോഗസ്ഥന്മാരോ പുറപ്പെടുവിക്കുന്ന പ്രസ്താവനകൾക്കു വ

ലിയ പ്രാധാന്യം നൽകേണ്ടതില്ല. അവർ പത്രസമ്മേളനം വിളിച്ചുകൂട്ടാൻ അർഹരല്ല.

ചിലചില സന്ദർഭങ്ങളിൽ ചില വ്യക്തികളും പത്രപ്രസ്താവനകളുമായി ഇറങ്ങിത്തിരിക്കും. പ്രധാനമന്ത്രി ലാൽബഹദൂർശാസ്ത്രി ഭക്ഷ്യപ്രശ്നത്തിൽ പരാജയപ്പെട്ടു എന്നും അതുകൊണ്ട് അദ്ദേഹം രാജിവയ്ക്കണമെന്നും ഒരു വിദ്യാർത്ഥി പത്രപ്രസ്താവനയിറക്കിയാൽ ആ പ്രസ്താവനയുടെ സ്ഥാനം ചവറുകുട്ടയിലാണു്. മാർപ്പാപ്പയെ ഇന്ത്യയിലേയ്ക്കു് സ്വാഗതം ചെയ്തുകൊണ്ടു് ഒരു കരയോഗം പ്രസിഡൻറു് പ്രസ്താവന പുറപ്പെടുവിച്ചാൽ അതിനും പരിഗണന കൊടുക്കത്തക്ക കാര്യമില്ല, നേതാക്കളാകുവാനും പത്രത്തിൽ പേരു് അച്ചടിച്ചുകാണുവാനും ആഗ്രഹിക്കുന്നവരുടെ എണ്ണം നമ്മുടെ നാട്ടിൽ കുറച്ചൊന്നുമല്ലല്ലൊ, സമൂഹം അംഗീകാരം നൽകിയിട്ടുള്ള വ്യക്തികളുടെ പ്രസ്താവനകൾക്കേ പ്രസക്തിയുള്ളൂ.

കമ്യൂണിസ്റ്റ്പാർട്ടിയുടെ കോട്ടയം ശാഖയിൽ നിന്നും ശങ്കരപ്പിള്ള രാജിവച്ചുകൊണ്ടു് ഒരു പ്രസ്താവന പുറപ്പെടുവിച്ചാൽ അതിനു്, പത്രത്തിൽ പ്രസിദ്ധപ്പെടുത്തത്തക്ക പ്രാധാന്യമല്ല. നേരേമറിച്ചു് ഇ. എം. എസ്. നമ്പൂതിരി കമ്യൂണിസ്റ്റ്പാർട്ടിയിൽനിന്നും രാജിവയ്ക്കുമ്പോൾ അതൊരു വാർത്തയാകുന്നു. അദ്ദേഹത്തിൻെറ പത്രപ്രസ്താവനയും പത്രസമ്മേളനവും പ്രാധാന്യം അർഹിക്കുന്നു—അതു് പ്രസിദ്ധീകരണയോഗ്യമാകുന്നു.

പ്രസ്താവനകൾ പ്രസിദ്ധീകരിക്കുന്നതിന് പല മാനദണ്ഡങ്ങളും ഉപയോഗപ്പെടുത്തേണ്ടതായിവരും. പ്രസ്താവന പുറപ്പെടുവിക്കുന്ന ആളുടെ സ്ഥാനം, പ്രസ്താവനയുടെ ഉള്ളടക്കത്തിന്റെ പ്രാധാന്യം: അതിന്റെ ദൈർഘ്യം തുടങ്ങിയ കാര്യങ്ങൾ പരിഗണിക്കപ്പെടുന്നു. ഈ മാനദണ്ഡങ്ങൾ ഉപയോഗപ്പെടുത്തി പ്രസ്താവനകളും നോട്ടീസുകളും ക്രമീകരിക്കേണ്ടതാണ്. പരിചയംകൊണ്ടേ അതിന്റെ രീതി മനസ്സിലാകയുള്ളു. പ്രസ്താവനകൾ വെട്ടിച്ചുരുക്കിയോ, പുനക്രമീകരണം ചെയ്തോ, ശരിപ്പെടുത്താനറിവില്ലാത്ത ലേഖകന്മാർ അത്തരം റിപ്പോർട്ടുകൾ പത്രാധിപർക്ക് അയച്ചുകൊടുക്കുകയായിരിക്കും ഉചിതം. അവിടെ പത്രാധിപർ വേണ്ടതു ചെയ്തുകൊള്ളും.

തിരുവിതാംകൂർ ദേവസ്വം ആഫീസേഴ്സ് അസോസിയേഷൻ പുറപ്പെടുവിക്കുന്ന ഒരു പ്രസ്താവനയാണ് താഴെച്ചേർക്കുന്നതു്:

തിരുവിതാംകൂർ ദേവസ്വം ആഫീസേഴ്സ് അസ്സോസിയേഷൻ തിരുവനന്തപുരം, പുറപ്പെടുവിക്കുന്ന പ്രസ്താവന:

"തിരുവിതാംകൂർദേവസ്വം ബോർഡിന്റെ കീഴിലുള്ള വിവിധ ഡിപ്പാർട്ടുമെന്റുകളിലെ എസ്റ്റാബ്ളിഷ്മെന്റ് വിഭാഗത്തിൽപ്പെട്ട ജീവനക്കാർ ബോർഡു രൂപീകരണത്തിനുമൻപുവരെ ഗവണ്മെന്റ് ജീവനക്കാരായിരുന്നു് ഗവണ്മെന്റിൽനിന്നും അപ്പോഴപ്പോൾ അനുവദിക്കുന്ന ആനുകൂല്യങ്ങൾ അനുഭവിച്ചുവന്നിരുന്നവരാണ്. എന്നാൽ ദേവസ്വംബോർഡു

KOTTAYAM PUBLIC LIBRARY

രൂപീകരിച്ച് ഈ വിഭാഗം ജീവനക്കാർ ബോർഡി ന്റെ കീഴിൽ സേവനം നടത്താൻ നിർബ്ബന്ധിതരായതിനുശേഷം ഗവൺമെന്റുജീവനക്കാർക്ക് അനുവദിക്കുന്ന ആനുകൂല്യങ്ങൾ പലപ്പോഴും ഭാഗികമായോ മിക്കവാറും മുഴുവനായിത്തന്നെയോ നിഷേധിക്കപ്പെട്ടു നിരാശരായികഴിയേണ്ട ഒരു പരിതസ്ഥിതിയാണ് അഭിമുഖീകരിക്കേണ്ടിവന്നിരിക്കുന്നത്. ജീവിതച്ചെലവുസൂചിക, സാമാനങ്ങളുടെ ക്രമാതീതമായ വിലവർദ്ധനവുമൂലം താങ്ങാനാവാത്തവിധം കുതിച്ചുപൊങ്ങിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഗവർന്മെന്റിൽനിന്നും സർക്കാർജീവനക്കാർക്കു പൊതുവെ ക്ഷാമബത്ത കൂട്ടിയിട്ടുള്ള ഉത്തരവ് 1-4-1964 മുതൽ പ്രാബല്യത്തിൽ അനുവദിച്ചുകഴിഞ്ഞു. ഇതിനുംപുറമെ ഇന്നത്തെ പരിതഃസ്ഥിതികളിൽ ജീവനക്കാർക്കു വീണ്ടും നൽകുന്ന ഒരു സമാശ്വാസനടപടിയെന്നുള്ള രീതിക്ക് ഒരു ഇടക്കാലാശ്വാസവും അനുവദിച്ചുതരപ്പെട്ടായി ഈ ആനുകൂല്യങ്ങൾ ഗവർന്മെന്റുജീവനക്കാർക്കുപുറമെ അർദ്ധഉദ്യോഗിക സ്ഥാപനങ്ങളിലെ, ജോലിക്കാർ, പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകന്മാർ തുടങ്ങി ഫാക്ടറികൾ മുതലായ വ്യവസായസ്ഥാപനങ്ങളിൽപ്പോലും നടപ്പാക്കിക്കഴിഞ്ഞു. ആ തുറകളിൽ സേവനം അനുഷ്ഠിക്കുന്ന സഹോദരന്മാർ ഈവക ആനുകൂല്യങ്ങൾ അനുഭവിച്ചുവരികയാണ്. ശമ്പളക്കമ്മീഷന്റെ നിയമനവും മററും ഇവയ്ക്കൊക്കെ പുറമെ ഗവർമ്മെന്റ് ഏർപ്പെടുത്തിയിട്ടുള്ള ആശ്വാസ നടപടികളാണ്.

ഇപ്രകാരം കേരളാസ്റ്റേററിലെ സക്കാർ ആഫീസുകളിലും അർദ്ധഔദ്യോഗികസ്ഥാപനങ്ങളിലും, എന്തിന് വ്യവസായസ്ഥാപനങ്ങളിൽപ്പോലും ജീവനക്കാർക്ക് സാമ്പത്തികമായി സമാശ്വാസപരമായ ആനുകൂല്യങ്ങൾ നൽകിക്കൊണ്ടിരിക്കുമ്പോൾ ബഹു: ദേവസ്വംബോർഡ് ജീവക്കാർക്കുമാത്രം ഇവയെല്ലാം നിഷേധിക്കപ്പെട്ടിരിക്കുകയാണെന്നുള്ള വസ്തുത ഈ നാട്ടിലെ ഹിന്ദുജനതയുടെ അവഗാഢമായ പരിഗണനയ്ക്കു ഞങ്ങൾ സമർപ്പിക്കുകയാണ്. അധികാരസ്ഥാനത്തു് (ദേവസ്വംബോർഡ്സമക്ഷം) സമർപ്പിച്ചിട്ടുള്ള തുടർച്ചയായുള്ള നിവേദനങ്ങൾക്ക് 'പണമില്ലാ, പണമില്ലാ' എന്നുള്ള ഒരു മറുപടിയാണ് ബഹു: ബോർഡിൽനിന്നും ഞങ്ങൾക്കു് ഇതുപര്യന്തം ലഭിച്ചിട്ടുള്ളതു്.

ദേവസ്വംബോർഡ് രൂപീകരണത്തിന് ആസ്പദമായ കവനൻറിലും തുടർന്നുള്ള 1950 ലെ 15-ാം ആക്റ്റിലും ദേവസ്വംഫണ്ടിൻെറ വിനിയോഗത്തെ സംബന്ധിച്ച് പരാമർശിക്കുന്ന ഭാഗങ്ങളിൽ അമ്പലങ്ങളിലെ ആചാരാനുസരണമുള്ള പൂജാദികളും ജീവനക്കാരുടെ വേതനവും പ്രാമാണ്യം അർഹിക്കുന്നവയാണെന്നും ഈവക ചെലവുകൾ കഴിച്ച് മിച്ചംവരുന്ന തുകമാത്രം ഹൈന്ദവതാല്പര്യങ്ങൾ ഉൾപ്പെടുന്ന വിദ്യാഭ്യാസപരവും സാമൂഹ്യവും സാംസ്കാരികവുമായ കാര്യങ്ങൾക്ക് വിനിയോഗിക്കാം എന്നാണ് സംശയാതീതമായി വ്യവസ്ഥചെയ്തിട്ടുള്ളതു്. എന്നാൽ ഈ അടുത്ത കാലയളവിൽ ദേവസ്വങ്ങളിലെ നിത്യ

നിദാനപൂജ തുടങ്ങിയ കാര്യങ്ങളിൽ ഗണ്യമായ കുറവുകൾ വരുത്തുകയും ജീവനക്കാർക്ക് മററു പൊതുമേഖലകളിലും (സർക്കാർ.ഉറകളിലും) സഹകാര്യസ്ഥാപനങ്ങളിലും അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ കഴിഞ്ഞ രണ്ടുകൊല്ലത്തോളം കാലമായിട്ട് നിഷേധിക്കുകയുമാണ് ബോർഡു ചെയ്തിട്ടുള്ളതു്. ഇതേ അവസരത്തിൽ മൂന്നു ലക്ഷത്തോളം രൂപാ ചെലവാക്കി ഒരു കോളേജിൻെറ പണി പൂർത്തിയാക്കിക്കൊണ്ടിരിക്കുകയും മൂററൊരു കോളേജിൻെറ പണിയിൽ വ്യാപൃതരായിരിക്കയുമാണ് ഇന്നത്തെ ദേവസ്വം ബോർഡ്. ഈ രണ്ടു സ്ഥാപനങ്ങൾക്കു പുറമേയാണ് ഇന്നുള്ള ഹൈസ്കൂളുകൾ. യു. പി. സ്കൂളുകൾ. അനാഥശാല, ഹോസ്റ്റൽ തുടങ്ങി വളരെയേറെ സാമ്പത്തികബാദ്ധ്യതയുള്ള മററു സ്ഥാപനങ്ങൾ.

ഒരു മതേതരരാഷ്ട്രത്തിൽ വിദ്യാഭ്യാസപരമായ പ്രവർത്തനങ്ങൾ, തികച്ചും ഗവർമ്മെൻറിൻേറയും മററു സാമൂഹികസ്ഥാപനങ്ങളുടേയും ചുമതലയായിരിക്കേ ഹിന്ദുക്ഷേത്രങ്ങളുടെ പൂജാദികൾക്കും അവയുടെ സംരക്ഷണത്തിനും അവയോടനുബന്ധിച്ചുള്ള ജീവനക്കാരുടെ വേതനത്തിനും നിയമപ്രകാരം പൊതുമുതലിൽനിന്നും നീക്കിവച്ചിട്ടുള്ള തുക ദുർവിനിയോഗം ചെയ്തു് നിയമത്തെ അവഗണിക്കുകയും ജീവനക്കാരെ നിരാധാരരാക്കുകയും ചെയ്യുന്ന ബോർഡിൻെറ നടപടിയിൽ ജീവനക്കാരായ ഞങ്ങളുടെ കഠിനമായ പ്രതിഷേധം രേഖപ്പെടുത്തുന്നു.

ഹൈന്ദവരുടെ ആരാധനാകേന്ദ്രങ്ങളായ തിരുവിതാംകൂർവിഭാഗത്തിൽപ്പെട്ട പല പുണ്യക്ഷേത്രങ്ങളുടേയും പൂജാദികർമ്മങ്ങൾക്കു പണമില്ലെന്നുള്ള പല്ലവി പാടുന്ന ബോർഡ് മദ്രാസ്സിലേയും കൊച്ചിയിലേയും ഏതാദൃശസ്ഥാപനങ്ങളുടെ ഭരണനയങ്ങൾക്കു വിപരീതമായി അപനയങ്ങൾ അനസ്യൂതം തുടരുന്ന വസ്തുത ബഹുമാനപ്പെട്ട ഹൈന്ദവജനതയുടെ മുൻപാകെ ഞങ്ങൾ സമർപ്പിക്കുകയും അവരും ഇക്കാര്യത്തിൽ ഞങ്ങളോടൊപ്പം ബോർഡിനോടുള്ള പ്രതിഷേധം രേഖപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുകയുംചെയ്യുന്നു.

സെക്രട്ടറി,

തിരു: ദേവസ്വം ആഫീ: അസോസിയേഷൻ

തിരുവനന്തപുരം

27—4—1965

വളരെ ദീർഘമായ ഒരു പ്രസ്താവനയാണിതു്, സാധാരണഗതിയിൽ ഇതു് പൂർണ്ണമായി പ്രസിദ്ധീകരിക്കുക സാദ്ധ്യമല്ല.

"തിരുവിതാംകൂർ ദേവസ്വംബോർഡിൻെറ കീഴിലുള്ള വിവിധഡിപ്പാർട്ടുമെൻറുകളിലെ എസ്റ്റാബ്ലീഷ്മെൻറു വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ അവശതകൾ ചൂണ്ടിക്കാണിച്ചുകൊണ്ടും ബോർഡ് പണം ദുർവ്വിനിയോഗം ചെയ്യുന്നതായി ആരോപിച്ചുകൊണ്ടും തിരുവിതാംകൂർ ദേവസ്വം ആഫീസേഴ്സ് അസോസിയേഷൻ ഒരു പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു."

ഇത്രയുമേ ആവശ്യമുള്ളൂ. വേണമെങ്കിൽ അവശതകളെ കാണിക്കുന്ന ഒന്നുരണ്ടു കാര്യങ്ങളും, ബോർഡിന്റെ തെറ്റുകളെ കാണിക്കുന്ന ഒന്നുരണ്ടു കാര്യങ്ങളുംകൂടി എടുത്തുപറയാം. ഇതു് ഒരു വ്യക്തിയുടെ പ്രസ്താവനയല്ലല്ലോ. ഒട്ടുവളരെ അംഗങ്ങളുള്ള ഒരു സംഘടന, ഒരു സമരത്തിന്റെ പശ്ചാത്തലത്തിൽ പുറപ്പെടുവിച്ചതായതുകൊണ്ടു് അല്പം പ്രാധാന്യംനല്കാവുന്നതാണു്.

## പ്രതിഷേധമഹായോഗം

മാന്യരെ,

ആഫീസ്കോൺഗ്രസ്സിന്റെ പ്രചരണത്തിനുവേണ്ടി മലയാളമനോരമ പത്രം കൈക്കൊണ്ട നീചമായ അസത്യപ്രസ്താവനയുടെ മറെറാരു ഉദാഹരണമാണു്, 'കോൺഗ്രസ്സ്ജീപ്പിന്റെ നേരെ കയ്യേററശ്രമം' എന്ന തലക്കെട്ടിൽ ഇന്നത്തെ പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതു്. ഈ സംഭവത്തിന്റെ സത്യാവസ്ഥ അറിയാവുന്ന ഈനാട്ടുകാർക്കു്മനോരമയുടെ നയത്തിലും കോൺഗ്രസ്സിന്റെദുരുദ്ദേശപരവും ഹീനവുമായ നടപടിയിലും പ്രതിഷേധിക്കുന്നതിനായി 1965 ഫെബ്രുവരി 23-ാംതീയതിചൊവ്വാഴ്ച വൈകിട്ടു് 6 മണിക്കു് ആലംതുരിത്തിൽ പാലത്തിനു് സമീപംവച്ചു് ശ്രീ കെ, കെ. ചാണ്ടിയുടെ അദ്ധ്യക്ഷതയിൽ ഒരു പ്രതിഷേധ മഹായോഗം കൂടുന്നതാണു്.

യോഗത്തിൽ ശ്രീമാന്മാർ അറയ്ക്കൽ സ്വാമിനാഥൻ, എം. പി. ജോർജ്ജ്, വള്ളക്കാലിൽ തുടങ്ങിയവർ പ്രസംഗിക്കുന്നതുമാണ്.

എന്ന്,

കേ: കോ: കടപ്രമണ്ഡലം

ഈ നോട്ടീസ് ഇതേപടി ഒരു പത്രവും പ്രസിദ്ധീകരിക്കുകയില്ല. ഇത്തരം സന്ദർഭങ്ങളിൽ ലേഖകൻ ചെയ്യാവുന്നതു് നോട്ടീസിൻെറ കാതലായ ഭാഗം മാത്രം എഴുതി അയയ്ക്കുകയാണ്.

"മലയാളമനോരമയുടേയും, കോൺഗ്രസ്സിൻെറയും നയങ്ങളിൽ പ്രതിഷേധിക്കാൻ 23-ാംതീയതി ചൊവ്വാഴ്ച ആലംതുരുത്തിൽ പാലത്തിനുസമീപം ഒരു സമ്മേളനം കൂടുന്നതാണ്"

നോട്ടീസിൽനിന്നും ഇങ്ങനെയൊരു വാചകമേ ആവശ്യമുള്ളു. മറെറാരു പത്രത്തെ വിമർശിക്കുന്നതായതുകൊണ്ടു് വിവേകമുള്ള പത്രാധിപന്മാർ അതു മാററിവച്ചു എന്നുവരാം. എങ്കിലും വാർത്ത അയച്ചുകൊടുക്കേണ്ടതു് ലേഖകൻെറ കടമയാണ്.

ഒരു രാഷ്ട്രീയ പ്രചാരണ സമ്മേളനത്തിൻെറ നോട്ടീസാണ് താഴെ ചേർക്കുന്നതു്.

കേരളാ കോൺഗ്രസ്സ് തെരഞ്ഞെടുപ്പു

പ്രചരണ സമാപനസമ്മേളനം

ചെങ്ങന്നൂർ വൈ. എം. സി. എ. മൈതാനം. പി. ടി. ചാക്കോ നഗർ.

തീയതി- 2-3-1965 ചൊവാഴ്ച വൈകിട്ട് 6 മുതൽ.

അദ്ധ്യക്ഷൻ- ശ്രീ ററി.ററി. കുരുവിള ബി.എ താമരപ്പള്ളിൽ (കേരളാ കോ: ഡി. കമ്മററി പ്രസിഡൻറ്.)

പ്രസംഗകർ-സർവ്വശ്രീ ആർ. ബാലകൃഷ്ണപിള്ള, റവ. ഫാ. വറുഗീസ് ഡാനിയേൽ പത്തനംതിട്ട, തോമസ്കോശി മാരാമൺ, കാസിം മുക്കാടൻ, കെ. എം. ജോൺ, ഉമയനല്ലൂർ ശിവശങ്കരപ്പിള്ള ബി.എ. ബി. എൽ., കോന്നിയൂർ പ്രഭാകരൻനായർ ബി.എ. ബി. എൽ, ഒ, വി. ലൂക്കോസ്, പി. സി. വറുഗീസ് (പഞ്ചായത്തു പ്രസിഡൻറ്) മുതലായവർ. നമ്മുടെ സ്ഥാനാർത്ഥി കുമാരി കെ, ആർ. സരസ്വതിഅമ്മ ബി. എസ്സി. ബി. എൽ നിങ്ങളെ അഭിസംബോധന ചെയ്തു സംസാരിക്കുന്നതായിരിക്കും. ഗാനമേളയും നാടകവും ഉണ്ടായിരിക്കുന്നതാണ്. നിയോജകമണ്ഡലത്തിൻെറ വിവിധഭാഗങ്ങളിൽനിന്നും ഉശിരൻജാഥകൾ വൈകിട്ടു് 5 മണിയോടുകൂടി ചെങ്ങന്നൂരിൽ വന്നുചേരുന്നതും അവകൾ ഏകോപിച്ച് ഒരു വമ്പിച്ച പ്രകടനം ടൗൺചുററി യോഗസ്ഥലത്തു് എത്തിച്ചേരുന്നതുമാണ്.

ഇത്തരം നോട്ടിസുകൾ കിട്ടിയാൽ ലേഖകന്മാർ സാധാരണഗതിയിൽ ആ നോട്ടീസ് തൻെറ ആഫീസ്സിലേയ്ക്കു് അയയ്ക്കുകയേഉള്ളു. ആഫീസിൽ സബ് എഡിററർക്കു് കൂടുതൽ ജോലിയുണ്ടാക്കുന്ന ഒരു കാര്യമാണിതു്. നോട്ടീസിലെ കാര്യങ്ങൾ ക്രമീകരിച്ച്

ച്ചുരുക്കി എഴുതിവേണം ആഫീസിലേയ്ക്ക് അയയ്ക്കുവാൻ. നോട്ടീസ് ഇങ്ങനെ മാററിയെഴുതുക:

"ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ കേരളാ കോൺഗ്രസ്സ് സ്ഥാനാർത്ഥി ശ്രീമതി സരസ്വതി അമ്മയുടെ തെരഞ്ഞെടുപ്പുപ്രചരണസമാപനം മാർച്ച് 2-ാം തീയതി വ്യാഴാഴ്ച ചെങ്ങന്നൂർ വൈ. എം. സി എ. മൈതാനിയിലെ പി. ടി. ചാക്കോ നഗറിൽവച്ചു നടത്തുന്നതാണ്. സമ്മേളനത്തിൽ ശ്രീ ററി. ററി. കരുവിള അദ്ധ്യക്ഷത വഹിക്കുന്നതും, സർവ്വശ്രീ ആർ. ബാലകൃഷ്ണപിള്ള, തോമസ്കോശി കാസിം മുക്കാടൻ, കെ. എം ജോൺ, ഉമയനല്ലൂർ ശിവശങ്കരപ്പിള്ള, കോന്നിയൂർ പ്രഭാകരൻനായർ, ഒ. വി. ലൂക്കോസ്, പി. സി വറുഗീസ് തുടങ്ങിയവർ പ്രസംഗിക്കുന്നതുമാണ്."

എതായാലും ഈ സമാപനയോഗറിപ്പോർട്ട് ഇപ്രകാരമായിരിക്കരുത്.

"ഈ നാടിന്റെ കണ്ണിലുണ്ണിയും അഭിമാനഭാജനവുമായ കേരളാകോൺഗ്രസ്സ് സ്ഥാനാർത്ഥി കുമാരി കെ. ആർ. സരസ്വതി അമ്മ ബി. എസ്‌സി. ബി, എല്ലിനെ വിജയിപ്പിക്കുവാൻ ദൃഢനിശ്ചയം ചെയ്തുകൊണ്ട് നാട്ട് സടകുടഞ്ഞെഴുന്നേററിരിക്കുകയാണ് ആഫീസ് കോൺഗ്രസ്സിനേയും സ്ഥാനാർത്ഥിയേയും അമ്പേ രംഗത്തു കാണുന്നില്ല. നമ്മുടെ സ്ഥാനാർത്ഥി എതിരാളികളുടെ കെട്ടിവച്ച പണം നഷ്ടപ്പെടുത്തിക്കൊണ്ട് വിജയമാല്യം അണിയുമെന്ന് പ്രഖ്യാപിക്കുന്നതിനായി ഈ നിയോജകമണ്ഡലത്തിന്റെ വിവിധ

ഭാഗങ്ങളിൽനിന്നും ജനങ്ങൾ ഉശിരൻജാഥയായി വൈകുന്നേരം 5 മണിക്കു് ചെങ്ങന്നൂരിൽ വന്നുചേരുന്നതും അവകൾ ഏകോപിച്ചു് ഒരു വമ്പിച്ച പ്രകടനം ടൗൺ ചുററി നടത്തപ്പെടുന്നതും, ജാഥ ചെങ്ങന്നൂർ വൈ.എം സി എ മൈതാനത്തു് ശ്രീ പി. ടി. ചാക്കോ നഗറിൽ എത്തിച്ചേരുന്നതുമാണു്. തുടൎന്നു നടക്കുന്ന വമ്പിച്ച പൊതുയോഗത്തിൽ കേരളാ കോൺ: ഡി: കമ്മററി പ്രസിഡൻറു് റി. റി. കുരുവിള താമരപ്പള്ളിൽ അദ്ധ്യക്ഷതവഹിക്കും. ആർ. ബാലകൃഷ്ണപിള്ള, റവ: ഫാ: വറുഗീസ് ഡാനിയേൽ, തോമസ് കോശി, കാസിം മുക്കാടൻ, കെ. എം ജോൺ, ഉമയനല്ലൂർ ശിവശങ്കരപ്പിള്ള ബി എ ബി എൽ, കോന്നിയൂർ പ്രഭാകരൻനായർ ബി എ ബി എൽ, ഒ. വി. ലൂക്കാസ്, പി സി. വറുഗീസ് (പഞ്ചായത്തു പ്രസിഡൻറു്) എന്നിവർ പ്രസംഗിക്കുന്നതുമാണു്. നമ്മുടെ സ്ഥാനാൎത്ഥി കുമാരി കെ. ആർ. സരസ്വതിഅമ്മ നിങ്ങളെ അഭിസംബോധനം ചെയ്യുന്നതുമാണു്"

നടക്കാൻ പോകുന്ന ഒരു സമ്മേളനത്തെ സംബന്ധിച്ചിടത്തോളം ആവശ്യമില്ലാത്ത ഒട്ടുവളരെ കാൎയ്യങ്ങൾ ഇതിൽ പറഞ്ഞിട്ടുണ്ടെന്നു വ്യക്തമാണല്ലോ വാൎത്ത എഴുതിയിരിക്കുന്നതിലും യാതൊരു ക്രമവുംചിട്ടയുമില്ലാതാനും.

മഹാക്ഷേത്രങ്ങളിലെ ഉത്സവ പരിപാടികൾ എട്ടോ പത്തോ ദിവസം ദീർഘിക്കുന്നതായിരിക്കും. ഓരോ ദിവസത്തേയും പരിപാടി പ്രത്യേകമായി

അച്ചടിച്ചുവിതരണംചെയ്തിരിക്കും. പരിപാടികളുടെ അച്ചടിച്ച കോപ്പി ആഫീസിലേയ്ക്ക് അയയ്ക്കുന്നതു് നല്ലതുതന്നെ. എന്നാൽ ആ പരിപാടികൾ ലേഖകൻതന്നെ ക്രമീകരിച്ചെഴുതിഅയയ്ക്കുന്നതായിരിക്കും നല്ലതു്. ഉത്സവാരംഭദിനത്തിന്റെ പരിപാടി, റിപ്പോർട്ടു ചെയ്യുമ്പോൾ രാവിലെ നട തുറക്കുമ്പോൾ മുതൽ, രാത്രി നട അടയ്ക്കുന്നതുവരെയുള്ള വിവരങ്ങൾ സമയസൂചനകളോടുകൂടി റിപ്പോർട്ടു ചെയ്യണം. തുടർന്നുള്ള ദിവസങ്ങളിൽ ചില കാര്യങ്ങൾ ഒഴിവാക്കാവുന്നതാണു്. ക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച സമയത്തിനു് നീക്കുപോക്കില്ലാത്ത ശ്രീബലി, വിളക്ക് തുടങ്ങിയവ 'കഴിഞ്ഞ ദിവസങ്ങളിലെപ്പോലെ' എന്നു പറഞ്ഞാൽ മതിയാവുന്നതാണു്. പാഠകം, ഓട്ടൻതുള്ളൽ തുടങ്ങിയവ ആളുകൾ മാറിമാറി വരുന്നതുകൊണ്ടു് പ്രത്യേകം എടുത്തുപറയണം, പാട്ടുകച്ചേരി, കഥകളി, തുടങ്ങിയ പരിപാടികളെപ്പററി പറയുമ്പോൾ അതിൽ പങ്കെടുക്കുന്ന പ്രമുഖന്മാരെ സൂചിപ്പിക്കുകയും വേണം—ഈ പരിപാടികളുടെ സമയം നൽകേണ്ടതും ആവശ്യമാണു്—ഈ വാർത്തകൾ വായിച്ചിട്ടായിരിക്കും ആളുകൾ അവരവർക്കിഷ്ടപ്പെട്ട പരിപാടികളിൽ സംബന്ധിക്കുവാൻ വന്നുചേരുക.

പ്രസ്താവനകളും നോട്ടീസുകളും കൈകാര്യംചെയ്യേണ്ട വിധവും ചുരുക്കത്തിൽ ഇവിടെ പ്രതിപാദിച്ചുകഴിഞ്ഞു.

THE KOTTAYAM PUBLIC LIBRARY
KOTTAYAM.

# ചില നിർദ്ദേശങ്ങൾ

പല പത്രറിപ്പോർട്ടന്മാർക്കും എപ്പോഴാണ് ടെലഫോൺ ഉപയോഗപ്പെടുത്തേണ്ടതു് ഏതേതു സന്ദർഭങ്ങളിൽ ടെലഫോൺ സന്ദേശങ്ങൾക്കായി പണം ദുർവ്വിനിയോഗം ചെയ്യരുതു് എന്ന കാര്യം അറിയാൻ പാടില്ല.

വളരെയധികം പ്രധാനപ്പെട്ട വാർത്തകൾക്കുമാത്രമെ ഫോൺ ഉപയോഗപ്പെടുത്താവൂ ഒരു കെട്ടിടം തീപിടിച്ചു നശിക്കുന്നു, അല്ലെങ്കിൽ ഒരു കാറുകയറി ഒരു കുട്ടി മൃതിയടയുന്നു, അതുമല്ലെങ്കിൽ രണ്ടു ബസ്സുകൾ കൂട്ടിമുട്ടുന്നു. എന്നുതുടങ്ങിയ അപ്രതീക്ഷിതവും പ്രാധാന്യമുള്ളതുമായ സംഭവങ്ങൾ ഉണ്ടാകുമ്പോൾ, അത്തരം വാർത്തകൾ ഫോൺമാർഗ്ഗം അടിയന്തിരമായി പത്രമാഫീസിൽ എത്തിക്കണം. വിഷഭക്ഷണം കഴിച്ചു് ചിലർ മരിക്കുകയും പലരെയും ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്ത സംഭവത്തിനും ടെലഫോൺ ഉപയോഗപ്പെടുത്തേണ്ടതാണ്

ഒരാൾ മരിക്കുന്നു. രോഗം പിടിപെട്ടു മരിച്ചതായാലും പെട്ടെന്നു മരിച്ചതായാലും ശരി, ആ വാർത്ത പത്രമാഫീസിൽ അറിയിക്കുന്നതിനു് ഫോണുപയോഗിക്കാം, കത്തിക്കുത്തിൽ മരണം ഉണ്ടായാൽ ആ കാര്യത്തിനും ഫോൺ പ്രയോജനപ്പെടുത്താവുന്നതാണ്.

ഇങ്ങനെ അപ്രതീക്ഷിതമായി ഉണ്ടാകുന്ന അത്യാഹിതവാർത്തകൾക്ക് അടിയന്തിരസ്വഭാവമുള്ളതുകൊണ്ടു് നഷ്ടപ്പെട്ടുപോകാതെയും കാലതാമസം കൂടാതെയും ആഫീസിൽ ലഭിക്കുന്നതിനുവേണ്ടിയാണു് ഫോൺമാർഗ്ഗം ആ വാർത്തകൾ നൽകണമെന്നു് നിർദ്ദേശിച്ചതു്. പത്രം പ്രസിദ്ധീകരിക്കുന്ന സ്ഥലത്തിനടുത്താണു് ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നതെങ്കിൽ ഫോണിലൂടെയല്ലാതെ മററു മാർഗ്ഗമായും വാർത്തകൾ ആഫീസിൽ എത്തിക്കാവുന്നതാണു്. കേരളത്തിൽ സ്റ്റേററു് ട്രാൻസ്പോർട്ടുള്ള സ്ഥലങ്ങളിൽ ബസ്സിൽ വാർത്തകൾ കൊടുത്തയയ്ക്കാനുള്ള ക്രമീകരണങ്ങൾ ഉണ്ടു് റിപ്പോർട്ടറന്മാർക്കു് അതുപയോഗപ്പെടുത്താം. ലേഖകനു് റിപ്പോർട്ടു നേരിട്ടു് ആഫീസിൽ എത്തിക്കുവാൻ കഴിയും.

ഫോണുപയോഗപ്പെടുത്തേണ്ടിവരുന്ന മറെറാരു സന്ദർഭം പ്രധാനപ്പെട്ട ചില സമ്മേളനങ്ങൾ റിപ്പോർട്ടു് ചെയ്യുമ്പോഴാണു്. വൈകുന്നേരമോ രാത്രിയിലോ ആയിരിക്കും സമ്മേളനം. പ്രധാനപ്പെട്ട പ്രാസംഗികർ അതിൽ സംബന്ധിക്കുന്നുണ്ടായിരിക്കും. അത്തരം വാർത്ത പത്രത്തിനു നഷ്ടപ്പെടാൻ പാടില്ലാത്തവയാണു്. അതുകൊണ്ടു് ഫോൺമാർഗ്ഗം സമ്മേളനം സംബന്ധിച്ചപ്രധാനകാര്യങ്ങൾ പത്രാധിപർക്കു് എത്തിച്ചുകൊടുക്കണം. കൂടുതലായിട്ടുള്ള വിവരങ്ങൾ, പ്രസംഗങ്ങളുടെ പൂർണ്ണരൂപം തുടങ്ങിയവ പുറകെ അയച്ചുകൊടുക്കുകയും വേണം.

വാർത്തകളുടെ പ്രാധാന്യമോ അടിയന്തിര സ്വ

ഭാവമോ പരിഗണിക്കാതെ എല്ലാ വാൎത്തകൾക്കും ഫോണുപയോഗിക്കുന്ന പതിവു ശരിയല്ല. ഒരാൾ മരിച്ച് നാലുദിവസം കഴിഞ്ഞിട്ട് ആ മരണവാൎത്ത ഫോണിൽ നൽകുന്നതിൽ അൎത്ഥമില്ല. തീപിടുത്തത്തിൻേറയും, കാറപകടത്തിൻേറയും, കൊലപാതകത്തിൻേറയും സ്ഥിതിയും ഇതുതന്നെ. സമ്മേളനങ്ങൾ നടന്ന്, മററുപത്രങ്ങൾ വിവരങ്ങൾ പ്രസിദ്ധീകരിച്ചതിനുശേഷം ആ സമ്മേളനത്തെപ്പററി ഫോണിൽ നാലുവരി പത്രമാഫീസിൽ എത്തിക്കുന്നതിന് എന്തൎത്ഥമാണുള്ളത്?

പള്ളികളിലെ പെരുനാളുകൾ, ക്ഷേത്രോത്സവങ്ങൾ, പൊതുയോഗങ്ങൾ തുടങ്ങിയവയുടെ വിശദമായ പരിപാടികൾ നേരത്തെ പ്രസിദ്ധീകരിക്കുന്നവയാണ്. അവയുടെ കാൎയ്യപരിപാടികൾ നേരത്തെ സമ്പാദിച്ച് പോസ്റ്റിൽ അയയ്ക്കുകയാണ് ഉചിതമായ നടപടി. ഇവയുടെ കാൎയ്യപരിപാടി ആഫീസിൽ അറിയിക്കുന്നതിനായി ഒരിക്കലും ഫോണുപയോഗിക്കരുത്.

കല്യാണവാൎത്തകൾ, പ്രാദേശികാവശ്യങ്ങൾ, പത്രാധിപൎക്കുള്ള കത്തുകൾ തുടങ്ങിയ വാൎത്തകൾ റിപ്പോൎട്ടുചെയ്യുന്നതിനും പലരും ഫോണുപയോഗിക്കുന്നു. ഇവയൊന്നും അടിയന്തിരസ്വഭാവമുള്ള വാൎത്തകളല്ല. പോസ്റ്റിൽ അയച്ച് യഥാസമയം പ്രസിദ്ധപ്പെടുത്തേണ്ട കാൎയ്യമേ ആ വാൎത്തകളെ സംബന്ധിച്ചുള്ളു.

ജീവിതത്തിലെന്നപോലെ, പത്രവാൎത്തകളുടെ

റിപ്പോർട്ടിങ്ങ്കാര്യത്തിലും അനാവശ്യമായ ചെലവുകൾ ഒഴിവാക്കുകയും മിതവ്യയം ശീലിക്കുകയുംചെയ്യേണ്ടതാണ്. ഒരു വാർത്ത പോസ്റ്റിൽ അയയ്ക്കുന്നതിനേക്കാൾ എത്രയോകൂടുതൽ ചെലവുണ്ട് അതേവാർത്ത ഫോണിലൂടെ നൽകുമ്പോൾ? പ്രധാനപ്പെട്ടതും അടിയന്തിരപ്രാധാന്യമുള്ളതുമായ വാർത്തകൾക്കുമാത്രം ഫോൺ ഉപയോഗപ്പെടുത്തുക. മററു വാർത്തകൾക്ക് ന്യൂസ്കവർ അയയ്ക്കുകയും ചെയ്യുക.

## ഇനിഷ്യൽ മലയാളത്തിൽ തന്നെ എഴുതുക

റിപ്പോർട്ടറന്മാർ വാർത്തകൾ എഴുതുമ്പോൾ വ്യക്തികളുടെ ഇനിഷ്യൻ സാധാരണയായി ഇംഗ്ലീഷിൽ എഴുതാറുണ്ട്. അതുപോലെതന്നെ ഡിഗ്രികളും. റിപ്പോർട്ടറന്മാർക്ക് ഇതിൽ എന്തെങ്കിലും ന്യൂനതയോ കുഴപ്പമോ ഉള്ളതായി തോന്നുകയില്ല. പക്ഷെ പത്രാധിപന്മാർക്ക് അതു ഭാരമേറിയ ഒരു ജോലിയായിത്തീരുന്നു എന്നതാണ് വാസ്തവം. മലയാളത്തിലുള്ള വാർത്തകളുടെ ഇടയ്ക്ക് ഇംഗ്ലീഷിലുള്ള അക്ഷരങ്ങൾ, സാങ്കേതികത്വവും ഭാഷാപരവുമായ കാരണങ്ങൾകൊണ്ട് ചേർക്കാൻ നിവർത്തിയില്ല. ഇംഗ്ലീഷിലുള്ള ഇനിഷ്യലുകളും ഡിഗ്രികളും വെട്ടിത്തിരുത്തി മലയാളത്തിലെഴുതേണ്ട ചുമതല പത്രാധിപർക്കു വന്നുകൂടുന്നു. ജോലിത്തിരക്കുള്ള സമയങ്ങളിൽ ഇതുണ്ടാക്കുന്ന ബുദ്ധിമുട്ട് കുറച്ചൊന്നുമല്ല. റിപ്പോർട്ടുകളിൽ ഇംഗ്ലീഷ് അക്ഷരങ്ങളോ വാക്കുകളോ കടന്നുകൂ

ടാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അതുപോലെതന്നെ ഇംഗ്ലീഷിൽനിന്നുള്ള ഉദ്ധരണികളും ഒഴിവാക്കുക. ഉദ്ധരണികളുടെ തർജ്ജമ മതിയാവുന്നതാണ്.

## വാർത്തകൾ സമയത്തു് എത്തിക്കുക

വാർത്തകൾ യഥാസമയം പത്രമാഫീസിൽ എത്തിക്കുന്നതിലാണ് ഒരു റിപ്പോർട്ടറുടെ വിജയം സ്ഥിതിചെയ്യുന്നതു്—വാർത്തകൾ കഴിയുന്നതും നേരത്തെ വായനക്കാർക്കു നൽകുക എന്നതത്രേ പത്രങ്ങളുടെ ലക്ഷ്യം. വേണ്ട സമയത്തു് ഒരു വാചകംകൊണ്ടു തൃപ്തിപ്പെടാൻ കഴിയും. സമയംകഴിഞ്ഞു് ദീർഘമായി വാർത്ത നൽകിയതുകൊണ്ടു് യാതൊരു പ്രയോജനവുമില്ല. പത്രമാഫീസിലെ സൗകര്യങ്ങളും പ്രവർത്തനക്രമവും മനസ്സിലാക്കി വാർത്തകൾ അതതുസമയം എത്തിച്ചുകൊടുക്കണം വൈകിക്കിട്ടുന്ന വാർത്തകൾ യഥോചിതം പ്രസിദ്ധപ്പെടുത്താൻ പത്രാധിപർക്കു് കഴിഞ്ഞെന്നു വരില്ല. സമയം വളരെ വൈകിയെത്തുന്ന വാർത്തകൾ മാററിവയ്ക്കേണ്ടിവന്നു എന്നും വരാം.

## പത്രാധിപർക്കു് വാർത്തകളയയ്ക്കുക

വാർത്തകൾ എപ്പോഴും പത്രാധിപരുടെ പേർക്കു മാത്രം അയയ്ക്കുക. വ്യക്തികളുടെപേരിൽ വാർത്തകൾ അയയ്ക്കുന്നതുമൂലം ചിലപ്പോൾ വാർത്തകൾ സമയത്തു പ്രസിദ്ധീകരിക്കാൻകഴിയാതെ വന്നുവെന്നു വരാം. വ്യക്തികളുടെ പേരെഴുതിയ കവറുകൾ, സ്വകാര്യകത്തുകളാണെന്ന ധാരണയിൽ മററു പത്രാധിപന്മാർ

തുറന്നുനോക്കാനിടയില്ല. റിപ്പോർട്ടർ പേരെഴുതിയ പത്രാധിപർ അവധിയിലാണെങ്കിൽ ആ വാർത്ത എത്ര പ്രധാനമാണെങ്കിലും അവിടെ ഇരുന്നുപോവുകയേയുള്ളു.

കടലാസിൻെറ ഒരുവശത്തുമാത്രം എഴുതുക

ഏതൊരു പത്രമാഫീസിലേയ്ക്കു് അയയ്ക്കുന്ന വാർത്തയും കടലാസിൻെറ ഒരുവശത്തുമാത്രമേ എഴുതാവു. കമ്പോസ് ചെയ്യുന്നവരുടെ സൗകര്യമാണു് ഇതിൽ പ്രധാനമായി കണക്കാക്കുന്നതു്. നീണ്ട മാററുകളാണെങ്കിൽ കടലാസ് രണ്ടോ മൂന്നോ ആയി കീറി പല കമ്പോസിററന്മാരെ ഏല്പിക്കേണ്ടി വരും. രണ്ടുവശത്തും എഴുത്തുണ്ടെങ്കിൽ ഇങ്ങനെകീറുമ്പോൾ മാററർ ചേർക്കാൻ നിവർത്തിയില്ലാത്ത ഒരവസ്ഥയാണല്ലോ ഉണ്ടാകുന്നതു്. ധിറുതിവച്ചു ചേർക്കുമ്പോൾ മറുവശം നോക്കാൻ വിട്ടുപോയി എന്നുവരാം. രണ്ടുവശത്തും എഴുതുന്നതുകൊണ്ടു് ഇങ്ങനെ പല ദൂഷ്യങ്ങളുമുണ്ടു്. അതുപോലെതന്നെ വരികൾ അകത്തി എഴുതിയാൽ കമ്പോസ് ചെയ്യുന്നവർക്കു് നോക്കിവായിക്കാൻ വളരെയെളുപ്പം കിട്ടും. പത്രാധിപന്മാർക്കു് മാററിൽ തിരുത്തുവാനും തന്മൂലം കൂടുതൽ സൗകര്യം ലഭിക്കുന്നു. പെൻസിലുകൊണ്ടോ തെളിയാത്ത മഷികൊണ്ടോ എഴുതുന്നതും കമ്പോസിററന്മാരെയും എഡിററന്മാരെയും ബുദ്ധിമുട്ടിക്കുന്ന ഒരു നടപടിയാണു്.

കൃത്യം! കൃത്യം!

പത്രറിപ്പോർട്ടറന്മാരിൽപലർക്കും 'കൃത്യ'ത്തോടു വളരെ താല്പര്യമാണ്. ഇതാ നോക്കൂ:

"കേരളത്തിലെ ചില്ലറവ്യാപാരികളുടെ അസോസിയേഷൻപ്രതിനിധികളുടെ ഒരു യോഗം ഈ മാസം 15-ാംതീയതി ഞായറാഴ്ച അസോസിയേഷൻഹാളിൽവച്ച് രാവിലെ കൃത്യം 9 മണിക്ക് പ്രസിഡൻറിൻെറ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. സമ്മേളനം അടിയന്തിരമായി വിളിച്ചുകൂട്ടാനിടയായ സാഹചര്യത്തെപ്പററി അദ്ധ്യക്ഷൻ വിവരിച്ചു. സർവ്വശ്രീ കെ. രാമകൃഷ്ണൻ, പി. എബ്രഹാംകോശി, ആർ. മുസ്തഫാകനി എന്നിവർ പ്രസംഗിച്ചു. സുപ്രധാനമായ തീരുമാനങ്ങൾ കൈക്കൊണ്ടശേഷം സമ്മേളനം കൃത്യം 12 30 ന് സമംഗളം പര്യവസാനിച്ചു."

സമ്മേളനം കൃത്യം 9 മണിക്കാരംഭിക്കുകയോ, കൃത്യം 12-30 ന് അവസാനിക്കുകയൊ ഉണ്ടായിക്കാണുകയില്ല. 9 കഴിഞ്ഞു് ഏറെക്കഴിഞ്ഞിട്ടായിരിക്കാം സമ്മേളനമാരംഭിച്ചതു്. 12-30 ആവുന്നതിനുമുമ്പ് സമ്മേളനം കഴിഞ്ഞു എന്നും വരാം. സാധാരണ നടക്കുന്ന കാര്യങ്ങളാണ്. അതു കൃത്യമായി തുടങ്ങുകയും അവസാനിക്കുകയും ചെയ്തില്ലെങ്കിലും ഒരു കുഴപ്പവും ഉണ്ടാകാൻ പോകുന്നില്ല. അങ്ങനെയാകുമ്പോൾ ഈ 'കൃത്യം' ഉപേക്ഷിക്കുന്നതിൽ എന്താണു തെററ്? അതുപോലെതന്നെ പല സമ്മേളനങ്ങളും കലാപരിപാടികളും കൃത്യം ഇത്ര മണിക്ക് ആരംഭിക്കുമെന്നു്

പരസ്യം ചെയ്യുന്നതുകാണാം. പക്ഷെ പലപ്പോഴും അങ്ങനെ സംഭവിക്കാറില്ലാ എന്നുമാത്രം. എന്തെങ്കിലും കൃത്യസമയത്തു നടന്നാൽ, ഇന്നു് അതൊരു വാർത്തയായിക്കഴിഞ്ഞിരിക്കുന്നു; യാതൊന്നിനും യാതൊരു കൃത്യവുമില്ലാതായിരിക്കയാണു്.

ചില നിർദ്ദേശങ്ങൾകൂടി

പത്രസ്ഥലം വളരെ പരിമിതമാണെന്നു് ലേഖകന്മാർ എപ്പോഴും ഓർക്കണം. പത്രത്തിലെ ഓരോ ഇഞ്ചു സ്ഥലവും വിലപിടിപ്പുള്ളതാണു്—ഈ വസ്തുത കണക്കിലെടുത്തുകൊണ്ടു വേണം റിപ്പോർട്ടുകളയയ്ക്കുവാൻ. പ്രധാനപ്പെട്ട വാർത്തകൾമാത്രമെ അയയ്ക്കാവൂ; വാർത്തകൾ കഴിയുന്നത്ര ചുരുക്കിയെഴുതുകയും വേണം

അടുത്ത ഞായറാഴ്ച, ഇക്കഴിഞ്ഞ വെള്ളിയാഴ്ച തുടങ്ങിയ പ്രയോഗങ്ങൾ ഒഴിവാക്കുകയായിരിക്കും നല്ലതു്. പ്രാധാന്യം കുറഞ്ഞ വാർത്തകളാണെങ്കിൽ പത്രത്തിൽ പ്രസിദ്ധപ്പെടുത്തുന്നതിനു് കാലതാമസമുണ്ടായി എന്നുവരാം. അപ്പോൾ ഈ പ്രയോഗങ്ങൾ അസ്ഥാനത്താകാനിടയുണ്ടു്. കഴിഞ്ഞ വെള്ളിയാഴ്ച എന്നുതുടങ്ങുന്ന ഒരു വാർത്ത പത്തുദിവസം കഴിഞ്ഞാണു പ്രസിദ്ധപ്പെടുത്തുന്നതെങ്കിൽ ആ റിപ്പോർട്ടു് തെറ്റുമെന്നു വ്യക്തമാണല്ലോ

വാർത്തകളുടെ ഇടയ്ക്കു് 11-11-1965 തുടങ്ങി അക്കങ്ങൾ എഴുതുന്നതും കഴിയുന്നതും ഒഴിവാക്കണം.

ഡിസംബർ 12-ാംതീയതിയെന്നോ, ഡിസംബർ പന്ത്രണ്ടാംതീയതിയെന്നോ എഴുതുന്നതാണു നല്ലതു്.

ചില പ്രാദേശികലേഖകന്മാർ വാർത്തകൾ അയയ്ക്കുമ്പോൾ അവയ്ക്കു് ഹെഡിംഗുകൾകൂടി ഇട്ടാണയയ്ക്കുന്നതു്. ഫോണിൽ വാർത്തകൾ നൽകുമ്പോഴും ആദ്യംപറയുന്നതു് ഹെഡിംഗുകളാണു്. ഇതാവശ്യമുള്ള ഒരു കാര്യമല്ല. വാർത്തകൾക്കു് ഹെഡിംഗ് നൽകേണ്ടതു് പത്രാധിപരുടെ ജോലിയാണു്. വാർത്തയുടെ ഹെഡിങ്ങ് എന്തായിരിക്കണം. ആ വാർത്ത ചെറുതായിട്ടോ വലുതായിട്ടോ പ്രസിദ്ധീകരിക്കേണ്ടതു് എന്നെല്ലാം തീരുമാനിക്കുന്നതു് പത്രാധിപരാണു്. ലേഖകന്മാർ തങ്ങൾക്കു ലഭിക്കുന്ന വാർത്തകൾ ഒട്ടുംതന്നെ സമയം നഷ്ടപ്പെടുത്താതെ പത്രാധിപരുടെമുമ്പിൽ എത്തിക്കുകയേ വേണ്ടൂ.

ഫോൺ വിളിക്കുമ്പോൾ എവിടുന്നാണു് സംസാരിക്കുന്നതെന്നു് ആദ്യം പറയണം. അതൊരു മര്യാദ മാത്രമല്ല; ആരാണു വിളിക്കുന്നതെന്നു് വളരെ വേഗം പത്രാധിപർക്കു മനസ്സിലാക്കാനും അതാവശ്യമാണു്.

പറയാൻപോകുന്ന വാർത്ത എന്തിനെപ്പററിയാണെന്നു് സൂചിപ്പിച്ചിട്ടു് പറയാൻ തുടങ്ങിയാൽ അതും പ്രയോജനകരമായിരിക്കും. ഒരു സമ്മേളനത്തിലെ ഒരു പ്രസംഗമായിരിക്കും റിപ്പോർട്ടുചെയ്യുക, പ്രസംഗം എഴുതിക്കൊണ്ടുവന്നു് അതു് ആദ്യംമുതൽ വായിക്കുകയല്ല വേണ്ടതു്. ഇന്ന സമ്മേളനത്തിൽ ഇ

ന്നയാൾ ചെയ്ത പ്രസംഗം എന്നു പറഞ്ഞിട്ടുവേണം പ്രസംഗം പറഞ്ഞുകൊടുക്കാൻ.

കൊലപാതകം, ആത്മഹത്യ, കാറപകടം തുടങ്ങിയ വാർത്തകൾ റിപ്പോർട്ടു ചെയ്യുമ്പോൾ പലരിൽനിന്നും കിട്ടിയ വിവരങ്ങളെ അടിസ്ഥാനമാക്കി ഇന്നയാൾ ഇന്നയാളെ കുത്തിയെന്നോ, ആത്മഹത്യയ്ക്കു കാരണം ഇന്നതാണെന്നോ, അരികിൽക്കൂടിപോയ ആളുടെ ദേഹത്ത് കാറോടിച്ചു കയററിയതാണെന്നോ, ഉറപ്പിച്ചു പറയരുതു്. ലേഖകൻ ദൃക്സാക്ഷിയാണെങ്കിൽമാത്രം ഉറപ്പിച്ചുപറയാം. (ഒരുപക്ഷെ കോടതിയിൽ സാക്ഷിപറയേണ്ടി വന്നേക്കുമെങ്കിലും) വല്ലവരും പറഞ്ഞുകേട്ട അറിവാണെങ്കിൽ "അറിയപ്പെടുന്നു" എന്നോ, "പറയപ്പെടുന്നു" എന്നോപറഞ്ഞുനിർത്തുകയാണുനല്ലതു്. ഒരു മൃതശരീരംകണ്ടുകൊണ്ടു് അതു് ആത്മഹത്യയാണെന്നു് പറയാനാവില്ല ആ വിധി കല്പിക്കേണ്ടതു് പോസ്റ്റ്മാർട്ടം ചെയ്യുന്ന ഡോക്ടറാണു്. റിപ്പോർട്ടർ "മരിച്ചനിലയിൽ കാണപ്പെട്ടു" എന്നുപറഞ്ഞാൽമതി. ശവം കാണപ്പെട്ട ചുററുപാടുകളിൽ ദൃശ്യമാകുന്ന പ്രത്യേക കാര്യങ്ങളുംകൂടി പറഞ്ഞുകഴിയുമ്പോൾ വായനക്കാരന് സ്വന്തം നിഗമനങ്ങളിൽ എത്താൻ കഴിയും.

THE KOTTAYAM PUBLIC LIBRARY
KOTTAYAM.

# പത്രാധിപരും പ്രാദേശിക ലേഖകന്മാരും

മലയാള പത്രങ്ങളുടെ പ്രാദേശിക ലേഖകന്മാർ വാൎത്തകൾ കൈകാര്യം ചെയ്യേണ്ടതു് എങ്ങനെയെന്നു് സൂചിപ്പിക്കുക മാത്രമാണു് ഇവിടെ ചെയ്തിരിക്കുന്നതു്. (റിപ്പോർട്ടറന്മാർ എങ്ങനെ വാൎത്തകൾ ശേഖരിക്കണം, റിപ്പോർട്ടു ചെയ്യണം തുടങ്ങിയ കാൎയ്യങ്ങൾ 'ആധുനിക പത്രപ്രവൎത്തനം' എന്ന ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ടു്.) ശാസ്ത്രീയമായ റിപ്പോർട്ടിങ്ങിൽ ലേഖകന്മാർക്കുള്ള പരിചയക്കുറവും തന്മൂലം പത്രമാഫീസിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും ലഘൂകരിക്കുന്നതിനുതകത്തക്കവിധം, ലേഖകന്മാർക്കു് വാൎത്തകൾ തെരഞ്ഞെടുക്കുന്നതിനും അവ ക്രമീകരിച്ചു് റിപ്പോർട്ടു ചെയ്യുന്നതിനും സഹായകമായ മാർഗ്ഗനിൎദ്ദേശം നൽകുകയാണു് ഈ ഗ്രന്ഥംകൊണ്ടു് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്.

പ്രാദേശിക ഏജൻറന്മാരെ സംബന്ധിച്ചിടത്തോളം അതതു നാട്ടിലെ വാൎത്തകളുടെ റിപ്പോർട്ടിങ്ങ് സുപ്രധാനമാണു്. തങ്ങളെ സംബന്ധിക്കുന്ന വാൎത്തകൾ, അല്ലെങ്കിൽ സ്വന്തംനാട്ടിലെ സംഭവങ്ങളെക്കുറിച്ചുള്ള വാൎത്തകൾ ധാരാളമായി പ്രത്യക്ഷപ്പെടുന്ന പത്രങ്ങളോടു് വായനക്കാർക്കു് പ്രിയംതോന്നുക സ്വാഭാവികംമാത്രമാണു്. മനശ്ശാസ്ത്രപരമായ ഈ

മനോഭാവം പത്രങ്ങളുടെ പ്രചാരണം വർദ്ധിപ്പിക്കുന്നതിന് ഉപയോഗപ്പെടുത്താവുന്നതാണ്; ഉപയോഗപ്പെടുത്തേണ്ടതുമാണ്. പത്രത്തിന് പ്രചാരം വർദ്ധിക്കുന്നതോടെ, ഏജൻറിൻെറ ആദായം കൂടുകയും ചെയ്യുമല്ലോ.

വസ്തുതകൾ, വസ്തുതകളാണെന്നു മനസ്സിലാക്കി അവ വളച്ചൊടിക്കാതിരിക്കാൻ എപ്പോഴും ശ്രമിക്കേണ്ടതാണ്. രാഷ്ട്രീയമായും, സാമൂഹ്യമായും സാമുദായികമായും വ്യക്തിപരമായും അഭിപ്രായഭിന്നതകൾ ഉണ്ടാകുക സ്വാഭാവികമാണ്. പക്ഷേ അത്തരം വീക്ഷണവ്യത്യാസങ്ങൾ, വാർത്തകൾ റിപ്പോർട്ടു ചെയ്യുമ്പോൾ, സ്വാധീനം ചെലുത്താനിടയാകരുത്. വാർത്തകൾ എപ്പോഴും വാർത്തകളായിരിക്കണം; വാർത്തകളും തങ്ങളുടെ അഭിപ്രായങ്ങളും ഒന്നാക്കാൻ ശ്രമിക്കരുത്. വാർത്തകൾ വസ്തുനിഷ്ഠമായി, സത്യസന്ധമായി റിപ്പോർട്ടു ചെയ്യുക—അതിൽ എന്തെങ്കിലും ക്രമീകരണങ്ങൾ വരുത്തണമെങ്കിൽ അതു പത്രാധിപർ ചെയ്തുകൊള്ളും.

പത്രപ്രവർത്തകർ സമൂഹത്തിൽ ഉന്നതസ്ഥാനമുള്ള പൊതുജനസേവകരാണെന്ന വസ്തുത വിസ്മരിക്കരുത്, തദനുസരണമായ ഉത്തരവാദിത്വവും നിഷ്പക്ഷതയും അയാളിൽനിന്ന് ജനങ്ങൾ പ്രതീക്ഷിക്കുന്നു എന്നതും മറക്കരുത്. ജനങ്ങളുടെ ഈ പ്രതീക്ഷ തകർക്കാതിരിക്കേണ്ടതു് പത്രപ്രവർത്തകൻെറ നിലനില്പിനും വളർച്ചയ്ക്കും ആവശ്യമാണ്.

വാർത്തകളുടെകൂടെ സ്വന്തം വിമർശനങ്ങളും അഭിപ്രായങ്ങളുംകൂടി പല ലേഖകന്മാരും എഴുതിവിടാറുണ്ടു്. ഇതാവശ്യമില്ലാത്ത ഒരു നടപടിയാണു് പത്രാധിപരെയോ പൊതുജനങ്ങളെയോ എന്തെങ്കിലും പഠിപ്പിക്കേണ്ട ചുമതല പത്രലേഖകർക്കില്ല. വാർത്തകൾ സംഭരിച്ചു് കഴിയുന്നതുംവേഗത്തിൽ പത്രമാഫീസിൽ എത്തിക്കുകയാണു് അവരുടെ മുഖ്യജോലി.

ഏതൊരു വാർത്ത ലഭിച്ചാലും അതു് ശരിയാണോ എന്നു് സൂക്ഷ്മമായി അന്വേഷിക്കണം. എന്നിട്ടേ റിപ്പോർട്ടു ചെയ്യാവൂ. ആരെങ്കിലും പറയുന്നതുകേട്ടു് റിപ്പോർട്ടുചെയ്യും. അതു പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞാണു് ആ വാർത്ത തെററാണെന്നോ, അതിന്റെ ഭവിഷ്യത്തു് പ്രതികൂലമാണെന്നോ മനസ്സിലാകുന്നതു്. ഉടനെ വാർത്ത തിരുത്താൻ പത്രാധിപരോടാവശ്യപ്പെടുകയായി. ഇതു് ലേഖകനും പത്രത്തിനും ഒരുപോലെ ബുദ്ധിമുട്ടുണ്ടാക്കുന്നതും, പ്രശസ്തിക്കു് കളങ്കം ചേർക്കുന്നതും ആണെന്നു പറയേണ്ടതില്ലല്ലോ.

പരിചയസമ്പന്നരല്ലാ ഒട്ടുമിക്ക പത്രങ്ങളുടേയും പ്രാദേശികലേഖന്മാർ എന്നു നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ. അത്തരത്തിലുള്ള, അശിക്ഷിതരായ പത്രലേഖകന്മാർ, പ്രധാനപ്പെട്ട പ്രാദേശികവാർത്തകൾ കൈകാര്യം ചെയ്യേണ്ടതെങ്ങനെ എന്നും സാമാന്യം വിശദമായി ചൂണ്ടിക്കാണിച്ചു.

പ്രാദേശികലേഖകന്മാരെ റിപ്പോർട്ടിങ്ങിൽ കഴിവുള്ളവരാക്കിത്തീർക്കാൻ പത്രാധിപന്മാർക്കും വള

രെയൊക്കെ ചെയ്യുവാനുണ്ട്. ഇക്കാര്യത്തിൽ അവർക്ക് എന്തെല്ലാം ചെയ്യാൻ കഴിയും, അല്ലെങ്കിൽ എന്തെല്ലാം ചെയ്യണം എന്ന് ചുരുക്കത്തിൽ പ്രതിപാദിക്കേണ്ടിയിരിക്കുന്നു.

പ്രാദേശികലേഖകന്മാരുടെ കൂട്ടത്തിൽ ഗ്രാമങ്ങളിലേയും, ചെറിയ പട്ടണങ്ങളിലേയും ലേഖകന്മാർ മാത്രമല്ല; ജില്ലാലേഖകന്മാരെയും ഉൾപ്പെടുത്താവുന്നതാണ്.

പ്രാദേശികലേഖകന്മാരെ സംബന്ധിച്ച പ്രശ്നം അവരെ നിയമിക്കുമ്പോൾതൊട്ടുതന്നെ പരിഹരിക്കേണ്ട ഒന്നാണ്. ഗ്രാമങ്ങളിലും ചെറിയപട്ടണങ്ങളിലും മുഴുവൻസമയറിപ്പോർട്ടറന്മാരുടെ ആവശ്യമില്ല; സാമ്പത്തികമായി പ്രായോഗികവുമല്ല. പക്ഷെ ജില്ലാ തലസ്ഥാനങ്ങളുടെ സ്ഥാനം മറെറാന്നാണ്. ഗവർമ്മെൻറിൻെറയും വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും മററ് പൊതുപ്രവർത്തനങ്ങളുടെയും ഒരു പ്രവർത്തനകേന്ദ്രാകൃതിയാണെന്നു്—അവ ചെറിയ തലസ്ഥാനങ്ങൾതന്നെ. ജില്ലാതലസ്ഥാനങ്ങളിൽമുഴുവൻസമയറിപ്പോർട്ടറന്മാർ ആവശ്യമത്രേ.

സാഹചര്യത്തിൻെറ സമ്മർദ്ദംകൊണ്ടു് റിപ്പോർട്ടറന്മാരായവർക്ക് ഒരു റിപ്പോർട്ടർക്ക് ആവശ്യമായ പരിശീലനമൊ യോഗ്യതകളൊ കാണുകയില്ല. വാർത്തകളുടെ പ്രാധാന്യം മനസ്സിലാക്കുവാനുള്ള ശേഷി, പരിപാടികൾ ആസൂത്രണംചെയ്തു നടപ്പാക്കാനുള്ള കഴിവ്, മാന്യമായ പെരുമാററം, സത്യസന്ധത,

പെരുമാററഗുണം, എല്ലാററിച്ചുമുപരി സ്വന്തം പത്ര ത്തോടുകൂറ് എന്നിവ റിപ്പോർട്ടർക്കുണ്ടായിരിക്കണം.

ഒരു ന്യൂസ് എഡിററുടെ വിജയം, വളരെയേ റെ, എല്ലാദിവസവും ജില്ലാലേഖകന്മാരുമായിബന്ധം പുലത്തുന്നതിൽ സ്ഥിതിചെയ്യുന്നു. വാർത്തകൾ ശേ ഖരിക്കുന്നതിനു മാത്രമല്ല; ലേഖകന്മാർക്ക് വാർത്ത കൾ സംഭരിക്കാനാവശ്യമായ നിർദ്ദേശങ്ങൾ നൽകു കുവാനും ഇതുമൂലം സാദ്ധ്യമാകുന്നു. ഈ ബന്ധം മററു പ്രാദേശികലേഖകന്മാർക്കുകൂടി വ്യാപകമാക്കുമ്പോൾ ആ ലേഖകന്മാരെക്കൂടി ക്രമേണ പരിശീലിപ്പിച്ചെടു ക്കാൻ സാധിക്കും

എല്ലാ മാസത്തിൻെറ തുടക്കത്തിലും സ്നേഹപൂ ർവ്വമായ ഒരു കത്തോടെ ഈ ബന്ധം ആരംഭിക്കാവു ന്നതാണ്. ഇതു് ഒരു സർക്കുലറാകരുതു്. വ്യക്തിപ രമായ ഒരു കത്തായിരിക്കണം—അവരുടെ പ്രശ്ന ങ്ങൾ മനസ്സിലാക്കുന്നതായി വ്യക്തമാക്കിക്കൊണ്ടും, പത്രാധിപന്മാരുടെ അഭിപ്രായം പ്രകടമാക്കിക്കൊണ്ടു മുള്ളതായിരിക്കണം.

ഒരുകത്തിൽ ഒട്ടവളരെ ആശയങ്ങൾ കുത്തിച്ചെ ലുത്തരുതു്. ഏതെങ്കിലും സ്വീകാര്യമായ ഒരാശയം ന ല്കുക. ഉദാഹരണത്തിനു് ആദ്യത്തെകത്തിൽ ഒരു ഡ യറി തുടങ്ങാൻ അഭ്യത്ഥിക്കുക. കഴിയുമെങ്കിൽ ഒരു ഡയറിതന്നെ അയച്ചുകൊടുക്കുക. ഡയറി സൂക്ഷിക്കു കയും ഉപയോഗിക്കുകയും ചെയ്യേണ്ട വിധങ്ങളും വാ ത്തകളെസംബന്ധിക്കുന്ന വിവരങ്ങൾ എങ്ങനെ ഡയ റിയിൽ എഴുതി പ്രയോജനപ്പെടുത്താമെന്നും അവരെ മനസ്സിലാക്കുക.

പ്രാദേശികവാർത്തകളുടെ റിപ്പോർട്ടിങ്ങ് മെച്ചപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ചുരുങ്ങിയ രൂപത്തിൽ വ്യക്തമായി ലേഖകന്മാരെ ധരിപ്പിക്കാവുന്നതാണ്. ഇതിലേയ്ക്കു് ഒരു പ്രത്യേകഫോറംതന്നെ ഉണ്ടാക്കാൻ കഴിയും.

മാതൃകയ്ക്കു് ഒരു ഫോറം താഴെക്കൊടുക്കുന്നു.

ശ്രീ........................ ............ ......

| വാർത്ത | വാക്കുകളുടെ എണ്ണം | ഫോട്ടോ | എങ്ങനെ അയയ്ക്കുന്നു | റിമാർക്ക് |
|---|---|---|---|---|
| എൻ. എസ്. എസ്. രജതജൂബിലി ഉത്ഘാടനം | 250 | വേണ്ട | ടെലഗ്രാം, ഫോൺ, പോസ്റ്റ്, ആൾവഴി x | വൈകുന്നേരം 4 മണിയ്ക്കു മുമ്പ് കിട്ടണം. |

പല പത്രലേഖകന്മാർക്കും ആഫീസിലെ ജോലിയുടെ രീതി പരിചയമില്ല. എഡിഷനുകളുടെ വ്യത്യാസം, ഓരോ വാർത്തകളും അച്ചടിച്ചുവരുന്നതിനുള്ള പ്രക്രിയകൾ, അവസാനനിമിഷത്തിൽ വാർത്തകൾ ചുരുക്കുകയോ മാററിവയ്ക്കുകയോ ചെയ്യേണ്ടിവരുന്ന അവസ്ഥ തുടങ്ങിയവ അവർക്കറിയാൻ പാടില്ല. വാർത്ത താമസിച്ചുകിട്ടുന്നതുമൂലമുള്ള കുഴപ്പവും അവർക്കറിവില്ല. അതുകൊണ്ടു് ലേഖകരെ ആഫീ

സിലേയ്ക്കു് ക്ഷണിച്ചുവരുത്തുകയും എഡിററിങ്ങ് മുതൽ അച്ചടിവരെയുള്ള കാര്യങ്ങളും അതുസംബന്ധിച്ച പ്രശ്നങ്ങളും അവരെ ധരിപ്പിക്കുകയും ചെയ്യുന്നതു നല്ലതാണു്. വാർത്തകൾ അയയ്ക്കുന്നതിലും അവ സമയത്തെത്തിക്കുന്നതിലും ലേഖകന്മാർക്കു് തന്മൂലം വേണ്ട മുൻകരുതൽ നൽകാൻകഴിയും.

ശരിയായി ചെയ്ത ജോലിക്കു് അവരെ അഭിനന്ദിക്കുകയും വിട്ടുപോയ വാർത്തയെസംബന്ധിച്ചു് മുന്നറിയിപ്പു നൽകുകയുംവേണം. അതിനു മടിക്കേണ്ടതില്ല്.

KOTTAYAM PUBLIC LIBRARY
KOTTAYAM.

സാധാരണഗതിയിൽ പ്രാദേശിക ലേഖകന്മാർ ഏതെങ്കിലുംപാർട്ടിയുടെ, സംഘടനയുടെ, സമുദായത്തിൻെറ പേരിൽ അറിയപ്പെടുന്ന ആളായിരിക്കും. അയാൾ പ്രാദേശിക-രാഷ്ട്രീയത്തിൽ ആമഗ്നനായിരിക്കും. പത്രത്തിൻെറ നയം ഇന്നതാണെന്നും അതുകൊണ്ടു് താൻ വാർത്തകൾ വസ്തുതകളിൽനിന്നു് അടർത്തിയെടുത്തോ വളച്ചൊടിച്ചോ അയയ്ക്കണമെന്നു് പത്രാധിപർ പ്രതീക്ഷിക്കുന്നു എന്നും വിശ്വസിക്കുന്ന ലേഖകരും ഉണ്ടു്. ഇതെല്ലാംതന്നെ വാർത്തകളെ സത്യസന്ധമല്ലാതാക്കുവാനിടയാക്കുന്ന കാര്യങ്ങളാണു്. ആവശ്യമായ മുന്നറിയിപ്പുകളും നിർദ്ദേശങ്ങളും പത്രാധിപർ നൽകിക്കൊണ്ടിരുന്നാൽമാത്രമേ വാർത്തകൾ വസ്തുനിഷ്ഠമായി ഈ ലേഖകന്മാർ അയയ്ക്കുകയുള്ളൂ.

പത്രപ്രവർത്തകൻ ഒരു പൊതുജനസേവകനാണെന്ന ബോധം അയാളിൽ വളർത്താൻ ശ്രമിക്കണം.

ഈ ബോധം അയാൾക്കു് മാന്യതാബോധവും ഉത്തരവാദിത്വബോധവും നൽകും. വാർത്തകൾ നിഷ്പക്ഷമായി റിപ്പോർട്ടുചെയ്യാനുള്ള ശേഷി വർദ്ധിപ്പിക്കും.

ഒരു വാർത്ത റിപ്പോർട്ടുചെയ്യുന്നതിനല്ല അതിനെപ്പററി സ്വന്തം വിമർശനം എഴുതുന്നതിനാണു് ചിലർക്കു വാസന. അവർ റിപ്പോർട്ടിങ്ങിന്റെ ഓരോ ഘട്ടത്തിലും വിമർശനങ്ങൾ പാസ്സാക്കുന്നു. വാർത്തകൾ സംഭരിച്ചു് അയയ്ക്കുകമാത്രമാണു് റിപ്പോർട്ടറുടെ ജോലി എന്നു് അവരെ ഓർമ്മപ്പെടുത്തുന്നതു നന്നായിരിക്കും, റിപ്പോർട്ടിങ്ങിലുള്ള പാകപ്പിഴകൾ തിരുത്തി അവരെ കാണിച്ചു ബോദ്ധ്യപ്പെടുത്തിയാൽ പലപ്പോഴും ഫലംചെയ്യും.

താല്പര്യജനകമായ വാർത്തകളെപ്പോലെതന്നെ കൂടുതലാളുകളെ ബാധിക്കുന്ന വാർത്തകളും പ്രാധാന്യമുള്ളവയാണെന്നു് റിപ്പോർട്ടറന്മാരെ പഠിപ്പിക്കണം. വാർത്തകൾ എങ്ങനെ, എവിടെനിന്നു്, എപ്പോൾ കിട്ടുന്നു, അല്ലെങ്കിൽ വാർത്തകൾ എങ്ങനെയാണു് അന്വേഷിച്ചുപിടിക്കുക തുടങ്ങിയ കാര്യങ്ങളും അയാളെ പഠിപ്പിക്കേണ്ടതുണ്ടു്.

വാർത്തകളെ സംബന്ധിച്ചു് സംശയം തോന്നിയാൽപ്പോലും അക്കാര്യത്തെപ്പററി അന്വേഷിക്കാൻ പല ലേഖകന്മാരും മിനക്കെടാറില്ല. വാർത്തകൾ ഒരിക്കലും ഊഹിച്ചുണ്ടാക്കരുതു്; കണ്ടുപിടിക്കുകയാണു് വേണ്ടതു്. വാർത്തയുമായി ബന്ധപ്പെട്ടവരെ നേരിൽകണ്ടു് കാര്യങ്ങൾ മനസ്സിലാക്കുകയാണു് ഇതിനുള്ള ശരിയായ മാർഗ്ഗം.

പ്രാദേശികലേഖകരുടെ സ്റ്റാൻഡേർഡ് മെച്ചപ്പെടുത്തുന്നതിനും അവരെ ശാസ്ത്രീയ റിപ്പോർട്ടിങ്ങ് പഠിപ്പിക്കുന്നതിനും പത്രലേഖകരുമായി കൂടക്കൂടെ എഴുത്തുകുത്തുകൾക്കുപുറമെ ഇടയ്ക്കിടെ സ്റ്റഡിക്ലാസ്സുകളും സംഘടിപ്പിക്കാവുന്നതാണ്. പത്രത്തിന്റെ മേഖലകളുടേയോ, ജില്ലകളുടേയോ, പ്രധാന പട്ടണങ്ങളുടേയും പ്രാന്തപ്രദേശങ്ങളുടേയും അടിസ്ഥാനത്തിലോ ഇതുനടത്താം. പത്രമാഫീസും ലേഖകന്മാരുമായുള്ള ബന്ധത്തെ മെച്ചപ്പെടുത്തുകയും തെററിദ്ധാരണകൾ നീക്കുകയും റിപ്പോർട്ടിങ്ങ് കാര്യക്ഷമമാക്കുകയും ചെയ്യുന്നതിന് ഇതുമൂലം സാദ്ധ്യമാകുന്നു.

സമർത്ഥരും വിശ്വാസപൂർവ്വം ആശ്രയിക്കാവുന്നവരുമായ ജില്ലാറിപ്പോർട്ടറന്മാരുള്ള സ്ഥലങ്ങളിൽ അവരെ കുറേക്കൂടി ചുമതലകൾ ഏല്പിക്കാവുന്നതാണ്. ജില്ലയുടെ മററുഭാഗങ്ങളിലെ റിപ്പോർട്ടറന്മാരെ ജില്ലാതലസ്ഥാനത്തെ റിപ്പോർട്ടറുമായി ഘടിപ്പിക്കുകയും അവരെ അയാളുടെ മാർഗ്ഗനിർദ്ദേശത്തിന് വിധേയമാക്കുകയും ചെയ്യാം. ന്യൂസ് എഡിററുടെ ഉത്തരവാദിത്വങ്ങൾ വികേന്ദ്രീകരിക്കുവാൻ ഇതുമൂലം സാധിക്കുന്നു

പല പ്രാദേശിക ലേഖകന്മാരുടേയും റിപ്പോർട്ടുകളിൽ ഏററിയകൂറും പ്രാദേശികാവശ്യങ്ങളാണ്. ഇത്തരം ബിററുകൾ കൂടെക്കൂടെ അയയ്ക്കുന്നതിനുപകരം ഇടയ്ക്കിടയ്ക്ക് പ്രാദേശികാവശ്യങ്ങൾ ഉൾക്കൊള്ളിച്ച് കത്തുകളയയ്ക്കുവാൻ ലേഖകരെ ഉപദേശിക്കാവുന്നതാണ്. പ്രാദേശികാവശ്യങ്ങൾ പഠിക്കാൻ ഇത് ലേഖകരെ പ്രേരിപ്പിക്കും.

വാത്തകാം ലഭ്യമാകുന്ന കേന്ദ്രങ്ങളെപ്പററി ലേഖകന്മാർക്കു് ഒരു ബോധമുണ്ടായിരിക്കണം അതില്ലെങ്കിൽ വാത്തകാംലഭ്യമാകുന്നതിനു് കാലതാമസമുണ്ടാകും. അതു സ്വാഭാവികമായി പ്രസിദ്ധീകരണത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. അതുകൊണ്ടു് പത്രാധിപന്മാർ ഇക്കാര്യത്തിൽ ലേഖകരെ സഹായിക്കാൻ ശ്രമിക്കേണ്ടതാണു്.

ഏററവും നല്ല റിപ്പോർട്ടർക്കു് വാർഷിക അവാർഡുകാം നൽകുന്നതും നല്ലതാണു്. എന്തുകൊണ്ടാണു് അയാംക്കു് അവാർഡു് നൽകിയതെന്നു് വ്യക്തമാക്കിക്കൊണ്ടു് മററു ലേഖകന്മാർക്കു് സർക്കുലർ അയയ്ക്കണം. അതു ഭാവിയിൽ റിപ്പോർട്ടുകളയയ്ക്കുന്നതിൽ അവർക്കു മാഗ്ഗനിർദ്ദേശമാകും.

ന്യൂസ്എഡിററന്മാരും ഏജൻസി ഡിപ്പാർട്ടുമെൻറും തമ്മിൽ അടുത്ത ബന്ധം പുലത്തണം. വില്പന വികസിപ്പിക്കുന്നതിൽ തല്പരരായ ഏജൻറന്മാക്കു് എപ്പോഴും ഏജൻസിവകുപ്പുമായിട്ടാണു് ഉററസമ്പക്കം. വായനക്കാരുടെ പ്രതികരണങ്ങളും, വാത്തകളുട്ടെ പ്രത്യാഘാതങ്ങളും ഏജൻറന്മാർവഴി ഏജൻസി ഡിപ്പാർട്ടുമെൻറിനു് കിട്ടിക്കൊണ്ടിരിക്കും. ഇതു് ന്യൂസ്എഡിററും മനസ്സിലാക്കേണ്ട കാര്യമാണു്.

**KOTTAYAM PUBLIC LIBRARY**

KOTTAYAM.

Cl. No. M070 ........ Acc. No. 33507

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 20 FEB 1986 | | |
| 18 JAN 1994 | | |
| 8 APR 1994 | | |
| 10 JUN 1994 | | |
| 9 AUG 1994 | | |
| 6 MAY 1999 | | |
| 24 NOV 1999 | | |
| 26 AUG 2006 | | |
| 23 MAR 2007 | | |

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

M070 33507

ഗോദവർമ്മ, ഇ. എൻ

പ്രാദേശിക പത്രലേഖകന്മാർക്ക്

ഒരു ഗൈഡ്.